# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)

SUCI [C]

സംസ്ഥാന കമ്മിറ്റി മുഖപത്രം

2019 നവംബർ വാല്യം 46 ലക്കം 8 *ചീഫ് എഡിറ്റർ : വി.വേണുഗോപാൽ* പേജ് 16 വില 5.00 രൂപ




മഹത്തായ നവംബർ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ 102–ാം വാർഷികം

സമുചിതം ആചരിക്കുക

"അധികാരം പിടിച്ചെടുക്കാനുള്ള പോരാട്ടത്തിൽ തൊഴിലാളി വർഗത്തിന് സംഘടനയല്ലാതെ മറ്റൊരു ആയുധവുമില്ല. അരാജകത്വപരമായ മത്സരം അരങ്ങ് വാഴുന്ന ബൂർഷ്വാലോകം താറുമാറാക്കിയ, മൂലധന ശക്തികൾക്കുവേണ്ടിയുള്ള നിർബന്ധിത അദ്ധ്വാനം നിലംപരിശാക്കിയ, അനാഥത്വത്തിന്റെയും അപരിഷ്കൃതത്വത്തിന്റെയും അധഃപതനത്തിന്റെയും ആഴങ്ങളിലേയ്ക്ക് നിരന്തരം അമർച്ചചെയ്യപ്പെട്ട തൊഴിലാളി വർഗത്തിന് ഒരു അജയ്യശക്തിയാകാൻ കഴിയും, അനിവാര്യമായും അത് സംഭവിക്കും. മാർക്സിസ്റ്റ് തത്വങ്ങളുടെ അടിസ്ഥാനത്തിൽ കൈവരിക്കുന്ന പ്രത്യയശാസ്ത്രപരമായ ഏകീകരണത്തിലൂടെ, സംഘടനാപരമായ ഐക്യം ഊട്ടിയുറപ്പിച്ചുകൊണ്ട് ആർജിക്കുന്ന ഭൗതിക ശക്തിയിലൂടെ മാത്രമേ അത് സാദ്ധ്യമാകൂ. അദ്ധ്വാനിച്ച് ജീവിക്കുന്ന ദശലക്ഷക്കണക്കിനാളുകളെ ഒരു തൊഴിലാളിവർഗ സേനയിലേയ്ക്ക് അത് വിളക്കിച്ചേർക്കും."

**ലെനിൻ** | ഒരടി മുന്നോട്ട്, രണ്ടടി പിന്നോട്ട് എന്ന കൃതിയിൽനിന്ന്

# സംശുദ്ധ ഭരണത്തിന്റെ മറയിൽ അരങ്ങുതകർക്കുന്ന ബിജെപിയുടെ അഴിമതി വാഴ്ച

**അധികാരത്തിലെത്തുന്നതിനുമുമ്പ് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞിരുന്നത്, തന്റെ സർക്കാർ അഴിമതി നടത്തില്ല, നടത്താൻ മറ്റുള്ളവരെ അനുവദിക്കുകയുമില്ല എന്നായിരുന്നു. പക്ഷേ, അദ്ദേഹവും അദ്ദേഹത്തിന്റെ പാർട്ടി പ്രസിഡന്റ് കൂടിയായ കേന്ദ്ര ആഭ്യന്തരമന്ത്രിയും, ഇന്ത്യക്ക് ഒരു അഴിമതിമുക്ത ഭരണം നൽകിയതിനെക്കുറിച്ച് ആവേശോജ്ജ്വല പ്രസംഗങ്ങൾ നടത്തി മുന്നോട്ടു പോകുമ്പോഴും, വസ്തുതകൾ പറയുന്നത് മറ്റൊന്നാണ്.**

ബിജെപി ഭരണത്തിനു കീഴിൽ എന്താണ് ഈ രാജ്യത്ത് നിലവിലെ അവസ്ഥ? അധ്വാനിക്കുന്ന ജനലക്ഷങ്ങളുടെ സാമ്പത്തികജീവിതം സമ്പൂർണമായി തകർത്തിരിക്കുന്നു; ജനാധിപത്യ–പൗര അവകാശങ്ങൾ ചവിട്ടിയരക്കപ്പെടുന്നു. ഇതിനു പുറമേ വ്യാപകമായ അഴിമതിയും, ഭരണസംവിധാനം തന്നെ പങ്കാളിയായ കുറ്റകൃത്യങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവും ദൃശ്യമാണ്. നീതിയുടെ സമ്പൂർണമായ തമസ്കരണവും, വർഗീയ–ജാതി–മൗലികവാദഭ്രാന്തും ധ്രുവീകരണവും അങ്ങനെ എല്ലാ തിന്മകളും രൂക്ഷമാക്കി വളർത്തിയെടുക്കുന്നു. ഈ യാഥാർത്ഥ്യത്തെ തുറന്നു കാട്ടുന്ന തരത്തിൽ, കഴിഞ്ഞ കുറച്ചു വർഷങ്ങളായി നടക്കുന്ന സംഭവങ്ങളെല്ലാം പരാമർശിക്കുവാൻ ഒരു ലേഖനം മതിയാകില്ല. ഓരോരോ പ്രശ്നങ്ങളായി നമുക്കു പരിശോധിക്കേണ്ടിവരും. ഈ ലേഖനത്തിൽ നമുക്ക് അഴിമതിയുടെ പ്രശ്നം മാത്രം പരിശോധിക്കാം. അടുത്തിടെ സിഎൻഎൻ നടത്തിയ ഒരു സർവേ പ്രകാരം ലോകത്തെ ഏറ്റവും അഴിമതി നിറഞ്ഞ രാഷ്ട്രീയപാർട്ടികളിൽ നാലാം സ്ഥാനത്താണ് ബിജെപി. ഇത് തെളിയിക്കുവാനും, പ്രധാനമന്ത്രിയേയും അദ്ദേഹത്തിന്റെ സർക്കാരിനേയും കേന്ദ്രമാക്കി ബിജെപി നിർമിച്ചെടുത്ത അഴിമതിവിരുദ്ധതയുടെ പ്രഭാവലയം വെറും തട്ടിപ്പാണെന്ന് കാണിക്കുവാനും, ചില സംഭവങ്ങൾ മാത്രം മതിയാകും.

**ബിജെപി ഭരണത്തിലെ അഴിമതിയുടേയും കടുത്ത ക്രമക്കേടുകളുടേയും ചില ഉദാഹരണങ്ങൾ**

2005 മുതൽ 2014 വരെയുള്ള കോൺഗ്രസ് ഭരണം വമ്പൻ അഴിമതികളുടെ ഘോഷയാത്രയായിരിന്നുവെന്നതും ഇവിടെ നമ്മൾ ഓർക്കേണ്ടതുണ്ട്. അതുകൊണ്ടാണ് അവരുടെ വിശ്വാസ്യതയ്ക്ക് ഇടിവു തട്ടിയത്. അതാണ്, ബിജെപിയുടെ കുതിപ്പിന് ആവശ്യമായ ഇന്ധനം പകർന്നതും. ഇതുപയോഗിച്ച്, വെട്ടിപ്പും കൈക്കൂലിയും കൊള്ളയും, തട്ടിപ്പുകാരുമായുള്ള ചങ്ങാത്തവുമടക്കമുള്ള എല്ലാ ദുർനടപ്പുകളിൽ നിന്നും രാഷ്ട്രീയത്തെ ശുദ്ധീകരിക്കുവാൻ, ജനിതകമായി തന്നെ നിയോഗിക്കപ്പെട്ടവർ എന്ന് നടിച്ച്, ബിജെപി തങ്ങളുടെ അഴിമതിവിരുദ്ധ പ്രതിച്ഛായയെ പരമാവധി വളർത്തി. കുത്തകകൾ നിയന്ത്രിക്കുന്ന മാധ്യമങ്ങളും, ചില ഭരണകേന്ദ്രങ്ങളും നൽകിയ പിന്തുണയോടെയുള്ള, ഉച്ചസ്ഥായിയിലുള്ള ഈ പ്രചരണത്തിൽ വിശ്വസിച്ച ജനങ്ങൾ അവരെ അധികാരത്തിലെത്തിച്ചു. എന്നാൽ കുറഞ്ഞ സമയം കൊണ്ടുതന്നെ, ഈ പ്രചാരണങ്ങളിലെ പൊള്ളത്തരം ജനം കണ്ടു. വാസ്തവത്തിൽ ബിജെപിയുടേയും അവരുടെ കാവിപ്പടയുടേയും നേതാക്കളും മന്ത്രിമാരും പല സംസ്ഥാനങ്ങളിലും അഴിമതിക്കേസുകളിൽ ഉൾപ്പെട്ടിരി

*(ശേഷം 6–ാം പേജിൽ)*

# ഭാരത് പെട്രോളിയം കോർപ്പറേഷൻ (ബിപിസിഎൽ) വിൽപ്പനയെ ചെറുക്കുക




**ബിപിസിഎൽ സമരത്തിന് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് എസ്‌യുസിഐ(സി)യും എഐയുടിയുസിയും കൊച്ചി റിഫൈനറിയിലേക്ക് നടത്തിയ പ്രതിഷേധ മാർച്ച്**

ഇന്ത്യയിലെ പ്രമുഖ പൊതുമേഖലാ സ്ഥാപനവും മഹാരത്ന കമ്പനികളിലൊന്നുമായ ഭാരത് പെട്രോളിയം കോർപ്പറേഷൻ(ബിപിസിഎൽ) വിദേശ–സ്വദേശ മുതലാളിമാർക്ക് വിൽക്കാനുള്ള നടപടികളുമായി മുന്നോട്ടു പോവുകയാണ് നരേന്ദ്രമോദിയുടെ കേന്ദ്ര ബിജെപി സർക്കാർ. പെട്രോളിയം വിപണന ശൃംഖലയുടെ 25% സ്വന്തമായുള്ള ഭാരത് പെട്രോളിയം കോർപ്പറേഷന്, കൊച്ചി റിഫൈനറി അടക്കം രാജ്യത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ 38.8 ദശലക്ഷം ക്രൂഡോയിൽ ശുദ്ധീകരണ ശേഷിയുള്ള 4 റിഫൈനറികളുണ്ട്. രാജ്യത്തിന്റെ സമ്പദ്ഘടനയെ ചലിപ്പിക്കുന്നതിൽ നിർണ്ണായക സ്ഥാനമുള്ള ഈ സ്ഥാപനം 2018–19 ൽ 3.4 ലക്ഷം കോടി രൂപയുടെ ഉൽപ്പന്നങ്ങളാണ് വിറ്റഴിച്ചത്. ആറായിരത്തിൽപരം ഏക്കർ ഭൂമിയും, 14802 പെട്രോൾ പമ്പുകളും, 5907 എൽപിജി വിതരണ കേന്ദ്രങ്ങളും, 52 എൽപിജി ബോട്ടിലിംഗ് പ്ലാന്റുകളും, 11 സബ്സിഡിയറി കമ്പനികളും, 23 സംയുക്ത സംരംഭങ്ങളും, 7.8 ദശലക്ഷം എൽപിജി ഉപഭോക്താക്കളുമുള്ള ഈ സ്ഥാപനത്തിന്റെ കണക്കാക്കപ്പെടുന്ന ആസ്തി 8 ലക്ഷം കോടിയിലധികം രൂപയാണ്.

2018–19 ൽ ഈ സ്ഥാപനം സർക്കാരിലേക്ക് അടച്ച നികുതി മാത്രം 95035 കോടി രൂപയാണ്. കമ്പനിയുടെ ഈ വർഷത്തെ ലാഭം 7132 കോടി രൂപയാണ്. കരുതൽ ധനമായിമാത്രം 34,470 കോടി രൂപ കമ്പനിവശമുണ്ട്. കൊച്ചിയിൽ അടക്കം 48182 കോടി രൂപയുടെ പുതിയ വികസനപ്രവർത്തനങ്ങളാണ് ബിപിസിഎൽ നടത്തിക്കൊണ്ടിരിക്കുന്നത്. ഇത്രയും വലിയ ആസ്തിയുള്ള ഈ സ്ഥാപനത്തെ വെറും 55400 കോടിയോളം രൂപക്കാണ് മുതലാളിമാർക്ക് വിൽക്കുവാൻ പോകുന്നത്. രാജ്യം കണ്ടിട്ടുള്ളതിൽവെച്ച് ഏറ്റവും വലിയ പൊതുമുതൽ കൊള്ള

*(ശേഷം 2–ാം പേജിൽ)*

# സാമ്പത്തിക പ്രതിസന്ധിയെന്ന കപടന്യായം പറഞ്ഞ് നാടിന്റെ സമ്പത്ത് കുത്തകകൾക്ക് തീറെഴുതുന്നു

(1-ാം പേജിൽ നിന്ന്)

യായിരിക്കുമിത്.

സ്വകാര്യ കുത്തക ഭീമന്മാർ രാജ്യത്തിന്റെ പെട്രോളിയം വിപണന രംഗത്തേക്ക്കൂടി കടന്നുവന്നാൽ ഐഒസി, ഒഎൻജിസി, എച്ച്പിസിഎൽ തുടങ്ങിയ പെട്രോളിയം കമ്പനികളെയും അത് പ്രതിസന്ധിയിലാക്കും. ജിയോ മൊബൈൽ ബിഎസ്എൻഎല്ലിനെ തകർത്തതുപോലെ രാജ്യത്തിന്റെ അടിസ്ഥാന വ്യവസായമായ പെട്രോളിയം മേഖല പൂർണ്ണമായും സ്വകാര്യ കുത്തക മുതലാളിമാരുടെ കൈപ്പിടിയിൽ അമരും. ഇത് പെട്രോളിയം ഉൽപ്പന്നങ്ങളുടെ മാത്രമല്ല, എല്ലാ നിത്യോപയോഗ സാധനങ്ങളുടെയും വില അതിഭീകരമായി വർദ്ധിപ്പിക്കും. തൊഴിൽമേഖല കടുത്ത ചൂഷണത്തിന് വിധേയമാകും. സംവരണതത്വങ്ങൾ അട്ടിമറിക്കപ്പെടുകയും സാമൂഹ്യ നീതി നിഷേധിക്കപ്പെടുകയും ചെയ്യും. രാജ്യത്തിന്റെ സമ്പദ്ഘടനയെതന്നെ ഇത് ഗുരുതരമായി ബാധിക്കും. സമീപ പ്രദേശങ്ങളുടെ വികസനത്തിനായി ലാഭവിഹിതത്തിൽനിന്ന് മാറ്റിവയ്ക്കുന്ന സാമൂഹിക പ്രതിബദ്ധതാ ഫണ്ട് (CSR Fund) പോലും ജനങ്ങളുടെ ന്യായമായ ആവശ്യങ്ങൾക്ക് ലഭിക്കാത്ത സാഹചര്യം സ്വകാര്യവൽക്കരണത്തോടെ ഉണ്ടാകും.



ആലപ്പുഴ ടൗണിൽ നടന്ന പ്രതിഷേധ യോഗം

രാജ്യത്തിന്റെ പൊതുമേഖലയുടെയും സമ്പദ്വ്യവസ്ഥയുടെ തന്നെയും നെടുംതൂണുകളായ റെയിൽവെ, ബിഎസ്എൻഎൽ, എംടിഎൻഎൽ, പ്രതിരോധ ഉല്പാദനം, ബാങ്ക്, ഇൻഷൂറൻസ്, പോർട്ട്, കൽക്കരി, സ്റ്റീൽ, ഊർജ്ജം, എയർ ഇന്ത്യ തുടങ്ങിയവയെല്ലാം കോർപ്പറേറ്റുകളുടെ കൈകളിലെത്തിക്കുവാനുള്ള തീവ്രശ്രമത്തിലാണ് ബിജെപി സർക്കാർ. ഒപ്പം, തൊഴിൽ തീർത്തും അസ്ഥിരമാക്കിയും, ചോരയും ജീവനും നൽകി തൊഴിലാളിവർഗ്ഗം സ്ഥാപിച്ചെടുത്ത തൊഴിൽ നിയമങ്ങളും തൊഴിലവകാശങ്ങളും തികഞ്ഞ ലാഘവത്തോടെ എടുത്തുകളഞ്ഞും പൊളിച്ചടുക്കുകയാണ് മോദി സർക്കാർ.

കൊച്ചി റിഫൈനറിയുടെ രണ്ടായിരം ഏക്കറിനടുത്ത് സ്ഥലവും മുംബൈയിലെ 800 ഏക്കറും, മദ്ധ്യപ്രദേശ്, അസ്സം എന്നിവിടങ്ങളിലുള്ള റിഫൈനറികളുടെ ഏക്കറുകണക്കിന് ഭൂമിയും പ്ലാന്റുകളും മാർക്കറ്റിംഗ് ഓഫീസുകളും റീട്ടെയിൽ ഔട്ട്ലെറ്റുകളും ഉൾപ്പടെ ലക്ഷക്കണക്കിന് കോടി രൂപയുടെ സ്വത്താണ് ബിപിസിഎല്ലിന്റേതായിട്ടുള്ളത്. ഇതിനുപുറമെ കഴിഞ്ഞ കാലഘട്ടത്തിലെ പ്രവർത്തന ലാഭത്തിൽ നിന്നും മാറ്റി വക്കപ്പെട്ട കരുതൽ ധനം മാത്രം 34,470 കോടി രൂപയുണ്ട്. വിലമതിക്കാൻ കഴിയാത്തത്ര ആസ്തിയുള്ള ഈ സ്ഥാപനത്തെയാണ് നിസ്സാരവിലക്ക് കോർപ്പറേറ്റുകൾക്ക് കൈമാറുന്നത്. തൊഴിലില്ലായ്മ അതീവരൂക്ഷമായി നിലനിൽക്കുന്ന നമ്മുടെ രാജ്യത്ത്, ബിപിസിഎല്ലിലെ സ്ഥിരം ജീവനക്കാരും കരാർ ജീവനക്കാരും വിതരണ-വിപണന ശൃംഖലയുമായി ബന്ധപ്പെട്ട് ലക്ഷക്കണക്കിന് ജനങ്ങളുമാണ് ഈ സ്ഥാപനത്തെ ആശ്രയിച്ച് തൊഴിലെടുക്കുന്നത്. വിഷയത്തെക്കുറിച്ച് ചില വസ്തുതകൾ പരിശോധിക്കേണ്ടതുണ്ട്.

### പെട്രോളിയം മേഖലയുടെ വളർച്ചയും വികാസവും

സ്വാതന്ത്ര്യലബ്ധിയെത്തുടർന്ന് ഭാരതത്തിന്റെ വികസനത്തിന് മൂലധനവും നൂതന ശാസ്ത്ര-സാങ്കേതിക വിദ്യകളും അനിവാര്യമായിരുന്നു. രാജ്യത്തിന്റെ ഊർജ്ജാവശ്യങ്ങൾക്കായി 1952ൽ ‘ബർമ ഓയിൽ റിഫൈനറീസ് ലിമിറ്റഡ്’ എന്ന പേരിൽ സ്വകാര്യ മേഖലയിലാണ് ഒരു റിഫൈനറി സ്ഥാപിതമാകുന്നത്. എന്നാൽ 1971ലെ ഇന്ത്യാ-പാക് യുദ്ധസമയത്ത്, യുദ്ധാവശ്യങ്ങൾക്കായുള്ള വിമാന ഇന്ധനം കൂടുതലായി ഉൽപ്പാദിപ്പിക്കാൻ സ്വകാര്യ കമ്പനികൾ തയ്യാറാകാത്ത സാഹചര്യത്തിലാണ് 1974ൽ ഓയിൽ കമ്പനികളെ ദേശസാൽക്കരിച്ചത്.

രാജ്യത്തിന്റെ വ്യാവസായിക വികസനത്തിന് നിർണ്ണായകമായ പങ്കാണ് പൊതുമേഖലാ പെട്രോളിയം കമ്പനികൾ നിർവ്വഹിച്ചത്. ജനങ്ങളുടെ നികുതിപ്പണം ഉപയോഗിച്ച് രാജ്യത്തുടനീളം പെട്രോളിയം ഉൽപന്നങ്ങളുടെ വിപണന-വിതരണ ശൃംഖല കെട്ടിപ്പടുത്തത് പൊതുമേഖലാ പെട്രോളിയം കമ്പനികളായിരുന്നു. IOC, ONGC, H-PCL, BPCL തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളാണ് ഭാരതത്തിലെ പെട്രോളിയം ഖനനം, സംസ്കരണം, വിതരണം എന്നീ ആവശ്യങ്ങൾ നിറവേറ്റിയിരുന്നത്. 1990കളിൽ രാജ്യത്ത് നടപ്പിലാക്കിയ ആഗോളവൽക്കരണ-ഉദാരവൽക്കരണ-സ്വകാര്യവൽക്കരണ നയങ്ങളാണ് ഈ മേഖലയിൽ റിലയൻസിനെപ്പോലുള്ള സ്വകാര്യ കുത്തക കമ്പനികളുടെ കടന്നുവരവിനിടയാക്കിയത്. ഈ മേഖലയിൽ കാര്യമായി മുതൽ മുടക്കുവാനോ വിതരണ-വിപണന ശൃംഖല കെട്ടിപ്പടുക്കുവാനോ റിലയൻസിനെപ്പോലുള്ള സ്വകാര്യ കമ്പനികൾ തയ്യാറാകാത്ത സാഹചര്യമായിരുന്നു. എന്നാൽ ബിപിസിഎല്ലിന്റെ സ്വകാര്യവൽക്കരണത്തിലൂടെ ഈ രംഗത്ത് കടന്നു വരുവാനും ആധിപത്യം സ്ഥാപിക്കാനും കോർപ്പറേറ്റുകൾക്ക് കഴിയും എന്നതാണ് അപകടകരമായ സാഹചര്യം.



ട്രേഡ് യൂണിയൻ സംയുക്ത സമിതിയുടെ നേതൃത്വത്തിൽ തൃപ്പൂണിത്തുറയിൽ നടന്ന സമരപ്രഖ്യാപന കൺവൻഷനിൽ എഐയുടിയുസി സംസ്ഥാന സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ പ്രസംഗിക്കുന്നു

### ബിപിസിഎൽ സ്വകാര്യവൽക്കരണത്തിന്റെ മുന്നൊരുക്കങ്ങൾ ഇങ്ങനെ

ബിപിസിഎല്ലിന്റെ സ്വകാര്യവൽക്കരണത്തിനുവേണ്ടിയുള്ള നടപടികൾ ആരംഭിക്കുന്നത് 2003ൽ വാജ്പേയ് സർക്കാരിന്റെ കാലത്താണ്. സ്വകാര്യവൽക്കരണത്തിനെതിരെ അന്ന് സുപ്രീംകോടതിയിൽ സമർപ്പിച്ച ഒരു പൊതുതാൽപ്പര്യ ഹർജിയിലുണ്ടായ വിധിപ്രകാരം, പാർലമെന്റിലൂടെ ദേശസാൽക്കരിച്ച സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കണമെങ്കിൽ പാർലമെന്റിന്റെ അനുമതി അനിവാര്യമാണെന്നുവന്നു. ഇതിനെ മറികടക്കാനായി 2016ൽ പാർലമെന്റിൽ പാസാക്കപ്പെട്ട ‘The Repealing and Amendment Act 2016’ നിലവിൽ വന്നതോടെ അന്നേ വരെ രാജ്യത്ത് നിലനിന്നിരുന്ന 187 നിയമങ്ങൾ റദ്ദാക്കപ്പെട്ടു. ബിപിസിഎല്ലിനെ ദേശസാൽക്കരിക്കാനായി പാസ്സാക്കിയ 1976ലെ ‘ബർമാഷെൽ അക്വിസിഷൻ ആക്ടും’ റദ്ദാക്കപ്പെട്ട നിയമങ്ങളിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിലൂടെ ബിപിസിഎൽ സ്വകാര്യവൽക്കരണത്തിന് പാർലമെന്റിന്റെ അനുമതി വേണമെന്ന സുപ്രീംകോടതിവിധിയെ സൂത്രത്തിൽ മറികടക്കുകയാണ് ഗവൺമെന്റ് ചെയ്തത്. ഈ വിഷയം ചർച്ച ചെയ്യാതെ ജനങ്ങളിൽ നിന്നും മറച്ചു വച്ചുള്ള ഗൂഢാലോചനയായിരുന്നു ഇത്.

### ബിപിസിഎൽ വിൽക്കാൻ കാരണം സാമ്പത്തിക പ്രതിസന്ധിയല്ല

ഗവൺമെന്റിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാനാണ് ബിപിസിഎൽ വിൽക്കുന്നതെന്ന വാദം യാഥാർത്ഥ്യമല്ല. രാജ്യത്തെ സാമ്പത്തിക പ്രതിസന്ധി സമീപകാലത്ത് രൂക്ഷമാക്കിയത് ജിഎസ്ടിയുടെ നടപ്പാക്കൽ, നോട്ടു നിരോധനം, കോർപ്പറേറ്റ് കമ്പനികൾക്ക് നൽകുന്ന വൻനികുതിയിളവുകൾ തുടങ്ങിയവ മൂലമാണ്. തെറ്റായ സാമ്പത്തികനയങ്ങൾ തിരുത്തുകയും ജനങ്ങളുടെ വാങ്ങൽശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതിനു പകരം രാജ്യത്തിന്റെ ഖജനാവിലേക്ക് പ്രതിവർഷം കോടിക്കണക്കിനു രൂപ നൽകുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റു തുലക്കുകയാണ് മോദി സർക്കാർ.

സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ, വൻ മുതൽമുടക്ക് അനിവാര്യമായതും ഉടനടി ലാഭം

(ശേഷം 3-ാം പേജിൽ)

## എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കേന്ദ്രകമ്മിറ്റിയുടെ പ്രസ്താവന

പ്രവർത്തനമികവിന്റെയും ലാഭത്തിന്റെയുമടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റ് മഹാരത്ന കമ്പനിയെന്ന് റേറ്റ് ചെയ്തിട്ടുള്ള കേന്ദ്രപൊതുമേഖലാ സ്ഥാപനമായ ബിപിസിഎൽ സ്വകാര്യ വൽക്കരിക്കാൻ മോദി ഗവണ്മെന്റ് തീരുമാനിച്ചിരിക്കുന്നു. രാജ്യത്തെ പെട്രോളിയം ഉല്പന്നങ്ങളുടെ 25 ശതമാനവും ഈ കമ്പനിയാണ് ഉല്പാദിപ്പിക്കുന്നത്. നാല് റിഫൈനറികളും പ്രധാന സ്ഥലങ്ങളിലായി 6,000 ഏക്കർ ഭൂമിയും 14,802 പെട്രോൾ പമ്പുകളും 5,907 പാചകവാതക വിതരണ കേന്ദ്രങ്ങളും 11 അനുബന്ധ കമ്പനികളും ബിപിസിഎല്ലിനുണ്ട്. 8 ലക്ഷം കോടിയിലേറെ രൂപയുടെ ആസ്തിയുള്ള ഈ കമ്പനി 56,000 കോടി രൂപയെന്ന തുച്ഛമായ വിലയ്ക്കാണ് സ്വദേശത്തോ വിദേശത്തോ ഉള്ള കുത്തകകൾക്ക് വില്ക്കാൻ പോകുന്നത്. ഒരു ലക്ഷത്തിലേറെ ആളുകൾ ഉപജീവനത്തിനായി ഈ കമ്പനിയെ ആശ്രയിക്കുന്നുണ്ട്. പെട്രോളിയം വ്യാപാരം കുത്തകകളുടെ കൈയിലായാൽ പെട്രോളിയം ഉല്പന്നങ്ങളുടെ വില മാത്രമല്ല അവശ്യസാധന വിലകളും കുതിച്ചുയരും.

രാജ്യത്തെ ജനങ്ങൾ കഠിനാദ്ധ്വാനത്തിലൂടെ ആർജ്ജിച്ചെടുത്ത സമ്പത്ത് പട്ടാപ്പകൽ കൊള്ളയടിക്കാനുള്ള മോദി ഗവണ്മെന്റിന്റെ ഈ നീക്കം ജനഹിതത്തിന് തീർത്തും എതിരായിട്ടുള്ളതാണ്. അതുകൊണ്ട് ഇതിൽനിന്ന് പിന്തിരിയണമെന്ന് ഞങ്ങൾ കേന്ദ്രഗവണ്മെന്റിനോട് ആവശ്യപ്പെടുന്നു. ഈ പൊതുമേഖലാ സ്ഥാപനത്തെ സ്വകാര്യവല്കരിക്കാനുള്ള നീക്കത്തിൽനിന്ന് പിന്തിരിയാൻ സർക്കാരിനെ നിർബന്ധിതമാക്കുന്ന തരത്തിൽ അതിശക്തമായ ജനകീയ പ്രക്ഷോഭം പടുത്തുയർത്താനായി മുന്നോട്ടുവരാൻ നേരായി ചിന്തിക്കുന്ന ഏവരോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

BPCL വിൽക്കരുത്

# സ്വകാര്യവൽക്കരണം വിലക്കയറ്റവും തൊഴിലില്ലായ്മയും രൂക്ഷമാക്കും

(2-ാം പേജിൽ നിന്ന്)

കൊയ്യാൻ കഴിയാത്തതുമായ അടിസ്ഥാന വ്യവസായ മേഖലകളിൽ മുതൽ മുടക്കാൻ ഇന്ത്യൻ വ്യവസായികൾ തയ്യാറായില്ല. എന്നാൽ വൻ മുതൽമുടക്ക് അനിവാര്യമായ വ്യവസായങ്ങൾ – റെയിൽവെ, ടെലികോം, വൈദ്യുതി, കൽക്കരി, ഇരുമ്പുരുക്ക്, പെട്രോളിയം, ആയുധ നിർമ്മാണം തുടങ്ങിയ മേഖലകൾ ജനങ്ങളുടെ നികുതിപ്പണം എടുത്ത് ഗവൺമെന്റ് വികസിപ്പിച്ചു. ഇവയിൽ നിന്നെല്ലാം ഇന്ന് നല്ല വരുമാനം ഗവൺമെന്റിനു ലഭിച്ചുകൊണ്ടിരിക്കുകയുമാണ്. ലാഭമുള്ളതു തന്നെ ചുളുവിലക്കു വിൽക്കുക എന്നതാണ് ഇപ്പോഴത്തെ നയം.

**സ്വകാര്യവൽക്കരണത്തിന്റെ പ്രത്യാഘാതങ്ങൾ**

ബിപിസിഎല്ലിന്റെ കണക്കിലെ ആസ്തി 1,36,930 കോടി രൂപയാണെങ്കിലും യഥാർത്ഥ സമ്പത്ത് ഇതിന്റെ എത്രയോ ഇരട്ടിയാണ്. മുംബെ റിഫൈനറി സ്ഥിതി ചെയ്യുന്ന 850 ഏക്കർ സ്ഥലത്തിന്റെ മാർക്കറ്റ് വില തന്നെ ഏകദേശം എൺപതിനായിരം കോടി രൂപയ്ക്ക് മുകളിലാണ്. ഇതു കൂടാതെ കൊച്ചി റിഫൈനറിയുടെ രണ്ടായിരം ഏക്കറിനടുത്ത് സ്ഥലം, ന്യൂമാലിഗർ, ബിനാ റിഫൈനറികൾ, പതിനൊന്ന് സബ്സിഡിയറി കമ്പനികൾ, 22 അസോസിയേറ്റഡ് കമ്പനികൾ തുടങ്ങിയവ ഉൾപ്പെടെയുള്ള 8,00,000 കോടിയുടെ സ്വത്താണ് ചുളുവിലക്ക് കൈമാറുന്നത്. ബിപിസിഎൽ കേന്ദ്രഗവൺമെന്റിന്റെ കൈവശമുള്ള 53.29% ഷെയറിന്റെ മാർക്കറ്റ് വിലക്കാണ് കമ്പനിയെ വിൽപ്പനക്ക് വച്ചിരിക്കുന്നത്. ഇത് ഏതാണ്ട് 60,000 ത്തോളം കോടി രൂപയിൽ താഴെ മാത്രമാണ്. രാജ്യം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും വലിയ പകൽകൊള്ളയാണ് ബിപിസിഎല്ലിന്റെ വിൽപനയിലൂടെ ഭരണാധികാരികൾ നടത്തുന്നത്. ഇത് 2ജി സ്പെക്ട്രം അഴിമതിയെ കടത്തി വെട്ടും.

**പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില അനിയന്ത്രിതമായി കുതിച്ചുയരും**

ക്രൂഡോയിൽ സംസ്കരണ മേഖലയിലേക്ക് സ്വകാര്യ കോർപ്പറേറ്റുകളുടെ വരവോടെ, പെട്രോളിനും ഡീസലിനും പാചകവാതകത്തിനുമുള്ള സബ്സിഡികൾ സർക്കാർ വെട്ടിച്ചുരുക്കുകയോ ഇല്ലാതാക്കുകയോ ചെയ്തു. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലനിയന്ത്രണത്തിനായി 1976 നടപ്പാക്കിയ 'അഡ്മിനിസ്ട്രേറ്റീവ് പ്രൈസിങ് മെക്കാനിസം' 2006ൽ ഇല്ലാതാക്കിയതോടെ വിലവർദ്ധനവ് രൂക്ഷമായി. ഈ മേഖലയിലെ വിപണന ശൃംഖലകൾ കൂടി കോർപ്പറേറ്റുകൾ പിടിച്ചടക്കിയാൽ അനിയന്ത്രിതമായ വിലക്കയറ്റമായിരിക്കും സമസ്ത മേഖലയിലും ഉണ്ടാകുവാൻ പോകുന്നത്.

**ബിപിസിഎൽന്റെ തകർച്ച, ഓയിൽ സെക്ടറിലെ മറ്റു പൊതുമേഖലാ സ്ഥാപനങ്ങളെ പ്രതിസന്ധിയിലാക്കും**

ബിപിസിഎല്ലിന്റെ സ്വകാര്യവൽക്കരണത്തോടെ പെട്രോളിയം മാർക്കറ്റിന്റെ 25% മാണ് കോർപ്പറേറ്റുകളുടെ നിയന്ത്രണത്തിലാവുന്നത്. റിയലൻസ് ജിയോയുടെ കടന്നുവരവും മാർക്കറ്റിംഗ് തന്ത്രങ്ങളും ഗവൺമെന്റിന്റെ നയങ്ങളും 1.75 ലക്ഷം ജീവനക്കാരുള്ള ബിഎസ്എൻഎല്ലിനെ പ്രതിസന്ധിയിലാക്കി. ജിയോ സ്വീകരിച്ച തന്ത്രങ്ങൾ പെട്രോളിയം മേഖലയിലും ഫലപ്രദമായി പ്രയോഗിച്ചുകൊണ്ട് ചുരുങ്ങിയ സമയത്തിനുള്ളിൽ HPCL, ONGC, IOC തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളെയും പ്രതിസന്ധിയിലാക്കി പെട്രോളിയം മേഖല മുഴുവൻ വരുതിയിലാക്കാൻ കോർപ്പറേറ്റുകൾക്ക് കഴിയും.

**സ്വകാര്യവൽക്കരണം തൊഴിലില്ലായ്മ രൂക്ഷമാക്കും**

ബിപിസിഎല്ലിന്റെ ഓഹരികൾ വിൽക്കുന്നതോടെ കൊച്ചി, ന്യൂമാലിഗർ റിഫൈനറികളിൽ ഇപ്പോൾ നടന്നുവരുന്ന പുതിയ വികസനപ്രവർത്തനങ്ങൾ തടസ്സപ്പെടും. കൊച്ചിയിൽ വളർന്നുവരേണ്ട 'പെട്രോ കെമിക്കൽ പാർക്ക്' പോലുള്ള വ്യവസായ സംരംഭങ്ങളുടെ പ്രവർത്തനം മുന്നോട്ടു പോകുമോ എന്നതും ആശങ്കയിലാക്കിയിരിക്കുകയാണ്. കേരളത്തിലെ പ്രധാന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളായ FACT, HOC, HMT, HNL, IRE തുടങ്ങിയവയെല്ലാം സർക്കാരിന്റെ നയങ്ങൾ മൂലം പ്രതിസന്ധിയെ നേരിടുകയാണ്. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നില്ലെന്നു മാത്രമല്ല, ഉള്ള തൊഴിലുകൾ കൂടി വെട്ടിക്കുറയ്ക്കുകയാണ്. ചെറിയ തോതിലെങ്കിലും പുതിയ നിയമനങ്ങൾ നടക്കുന്നത് കൊച്ചി റിഫൈനറിയിലാണ്. സ്വകാര്യവൽക്കരണത്തോടെ നിലവിലുള്ള തൊഴിലവസരങ്ങൾ കൂടി ഇല്ലാതാകും.

**തൊഴിൽ മേഖലയിലെ ചൂഷണം രൂക്ഷമാകും**

ഇന്ത്യയിൽ നിലനിന്നിരുന്ന 44 തൊഴിൽ നിയമങ്ങളെ കോർപ്പറേറ്റുകൾക്ക് അനുകൂലമായ നാല് ലേബർ കോഡുകളാക്കി കേന്ദ്രഗവൺമെന്റ് ഭേദഗതി ചെയ്തിരിക്കുന്ന സാഹചര്യത്തിൽ, പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുന്നതോടെ നിലവിലുണ്ടായിരുന്ന പരിമിതമായ ട്രേഡ് യൂണിയൻ അവകാശങ്ങൾ പോലും കവർന്നെടുക്കപ്പെടും. തൊഴിൽ നിയമഭേദഗതികളെ ഉപയോഗപ്പെടുത്തി നടത്തുന്ന കടുത്ത തൊഴിൽ ചൂഷണമായിരിക്കും എല്ലാ വിഭാഗം ജീവനക്കാരും നേരിടേണ്ടി വരുക. 8 മണിക്കൂർ ജോലി, ജോലി സ്ഥിരത, ന്യായമായ വേതനം എന്നിവയെല്ലാം ഇല്ലാതാക്കുന്ന സാഹചര്യമാണ് ഇതിലൂടെ സൃഷ്ടിക്കപ്പെടുക. സംവരണ മാനദണ്ഡങ്ങൾ സ്വകാര്യവൽക്കരണം അപ്പാടെ അട്ടിമറിക്കും.

**ബിപിസിഎൽ പൊതുമേഖലയിൽ നിലനിർത്തേണ്ടത് സാമൂഹികമായ ആവശ്യകതയാണ്**

ബിപിസിഎൽ സ്വകാര്യവൽക്കരണത്തിന്റെ ഭവിഷ്യത്തുകൾ, സ്ഥാപനത്തിൽ പ്രത്യക്ഷമായും പരോക്ഷമായും ജോലി ചെയ്യുന്ന തൊഴിലാളികളേയോ ജീവനക്കാരേയോ മാത്രം ബാധിക്കുന്ന ഒന്നല്ല. രാജ്യത്തിന്റെ നിരവധി രംഗങ്ങളെ ഇത് പ്രതികൂലമായി ബാധിക്കും. തൊഴിലില്ലായ്മ രൂക്ഷമാക്കും, അനിയന്ത്രിതമായ വിലക്കയറ്റത്തിന് ഇടവരുത്തും. ലക്ഷക്കണക്കിന് കോടി രൂപയുടെ ആസ്തിയുള്ള ബിപിസിഎല്ലിനെ ചുളുവിലക്ക് കോർപ്പറേറ്റുകൾ തട്ടിയെടുക്കും. വിപണനമേഖലയിൽ കടന്നുകയറി കുതന്ത്രങ്ങൾ മെനഞ്ഞുകൊണ്ട് പൊതുമേഖല പെട്രോളിയം കമ്പനികളേയും അതിന്റെ വിപണനകേന്ദ്രങ്ങളേയും പ്രതിസന്ധിയിലെത്തിക്കും. അവയെ മുഴുവൻ കൈപ്പിടിയിലൊതുക്കും. രാജ്യത്തിന്റെ സമ്പദ്ഘടന തന്നെ ഒരു പിടി കോർപ്പറേറ്റ് മുതലാളിമാരാൽ നിയന്ത്രിക്കപ്പെടുന്ന സാഹചര്യമായിരിക്കും സൃഷ്ടിക്കുന്നത്.

**ബിപിസിഎൽ വിൽപ്പനക്ക് എതിരായ സമരത്തെ ജനകീയ പ്രക്ഷോഭമായി വളർത്തിയെടുക്കുക**

ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന ഒന്നായി ബിപിസിഎൽ സ്വകാര്യവൽക്കരണം മാറിയിരിക്കുകയാണ്. "ബിപിസിഎൽ എന്ന പെട്രോളിയം കമ്പനിയെ വിൽക്കരുത്; പൊതുമേഖലയിൽതന്നെ നിലനിർത്തുക'' എന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ട് ജീവനക്കാരും തൊഴിലാളികളും, വിവിധ ട്രേഡ് യൂണിയൻ വിഭാഗങ്ങളുടെ പിന്തുണയോടെ ആരംഭിച്ചിരിക്കുന്ന സമരപ്രവർത്തനങ്ങളെ പിന്തുണയ്ക്കുവാൻ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ഏവരോടും അഭ്യർത്ഥിക്കുന്നു.

*(വിവരങ്ങൾ ബിപിസിഎൽ സമരസമിതിയുടെ ലഘുലേഖയിൽനിന്ന്)*

**പെട്രോളിയം മേഖലയിൽ നവംബർ 28ന് ദേശവ്യാപക പണിമുടക്ക്**

ഭാരത് പെട്രോളിയം കോർപ്പറേഷൻ(ബിപിസിഎൽ) സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കത്തിനെതിരെ, നവംബർ 28ന് ദേശവ്യാപകമായി പെട്രോളിയം മേഖലയിലെ ജീവനക്കാരും തൊഴിലാളികളും പണിമുടക്കാൻ, ഒക്ടോബർ 26ന് മുംബൈയിൽ വച്ച് നടന്ന പൊതുമേഖലാ പെട്രോളിയം കമ്പനികളിലെ ട്രേഡ് യൂണിയനുകളുടെ അഖിലേന്ത്യാ കൺവെൻഷൻ ആഹ്വാനം ചെയ്തു.



കൊച്ചി റിഫൈനറിക്കുമുമ്പിൽ നടക്കുന്ന സത്യാഗ്രഹ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് കൊച്ചി റിഫൈനറി എംപ്ലോയീസ് അസോസിയേഷൻ വൈസ് പ്രസിഡന്റ് എൻ.ആർ.മോഹൻകുമാർ പ്രസംഗിക്കുന്നു




കൊല്ലത്ത് നടന്ന പ്രതിഷേധ ധർണ്ണയിൽ എഐയുടിയുസി ജില്ലാ പ്രസിഡന്റ് സഖാവ് എസ്.രാധാകൃഷ്ണൻ അദ്ധ്യക്ഷപ്രസംഗം നടത്തുന്നു




ആർസിഇപി കരാറിൽ ഇന്ത്യ ഒപ്പിടരുതെന്ന് ആവശ്യപ്പെട്ടുകൊണ്ട് കർഷക പ്രതിരോധ സമിതി തൊടുപുഴയിൽ സംഘടിപ്പിച്ച പ്രതിഷേധ പരിപാടി സമിതി സംസ്ഥാന സെക്രട്ടറി എൻ.വിനോദ്കുമാർ ഉദ്ഘാടനം ചെയ്യുന്നു

# കെഎസ്ഇബി കരാർ തൊഴിലാളികളുടെ സ്ഥിരനിയമനം

## സഖാവ് കെ.പി.കോസലരാമദാസ് നയിച്ച പോരാട്ടത്തിന്റെ ചരിത്രവിജയം

**കേ**രള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലെ പെറ്റി കോൺട്രാക്ടർമാരും കോൺട്രാക്ട് ലൈൻ വർക്കർമാരുമായ തൊഴിലാളികൾ പ്രമുഖ ട്രേഡ് യൂണിയൻ നേതാവ് സഖാവ് കെ.പി.കോസലരാമദാസിന്റെ നേതൃത്വത്തിൽ നിശ്ചയദാർഢ്യത്തോടെ മൂന്ന് പതിറ്റാണ്ടുകാലം നിരന്തരം നടത്തിയ പോരാട്ടത്തെത്തുടർന്ന് ഇപ്പോൾ 1486 കരാർ തൊഴിലാളികൾ കെഎസ്ഇബി ലിമിറ്റഡിൽ സ്ഥിരനിയമനം നേടിയിരിക്കുന്നു. ഈ സ്ഥിരപ്പെടുത്തൽ നിയമനം ചരിത്രപ്രാധാന്യമുള്ള ഒരു വിജയമാണ്. കേരളത്തിലെ തൊഴിലാളി വർഗ്ഗ സമരചരിത്രത്തിൽ ഇത്രയും കാലം നീണ്ടുനിൽക്കുകയും, ശക്തമായ പ്രക്ഷോഭണങ്ങളുടെ പരമ്പര സൃഷ്ടിക്കുകയും, അനന്തമായ കോടതിനടപടികളാൽ വലിച്ചിഴക്കപ്പെടുകയും, എല്ലാറ്റിനുമുപരി കടുത്ത സങ്കുചിത കക്ഷിരാഷ്ട്രീയ-യൂണിയൻ താല്പര്യങ്ങൾക്ക് ഇരയായി തീരുകയും ചെയ്ത മറ്റൊരു തൊഴിലാളിസമരവും ഉണ്ടാകാനിടയില്ല. അതുകൊണ്ടുതന്നെ, ഇപ്പോൾ സ്ഥിരംനിയമനം നേടുന്ന തൊഴിലാളികളും ഇനിയും നിയമനം നേടാനിരിക്കുന്ന അർഹതപ്പെട്ടവരും മാത്രമല്ല, തൊഴിലാളികളുടെ അവകാശങ്ങളിൽ താല്പര്യമുള്ള മുഴുവനാളുകളും ഈ സമരത്തിന്റെയും വിജയത്തിന്റെയും ചരിത്രം കൃത്യമായി മനസ്സിലാക്കേണ്ടതാണ്.

സ്ഥിരം നിയമനം ഉറപ്പായ ഈ സാഹചര്യത്തിൽ, വിജയത്തിന്റെ പിതൃത്വത്തിനും പങ്കിനും വേണ്ടി ബോർഡിലെ മിക്കവാറും എല്ലാ യൂണിയനുകളും രംഗത്തിറങ്ങിയിരിക്കുകയാണ്. സിഐടിയു, ഐഎൻടിയുസി, എഐടിയുസി, ബിഎംഎസ്, കെകെടിഎഫ് തുടങ്ങിയ സംഘടനകൾ സോഷ്യൽ മീഡിയയിലും അല്ലാതെയും തങ്ങൾ കരാർ തൊഴിലാളികളുടെ സ്ഥിരം നിയമനത്തിനുവേണ്ടി ചെയ്ത 'വീരകൃത്യ'ങ്ങളുടെ കഥകൾ പ്രചരിപ്പിച്ചുകൊണ്ട് മെമ്പർഷിപ്പ് ചേർക്കാൻ ഓടിനടക്കുകയാണ്. നിയമനം വാങ്ങിക്കൊടുത്തത് തങ്ങളാണെന്നാണ് സിഐടിയുവിന്റെ അവകാശവാദം; പ്രിയ എഴുത്തുകാരൻ വൈക്കം മുഹമ്മദ് ബഷീറിന്റെ 'എട്ടുകാലി മമ്മൂഞ്ഞ്' ശൈലിയിൽ. ഇവർ അവസാനംവരെ വേട്ടക്കാരന്റെ റോളിലായിരുന്നു. നിയമനം ഉറപ്പായപ്പോൾ ഇരയ്ക്കൊപ്പമാണെന്ന് നിർലജ്ജം ഭാവിക്കുന്നു.

ഇവർക്കെല്ലാം അത്രയെളുപ്പം മായ്ച്ചുകളയാനും പിതൃത്വം സ്ഥാപിക്കാനും കഴിയുന്നതല്ല കെഎസ്ഇബി കരാർതൊഴിലാളികളുടെ ഈ ചരിത്രവിജയം. മൂന്നു പതിറ്റാണ്ടുകാലത്തെ വീറുറ്റ തൊഴിലാളിസമരത്തിന്റെയും സമാനതകളില്ലാത്ത നിയമപോരാട്ടത്തിന്റെയും ചരിത്രമാണത്. ഇപ്പോൾ നിയമനം നേടുന്ന മുഴുവൻ തൊഴിലാളികൾക്കും അനുഭവംകൊണ്ട് അതറിയാം. ഇനിയും നിയമനം നേടാനിരിക്കുന്നവർക്കും, സ്ഥാപിത താല്പര്യക്കാരുടെ കുടിലമായ ഇടപെടൽകൊണ്ട് മാത്രം ഒന്നര പതിറ്റാണ്ട് വൈകിയെത്തിയ ഈ നിയമനത്തിൽ നിന്നും പുറത്തായിപ്പോയ നൂറുകണക്കിന് പാവപ്പെട്ട തൊഴിലാളികൾക്കും ഈ ചരിത്രം നന്നായി അറിയാം.

കേരളത്തിലെ സമുന്നത ട്രേഡ് യൂണിയൻ നേതാവ് സഖാവ് കെ.പി.കോസലരാമദാസ് സംസ്ഥാനത്തെ പ്രധാന പൊതുമേഖലാ സ്ഥാപനങ്ങളിലെല്ലാം തൊഴിലാളിപ്രസ്ഥാനത്തിന് തുടക്കം കുറിച്ച നേതാവാണ്. 1957 മാർച്ചിൽ കേരള ഇലക്ട്രിസിറ്റി ബോർഡ് എന്ന സ്ഥാപനം ആരംഭിക്കുന്നതിനു മുമ്പ്, തിരു-കൊച്ചി സ്റ്റേറ്റിൽ ഉണ്ടായിരുന്ന ഡിപ്പാർട്ട്മെന്റ് ഓഫ് ഇലക്ട്രിസിറ്റിയുടെ കാലത്ത്തന്നെ, 1956 ൽ രൂപീകരിക്കപ്പെട്ട ട്രേഡ് യൂണിയനാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി വർക്കേഴ്സ് യൂണിയൻ (കെഎസ്ഇ വർക്കേഴ്സ് യൂണിയൻ-രജി.നം.43/56). ഈ യൂണിയനും അതിന്റെ നേതാവ് സഖാവ് കെ.പി.കോസലരാമദാസും കേരള ഇലക്ട്രിസിറ്റി ബോർഡിന്റെ ചരിത്രത്തിന്റെ ഭാഗമാണ്.

ഇലക്ട്രിസിറ്റി ബോർഡിലെ സ്ഥിരം തൊഴിലാളികളുടെ അവകാശങ്ങളും ആനുകൂല്യങ്ങളും യഥാസമയം നേടിയെടുക്കുന്നതിനും സംരക്ഷിക്കുന്നതിനും സഖാവ് കെ.പി.കോസലരാമദാസ് വഹിച്ച പങ്ക് ആർക്കും ചോദ്യം ചെയ്യാനാകാത്തതാണ്. തൊഴിലാളി താല്പര്യം അടിയറവെച്ചുകൊണ്ടുള്ള ഏത് നീക്കവും ആരുടെ ഭാഗത്തുനിന്നുണ്ടായാലും അദ്ദേഹം പൊട്ടിത്തെറിക്കുമായിരുന്നു. സ്ഥിരം - താൽക്കാലിക-കരാർ ഭേദമില്ലാതെ എല്ലാ വിഭാഗം തൊഴിലാളികളുടെയും അവകാശങ്ങൾക്കുവേണ്ടി അദ്ദേഹം പോരാടി. എഴുപതുകളിൽ സിഎൽആർ, എൻഎംആർ തൊഴിലാളികളുടെ സ്ഥിരപ്പെടുത്തലിനുവേണ്ട എല്ലാ പ്രയത്നങ്ങളും നടത്തിയത് അദ്ദേഹമാണ്. ഇതിലൂടെയെല്ലാം തൊഴിലാളികൾക്ക് അദ്ദേഹത്തോടുള്ള സ്നേഹവും ബഹുമാനവും വർദ്ധിച്ചതിനോടൊപ്പം, സർക്കാരും മാനേജ്മെന്റും മറ്റ് യൂണിയൻ നേതൃത്വങ്ങളും അദ്ദേഹത്തെ ഭയക്കാനും തുടങ്ങി. തൊഴിലാളിവർഗ്ഗത്തിന്റെ പേരിൽ പ്രവർത്തിക്കുന്ന രാഷ്ട്രീയപ്രസ്ഥാനത്തിന്റെ തൊഴിലാളിവിരുദ്ധ-സമരവിരുദ്ധ സമീപനം കാരണം മേയർ സ്ഥാനവും എം.എൽ.എ സ്ഥാനവും എല്ലാം വലിച്ചെറിഞ്ഞുകൊണ്ട് പാർട്ടി വിട്ട സഖാവ് കോസലരാമദാസ്, തൊഴിലാളിപക്ഷത്ത് ഉറച്ചുനിന്നുകൊണ്ട് സ്വതന്ത്ര ട്രേഡ് യൂണിയൻ പ്രവർത്തനത്തിന് പുതിയ മാതൃക കാട്ടി.



സഖാവ്
കെ.പി.കോസലരാമദാസ്

മറ്റെല്ലാ യൂണിയനുകളും കൈയൊഴിഞ്ഞ, 'കിളിപ്പണിക്കാ'രെന്ന് വിളിക്കപ്പെട്ടിരുന്ന, കെഎസ്ഇബിയുടെ ഓരങ്ങളിൽ കഴിഞ്ഞിരുന്നവരും എന്നാൽ ബോർഡിനുവേണ്ടി ഏത് ജോലിയും എത് സമയത്തും ഫലപ്രദമായി നിർവ്വഹിച്ചുപോന്നവരുമായ പെറ്റി കോൺട്രാക്ടർമാരെയും കോൺട്രാക്ട് ലൈൻ വർക്കർമാരെയും ഒരു യൂണിയനിൽ സംഘടിപ്പിച്ച്, അവർക്ക് അവകാശബോധമുണ്ടാക്കി, പോരാട്ടത്തിനിറക്കിയത് സഖാവ് കോസലരാമദാസ് മാത്രമായിരുന്നു. ജോലിയുടെ പ്രത്യേകതകൾ പരിഗണിച്ച് പെറ്റി കോൺട്രാക്ടർ കം കോൺട്രാക്ട് വർക്കർ എന്ന തൊഴിൽ കാറ്റഗറിയെ വെളിവാക്കുന്ന പേരിൽതന്നെ അദ്ദേഹം 1989 ൽ യൂണിയൻ രജിസ്റ്റർ ചെയ്തു(കെഎസ്ഇബി പെറ്റി കോൺട്രാക്ടേഴ്സ് അന്റ് കോൺട്രാക്ട് ലൈൻ വർക്കേഴ്സ് യൂണിയൻ-രജി.നം.1/34/1989). പിന്നീട്, ഘട്ടം ഘട്ടമായി സമരങ്ങൾ ആരംഭിച്ചു. വളരെ വിദഗ്ദ്ധവും വീറുറ്റതുമായിരുന്നു ഓരോ ചുവടുവെയ്പ്പും.

1995ലെ എഗ്രിമെന്റിലേക്ക്(29.6.1995) നയിച്ച പണിമുടക്ക് സമരം എടുത്തുപറയേണ്ടതാണ്. ലേബർ കമ്മീഷണർ വിളിച്ചുചേർത്ത ചർച്ചയിൽ ബോർഡും യൂണിയനും ഒപ്പു വെച്ചുകൊണ്ടു ഒരു കരാർ രൂപീകരിച്ചു. സമരത്തെ പൊളിക്കാൻ സകല അടവുകളും പയറ്റിയ സിഐടിയു വളഞ്ഞ വഴിയിൽകൂടി കടന്ന് കരാറിലൊപ്പിട്ടു. ഐഡി ആക്ടിനു കീഴിൽ ഉണ്ടാക്കപ്പെട്ട ആ കരാറിലാണ്, കരാർ തൊഴിലാളികൾക്ക് ബോർഡിൽ പണിയെടുക്കുന്നതിന് ആദ്യമായി ഒരു വ്യവസ്ഥ ഉണ്ടാകുന്നത്. സെക്ഷൻതല ലിസ്റ്റ്, ടീർ-ഓഫ് സ്ലിപ്പ്, പേയ്മെന്റിലെ കൃത്യത, അപകടങ്ങൾക്ക് നഷ്ടപരിഹാരം തടങ്ങിയ അടിസ്ഥാന അവകാശങ്ങൾ അംഗീകരിക്കപ്പെടുന്നത് ഈ കരാറിലൂടെയാണ്.

അതിനുശേഷം, സ്ഥിരം നിയമനമെന്ന മുദ്രാവാക്യം ആദ്യമായി ഉയർത്തിക്കൊണ്ട് യൂണിയൻ സമരരംഗത്തു വന്നപ്പോൾ സിഐടിയു അതിനെ പല്ലും നഖവും ഉപയോഗിച്ച് എതിർത്തു. പിഎസ്സി മുഖേന മാത്രമേ കെഎസ്ഇബിയിൽ നിയമനം പാടുള്ളൂ എന്നവർ ശപഥം ചെയ്തു. യൂണിയൻ നടത്തിയ പണിമുടക്കുസമരം അഞ്ചര മാസക്കാലം നീണ്ടുനിന്നു. സമരം ഒത്തുതീർപ്പാക്കാനോ അഡ്ജൂഡിക്കേഷന് വിടാനോ അന്നത്തെ എൽഡിഎഫ് സർക്കാർ തയ്യാറായില്ല. അവസാനം, യൂണിയൻ ഹൈക്കോടതിയിൽ പോയി. ഡിവിഷൻ ബഞ്ച് ജഡ്ജ് ചീഫ് ജസ്റ്റിസ് ബി.എൻ.ശ്രീകൃഷ്ണ അഡ്ജൂഡിക്കേഷന് വിടാൻ വിധി പ്രസ്താവിച്ചു.

അതിനെ തുടർന്നാണ് പാലക്കാട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിൽ കേസ്സ് വരുന്നത്. ഇതെല്ലാം നടത്തിയത് കെഎസ്ഇ വർക്കേഴ്സ് യൂണിയനും, കെഎസ്ഇബി - പിസിസി ലൈൻ വർക്കേഴ്സ് യൂണിയനും, ഇവ രണ്ടിന്റേയും ജനറൽ സെക്രട്ടറിയായിരുന്ന സഖാവ് കെ.പി.കോസല രാമദാസുമാണ്. സിഐടിയു ഇപ്പോൾ ഇല. വർക്കർ നിയമനം-വസ്തുതകൾ എന്ന പേരിൽ പ്രചരിപ്പിക്കുന്ന സന്ദേശത്തിൽ, തങ്ങളാണ് 95ൽ സമരം ചെയ്തതും, കരാർ ഉണ്ടാക്കിയതും, ട്രൈബ്യൂണൽ അവാർഡ് നേടിയതും എന്നൊക്കെ തട്ടിവിടുന്നുണ്ട്. ഇതിന് വസ്തുതയുമായി വിദൂരബന്ധം പോലുമില്ല. പാലക്കാട് ട്രൈബ്യൂണൽ, കേസ്സിൽ നമ്മളുടെ യൂണിയനെ കൂടാതെ, കക്ഷി ചേരുന്നതിനുവേണ്ടി സിഐടിയു, ഐഎൻടിയുസി എന്നിവയ്ക്ക് സമൻസ് അയച്ചു. ഐഎൻടിയുസി ഒരുകത്തിൽ പ്രതികരണം ഒതുക്കി. സിഐടിയു ആകട്ടെ, മൂന്ന് പ്രാവശ്യം സമൻസ് കൈപ്പറ്റിയിട്ടും കേസ്സിൽ ഹാജരായില്ല. അവസാനം, ട്രൈബ്യൂണൽ അവരെ എക്സ്-പാർട്ടി ആയി പ്രഖ്യാപിച്ച് ഒഴിവാക്കി. ട്രൈബ്യൂണൽ അവാർഡിന്റെ (ID no.27/2002, 15.12.2004) രണ്ടാം പേജിൽ (ക്ലോസ് 2) ഇത് കൃത്യമായി പറയുന്നുണ്ട്: (...the Union No.2 -CITU- did not turn up, despite receipt of registrered summons. In the circumstance , Union No.2 was declared ex parte on 1.7.2002.). യഥാർത്ഥത്തിൽ, കേസ്സ് ട്രൈബ്യൂണലിൽ എത്തിച്ചതും നൂറിലേറെ രേഖകൾ ഹാജരാക്കി കേസ്സ് വാദിച്ചതും വിജയം നേടിയതും കെഎസ്ഇ വർക്കേഴ്സ് യൂണിയനും, പിസിസി ലൈൻ വർക്കേഴ്സ് യൂണിയനും ചേർന്നാണ്. അതുകൊണ്ടാണ്, 2004 ഡിസംബർ 15നു മുമ്പ് 1200 ദിവസം ജോലി ചെയ്ത പെറ്റി കോൺട്രാക്ടർമാരെയും കോൺട്രാക്ട് ലൈൻ വർക്കർമാരെയും സ്ഥിരപ്പെടുത്തണമെന്ന ട്രൈബ്യൂണൽ അവാർഡിൽ, നമ്മളുടെ യൂണിയൻ സമർപ്പിച്ച W 23, W24 എന്നീ തൊഴിലാളിലിസ്റ്റ് നിയമനത്തിനായി ഉപയോഗിക്കാമെന്ന് പറഞ്ഞത്.

പാലക്കാട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ വിധി നടപ്പാക്കുന്നതിനു പകരം, മാനേജ്മെന്റും സർക്കാരും ചേർന്ന് ഒന്നര പതിറ്റാണ്ട്നീണ്ട അനാവശ്യ കോടതി വ്യവഹാരങ്ങളിലേക്ക് ഈ പാവപ്പെട്ട തൊഴിലാളികളേയും അവരുടെ യൂണിയനേയും വലിച്ചിഴക്കുകയാണ് ചെയ്തത്. ആദ്യം യുഡിഎഫിന്റെ കാലത്താണ് മാനേജ്മെന്റ് ഹൈക്കോടതിൽ പോയതെങ്കിൽ പിന്നീട്, ഹൈക്കോടതി ഡിവിഷൻ ബെഞ്ചിലും തുടർന്ന്, സുപ്രീംകോടതിയിലും തൊഴിലാളികൾക്കെതിരെ കേസ്സിനുപോയത് എൽഡിഎഫ് ഭരണകാലത്താണ്. ഈ കോടതി വ്യവഹാരങ്ങളിലൊന്നും തൊഴിലാളികൾക്കുവേണ്ടി വാദിക്കാൻ സിഐടിയു ഉൾപ്പെടെ ഒരു യൂണിയനും ഉണ്ടായിരുന്നില്ല.

സുപ്രീം കോടതിയും ട്രൈബ്യൂണൽ അവാർഡ് ശരിവെച്ചതോടെ 2004നു മുമ്പ് 1200 ദിവസം പണി ചെയ്ത തൊഴിലാ

(ശേഷം 5-ാം പേജിൽ)

# എഐയുടിയുസി 4 – ാമത് സംസ്ഥാന സമ്മേളനം: സ്വാഗതസംഘം രൂപീകരിച്ചു

കേന്ദ്ര ട്രേഡ് യൂണിയനായ എഐയുടിയുസിയുടെ 4-ാമത് സംസ്ഥാന സമ്മേളനം 2019 ഡിസംബർ 27,28,29 തീയതികളിൽ കൊല്ലത്ത് വച്ച് നടക്കുകയാണ്. ഈ സമ്മേളനത്തിന് കൊല്ലം പൗരാവലിയുടെ സ്വാഗതമാശംസിച്ചുകൊണ്ടുള്ള സ്വാഗതസംഘത്തിന്റെ രൂപീകരണയോഗം ഒക്ടോബർ 20ന് കൊല്ലം ശ്രീകണ്ഠൻനായർ സ്മാരകഹാളിൽ ചേർന്നു.

എഐയുടിയുസി സംസ്ഥാന പ്രസിഡന്റ് ആർ.കുമാറിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം റിട്ടയേർഡ് ഡെപ്യൂട്ടി ലേബർ കമ്മീഷണർ എൻ.ഓമനക്കുട്ടൻ ഉദ്ഘാടനം ചെയ്തു. എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് ഷൈല കെ. ജോൺ, ജനകീയ പ്രതിരോധ സമിതി ജില്ലാ പ്രസിഡന്റ് എ. ജയിംസ്, ബ്രേക്ക്ത്രൂ സയൻസ് സൊസൈറ്റി കൊല്ലം ജില്ലാ പ്രസിഡന്റ് എൻ.ടെന്നിസൺ, കുണ്ടറ പൗരസമിതി പ്രസിഡന്റ് മാത്യു പണിക്കർ, പഴങ്ങാലം ബദറുദ്ദീൻ തുടങ്ങിയവർ പ്രസംഗിച്ചു. എഐയുടിയുസി ജില്ലാ പ്രസിഡന്റ് എസ്.രാധാകൃഷ്ണൻ സ്വാഗതവും ജില്ലാ ജോയിന്റ് സെക്രട്ടറി ബി.രാമചന്ദ്രൻ നന്ദിയും രേഖപ്പെടുത്തി.

എൻ.ഓമനക്കുട്ടൻ, പിറവന്തൂർ ഗോപാലകൃഷ്ണൻ, എൻ.കെ.ശ്രീഹരി(രക്ഷാധികാരികൾ), എ.ജയിംസ്(ചെയർമാൻ), മാത്യു പണിക്കർ, എൻ. ടെന്നിസൺ, പഴങ്ങാലം ബദറുദ്ദീൻ, ഷൈല കെ.ജോൺ(വൈസ് ചെയർപേഴ്സൺസ്), എസ്.രാധാകൃഷ്ണൻ(കൺവീനർ), ബി.വിനോദ്, ബി.രാമചന്ദ്രൻ, ജി.ധ്രുവകുമാർ(ജോയിന്റ് കൺവീനേഴ്സ്) എന്നിവർ ഭാരവാഹികളായി 150 അംഗ സ്വാഗതസംഘ കമ്മിറ്റിയെ സമ്മേളനം തെരഞ്ഞെടുത്തു. ■

# എഐയുടിയുസി കോട്ടയം ജില്ലാ സമ്മേളനം




ജില്ലാ സമ്മേളനത്തോടനുബന്ധിച്ച് ചങ്ങനാശ്ശേരി ടൗണിൽ നടന്ന പ്രകടനം

എഐയുടിയുസി കോട്ടയം ജില്ലാ സമ്മേളനം നവംബർ 2,3 തീയതികളിൽ ചങ്ങനാശ്ശേരിയിൽ നടന്നു. പൊതുസമ്മേളനം നവംബർ 2ന് പെരുന്ന മുൻസിപ്പൽ ബസ് സ്റ്റാൻഡ് മൈതാനിയിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ജയ്സൺ ജോസഫ് ഉദ്ഘാടനം ചെയ്തു.

എഐയുറ്റിയുസി സംസ്ഥാന സെക്രട്ടറി വി.കെ.സദാനന്ദൻ, സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം എൻ.ആർ.മോഹൻകുമാർ, സ്വാഗതസംഘം ചെയർമാൻ പി.എം.ചാക്കോ, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി മിനി കെ.ഫിലിപ്പ്, എഐയുറ്റിയുസി ജില്ലാ സെക്രട്ടറി വി.പി.കൊച്ചുമോൻ, കെ.എൻ.രാജൻ തുടങ്ങിയവർ പ്രസംഗിച്ചു. നവംബർ 3ന് പ്രതിനിധി സമ്മേളനം മുനിസിപ്പൽ മിനി ആഡിറ്റോറിയത്തിൽ നടന്നു. സഖാവ് വി.കെ.സദാനന്ദൻ ഉദ്ഘാടനം ചെയ്തു. ആശംസകൾ നേർന്നുകൊണ്ട് സിഐറ്റിയു ഏരിയ സെക്രട്ടറി ടി.എസ്.നിസ്താർ, എഐറ്റിയുസി ജില്ലാ കമ്മിറ്റിയംഗം കെ. റ്റി.തോമസ്, കെഎസ്ടി ഡ്രൈവേഴ്സ് യൂണിയൻ വർക്കിംഗ് പ്രസിഡന്റ് സണ്ണി തോമസ്, എസ്ടിയു ജില്ലാ സെക്രട്ടറി ഹലീൽ റഹ്മാൻ എന്നിവർ പ്രസംഗിച്ചു. കെ.പി.വിജയൻ പ്രസിഡന്റും വി.പി.കൊച്ചുമോൻ സെക്രട്ടറിയുമായി 30 അംഗജില്ലാ കമ്മിറ്റിയെയും സമ്മേളനം തെരഞ്ഞെടുത്തു. ■

# കെഎസ്ഇബി സ്ഥിരനിയമനം...

*(4-ാം പേജിൽ നിന്ന്)*

ളികളുടെ സംസ്ഥാനതല ലിസ്റ്റ് ഉണ്ടാക്കുന്നതിൽനിന്നും മാനേജ്മെന്റിന് ഒഴിഞ്ഞുമാറാൻ വയ്യാതായി. നമ്മുടെ യൂണിയൻ ഈ ആവശ്യമുന്നയിച്ചുകൊണ്ട് അപ്പോഴും സമരത്തിലായിരുന്നു. രണ്ട് ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർ രണ്ട് ഘട്ടങ്ങളിലായി ഈ ലിസ്റ്റ് തയ്യാറാക്കിയെങ്കിലും, രണ്ട് ലിസ്റ്റും അപാകതകൾ നിറഞ്ഞതും ഏകപക്ഷീയവും ട്രൈബ്യൂണൽ അവാർഡിന്റെയും ഹൈക്കോടതിയുടെയും സുപ്രീം കോടതിയുടെയും വിധികളുടെ അന്തഃസത്തയ്ക്ക് നിരക്കാത്തതുമായിരുന്നു. ഇതിനെതിരെ നമ്മുടെ യൂണിയൻ നടത്തിയ സമര-നിയമ പോരാട്ടങ്ങളെ തുടർന്ന്, അഡീഷണൽ ലേബർ കമ്മീഷണർ, തിരുവനന്തപുരം ലേബർ കമ്മീഷണർ ഓഫീസ്സിൽ വച്ച് തൊഴിലാളികളെ നേരിൽ കണ്ട് അന്തിമ ലിസ്റ്റ് തയ്യാറാക്കുകയാണ് ചെയ്തത്. ഈ ലിസ്റ്റാണ് പിഎസ്‌സിക്ക് കൈമാറിയത്. പിഎസ്‌സി സൂട്ടബലിറ്റി ടെസ്റ്റും, ശാരീരിക ക്ഷമതാ പരിശോധനയും, കാസ്റ്റ് റൊട്ടേഷനും നടത്തി അന്തിമ സീനിയോറിറ്റി ലിസ്റ്റ് ഉണ്ടാക്കി ബോർഡിന് കൈമാറുകയായിരുന്നു. എന്നാൽ, ഇതിനിടയിലും ഒരന്തിമ ശ്രമമെന്ന നിലയിൽ അനേകം തടസ്സങ്ങൾ ഉന്നയിച്ച് ലിസ്റ്റ് രൂപീകരണം വലിച്ചുനീട്ടി.

പിഎസ്‌സി റാങ്ക് ഹോൾഡേഴ്സിന്റെ പേരിൽ ഒരു കൂട്ടർ തികച്ചും യുക്തിരഹിതമായി നടത്തിയ നിയമ നടപടികൾ ആയിരുന്നു ഒരു ഭാഗത്ത്. ഒപ്പം ചില സങ്കുചിത താല്പര്യക്കാരും ചേർന്നു. എസ്എസ്എൽസി പാസ്സായവരെ നിയമനത്തിൽനിന്നും ഒഴിവാക്കണമെന്ന് പറഞ്ഞുകൊണ്ട് പിഎസ്‌സി അവരെ ലിസ്റ്റിൽനിന്നും നീക്കം ചെയ്യാൻ തീരുമാനിച്ചു.

പിണറായി വിജയൻ വൈദ്യുതിമന്ത്രി ആയിരുന്ന കാലത്ത് കൊണ്ടുവന്ന റൂൾ ആണ് ഇതെന്നും അത് മാറ്റാൻ കഴിയുകയില്ലെന്നുമുള്ള ഉറച്ച നിലപാടായിരുന്നു സിഐടിയുവിന്. എൽഡിഎഫിന്റെ മുഴുവൻ നേതാക്കളേയും കണ്ട കണ്ണൂരിലെ തൊഴിലാളികൾക്ക് കിട്ടിയ മറുപടി, നമ്മൾ കൊണ്ടുവന്ന നിയമം നമ്മളെങ്ങിനെ മാറ്റും എന്ന മറുചോദ്യമായിരുന്നു. അവിടത്തെ അനേകം തൊഴിലാളികൾ സിഐടിയു വിട്ട് നമ്മുടെ യൂണിയനിൽ ചേർന്നു. ഈ കേസ്സുമായി യൂണിയൻ സുപ്രീം കോടതിയിൽ വീണ്ടും പോയി അനുകൂല വിധി സമ്പാദിക്കുകയാണുണ്ടായത്. അല്ലാതെ ഏതെങ്കിലും സിഐടിയു നേതാവിന്റെ ഇടപെടൽ കൊണ്ടല്ല ഇത് പരിഹരിച്ചത്. കെകെടിഎഫ് ഉൾപ്പെടെയുള്ള യൂണിയനുകളുടെയും നിലപാട് എസ്എസ്എൽസി തോറ്റവർമാത്രം നിയമനം നേടട്ടെ എന്നതായിരുന്നു.

പിഎസ്‌സി യോഗ്യതാ നിർണ്ണയം നടത്തി 2505 പേരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി. എന്നാൽ വീണ്ടും പിഎസ്‌സി അടുത്ത തടസ്സവുമായി വന്നു. അവരുടെ നോട്ടിഫിക്കേഷൻ(10.5.2017) അനുസരിച്ച് 50 വയസ്സു കഴിഞ്ഞവർ നിയമനത്തിന് യോഗ്യരല്ല എന്നതായിരുന്നു അത്. ഇക്കാര്യത്തിലും, ട്രൈബ്യൂണൽ നോട്ടിഫിക്കേഷൻ (29.12.2010) പ്രകാരം 50 വയസ്സ് കണക്കാക്കണമെന്ന് വാദിച്ചുകൊണ്ട് യൂണിയൻ നൽകിയ കേസ്സിൽ (wpc 8385) ആദ്യം താൽക്കാലികവും ഇപ്പോൾ അന്തിമ വിധിയും നേടുകയുണ്ടായി. ലിസ്റ്റിന്റെ കാര്യത്തിൽ പിഎസ്‌സി നടത്തുന്ന വഴി വിട്ട ഇടപെടലുകൾക്കും ദുരൂഹമായ ദീർഘിപ്പിക്കലിനുമെതിരെ യൂണിയൻ പലവട്ടം പിഎസ്‌സിക്കു മുമ്പിൽ സമരം നടത്തി. അവസാനം നടത്തിയ സമാധാനപരമായ ധർണ്ണയെ പിണറായിയുടെ പോലീസ് നേരിട്ടത്, യൂണിയന്റെ പ്രസിഡണ്ടും ജനറൽ സെക്രട്ടറിയും ഉൾപ്പെടെയുള്ള നേതാക്കളെ ജ്യാമമില്ലാ കുറ്റം ചുമത്തി അറസ്റ്റ് ചെയ്തു കൊണ്ടാണ്!

മസ്ദൂർ നിയമനത്തിന് അർഹരെന്ന് പിഎസ്‌സി കണ്ടെത്തിയവരുടെ പ്രസിദ്ധീകരിക്കപ്പെട്ട ലിസ്റ്റിൽ 2505 പേരുണ്ട്. അതിൽ, ബോർഡ് നേരത്തെ കോടതിയിൽ നൽകിയ 1486 ഒഴിവുകളിലേക്കാണ് ഇപ്പോൾ നിയമനം നടന്നത്. ഇവരെ അധികാരത്തിന്റെ പ്രലോഭനങ്ങളും ഭീഷണിയും കൊണ്ട് പാട്ടിലാക്കാനാണ് സിഐടിയു ശ്രമിക്കുന്നത്. കഴിഞ്ഞതെല്ലാം മറന്നുകളഞ്ഞേക്കൂ എന്നതാണവരുടെ അവസാനത്തെ പ്രയോഗം. ജനാധിപത്യമൂല്യങ്ങൾക്ക് നിരക്കാത്ത ഈ സമ്പ്രദായത്തെ, ദീർഘകാലസമരത്തിലൂടെ വർഗ്ഗബോധവും ദൃഢതയും ആർജിച്ച തൊഴിലാളികൾ ധീരമായി നേരിടുന്നുണ്ട്.

ഭരണാധികാരവും കുതന്ത്രങ്ങളും കൊണ്ട് തങ്ങൾ തകർത്തു എന്നു കരുതിയ കെഎസ്ഇ വർക്കേഴ്സ് യൂണിയൻ ഒരു ഫീനിക്സ് പക്ഷിയെപ്പോലെ ഉയിർത്തെഴുന്നേറ്റ് വരുന്നത് ചിലർ ഭീതിയോടെയാണ് വീക്ഷിക്കുന്നത്. അതുകൊണ്ടാണവർ ഇക്കാലമത്രയും കാണിച്ചിട്ടില്ലാത്ത കരാർ തൊഴിലാളി സ്നേഹവുമായി തൊഴിലാളികളുടെ വീടുകൾ കയറിയിറങ്ങുന്നത്. വൈദ്യുതി ബോർഡിലെ പെറ്റികോൺട്രാക്ടർമാരെയും കോൺട്രാക്ട് ലൈൻ വർക്കർമാരെയും സഖാവ് കെ.പി.കോസല രാമദാസ് നയിച്ച കെഎസ്ഇ വർക്കേഴ്സ് യൂണിയനും, കെഎസ്ഇബി-പിസിസി ലൈൻ വർക്കേഴ്സ് യൂണിയനും കരാർ തൊഴിലാളികൾക്കുവേണ്ടി നിർവ്വഹിച്ച കാര്യങ്ങൾ പറഞ്ഞ് ബോധ്യപ്പെടുത്തേണ്ടതില്ല.

സ്ഥിരം നിയമനം നേടുന്ന തൊഴിലാളികൾക്ക് അർഹമായ സർവ്വീസ്സും, പെൻഷനും, ഗ്രാറ്റുവിറ്റിയും മറ്റും നേടിയെടുക്കാൻ ഇനിയും പോരാട്ടം ആവശ്യമാണ്. നിയമനത്തിനുശേഷവും എസ്എസ്എൽസി പാസ്സായവരുടെ നിയമനത്തിനെതിരെ സുപ്രിംകോടതിയിൽ ഒരു സിഐടിയു പ്രാദേശിക നേതാവിന്റെ നേതൃത്വത്തിൽ കേസ്സിനുപോകുകയുണ്ടായി. ഇതിനെയെല്ലാം യഥോചിതം നേരിടാൻ കെഎസ്ഇ വർക്കേഴ്സ് യൂണിയനും, കെഎസ്ഇബി-പിസിസി ലൈൻ വർക്കേഴ്സ് യൂണിയനും മാത്രമേ ഉണ്ടായിരുന്നുള്ളൂ.

കെഎസ്ഇബിയിലെ കരാർ തൊഴിലാളികൾ സ്ഥിരം നിയമനം നേടുന്നത് നേരിൽ കാണണമെന്ന വലിയ ആഗ്രഹം ബാക്കിവെച്ചാണ് സഖാവ് കെ.പി.കോസല രാമദാസ് നമ്മളെ വിട്ടു പിരിഞ്ഞത്. ഈ ചരിത്ര വിജയം അദ്ദേഹത്തിന്റെ ഓർമ്മയ്ക്കുമുമ്പിൽ സമർപ്പിക്കുന്ന 'വിജയസമർപ്പണ സമ്മേളനം' നവംബർ 10ന് എറണാകുളം അദ്ധ്യാപക ഭവനിൽ നടക്കുകയാണ്. അദ്ദേഹത്തോടൊപ്പം അനേകം സമരമുഖങ്ങളിൽ ദീർഘകാലം പ്രവർത്തിച്ച, കെഎസ്ഇബി കരാർ തൊഴിലാളികളുടെ സമരത്തിന് തുടക്കം മുതൽ ഈ നിമിഷംവരെയും എല്ലാ പിന്തുണയും മാർഗ്ഗനിർദ്ദേശങ്ങളും നൽകിപോരുന്ന, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി സഖാവ് വി.വേണുഗോപാൽ ഈ സമ്മേളനത്തിൽ മുഖ്യാതിഥിയായി പങ്കെടുക്കുന്നുണ്ട്.

സ്ഥിരം തൊഴിൽ ഇല്ലാതാക്കുന്ന മുതലാളിത്ത-ആഗോളവൽക്കരണത്തിന്റെ കാലത്താണ് 1486 കരാർതൊഴിലാളികൾക്ക് സ്ഥിരനിയമനം നേടിയെടുത്തത് എന്നത് അഭിമാനകരമാണ്. ഈ യൂണിയൻ നേതൃത്വം വച്ചുപുലർത്തുന്ന വിട്ടുവീഴ്ചയില്ലാത്ത തൊഴിലാളിവർഗ്ഗ നിലപാടും നിശ്ചയദാർഢ്യവും ഇച്ഛാശക്തിയും ഒന്നുകൊണ്ടു മാത്രമാണ് ഈ വിജയം തൊഴിലാളികൾക്ക് നേടിയെടുക്കാനായത്. ■

# ലോകത്തെ ഏറ്റവും അഴിമതി നിറഞ്ഞ രാഷ്ട്രീയപാർട്ടികളിൽ ബിജെപി നാലാം സ്ഥാനത്തെന്ന് സിഎൻഎൻ സർവേ

*(1-ാം പേജിൽ നിന്ന്)*

ക്കുന്നു.

ഐപിഎൽ-ലളിത് മോദി വിഷയവുമായും ഖനനഇടപാടുകളുമായും ബന്ധപ്പെട്ട് രാജസ്ഥാനിലെ മുൻ ബിജെപി മുഖ്യമന്ത്രി വസുന്ധര രാജെയുടെ പേര് ഉയർന്നു വന്നിരുന്നു. ഡിമാറ്റ്, വ്യാപം അഴിമതികളുമായി ബന്ധപ്പെട്ട് മധ്യപ്രദേശിലെ മുൻ ബിജെപി മുഖ്യമന്ത്രി ശിവ്‌രാജ്സിങ്ങ് ചൗഹാന്റെ പേരുണ്ടായിരുന്നു. തൊട്ടടുത്തുള്ള ഛത്തീസ്ഗഢിലെ മുൻ ബിജെപി മുഖ്യമന്ത്രി രമൺസിങ്ങിന്റെ പേരാകട്ടെ പിഡിഎസ്/നാൻ വിവാദത്തിന്റെ നടുവിലുണ്ടായിരുന്നു. മുൻ ഗുജറാത്ത് മുഖ്യമന്ത്രി ആനന്ദിബെൻ പട്ടേലിന്റെ മകൾ അനാർ പട്ടേൽ, കുറഞ്ഞ വിലയ്ക്ക് തന്റെ പങ്കാളികളുടെ റിസോർട്ടുകൾക്കായി ഭൂമി തട്ടിയെടുത്തതായി ആരോപണം ഉയർന്നിരുന്നു. ഇനി അൽപം വിശദീകരിക്കാം.

സംശയാസ്പദമായ ഭൂതകാലമുള്ള ലളിത് മോദി എന്ന വ്യക്തി, തീർച്ചയായും വമ്പൻ കുത്തകകളുടേയും രഹസ്യ നിക്ഷേപകരുടേയും പിന്തുണയോടെയും സാമ്പത്തികസഹായത്തോടും കൂടി ഐപിഎൽ ക്രിക്കറ്റ് എന്ന ആശയം അവതരിപ്പിച്ചു. പ്രദർശനത്തിനു മാറ്റുകൂട്ടുവാനായി കുത്തകകൾ സിനിമാതാരങ്ങളേയും അൽപവസ്ത്രധാരികളായ ചിയർ ഗേൾസിനേയും രംഗത്തിറക്കി. ഈ ആഡംബര പ്രദർശനം ഇരട്ടദൗത്യങ്ങളാണ് നിർവഹിച്ചത്. ഒരുവശത്ത് അത് വമ്പിച്ച സാമ്പത്തികലാഭം കൊയ്തെടുത്തു. മറുവശത്ത് ക്രിക്കറ്റ് എന്ന കളിയുടെ സത്ത ചോർത്തി, അതിവേഗം അധഃപതിച്ചു കൊണ്ടിരിക്കുന്ന, രാജ്യത്തിന്റെ സാംസ്കാരിക-നൈതിക അടിത്തറയ്ക്കു കൂടുതൽ കോട്ടം വരുത്തുവാനായി അതിനെ ഉപയോഗിച്ചു. പത്തു വർഷം മുമ്പ് അത് 4.1 ശതകോടി ഡോളറിന്റെ ക്രിക്കറ്റ് മാമാങ്കമായിരുന്നു വെങ്കിൽ, ഇന്നത് പത്തുമടങ്ങ് കൂടുതലായിരിക്കുന്നു. വസുന്ധര രാജെ ആദ്യതവണ രാജസ്ഥാൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത്, രാജസ്ഥാനിൽ സാമാന്യം നല്ല രാഷ്ട്രീയസ്വാധീനമുണ്ടായിരുന്ന, അന്ന് സൂപ്പർ മുഖ്യമന്ത്രി എന്നു വരെ വിളിക്കപ്പെട്ട ലളിത് മോദിയാണ് ഐപിഎൽ ആരംഭിക്കുവാൻ കാരണക്കാരനായത്. അദ്ദേഹം തന്നെയായിരുന്നു അതിന്റെ ആദ്യ ചെയർമാനും കമ്മീഷണറും. പിന്നീട് ലളിത് മോദിക്കു മേൽ ഒരു കൂട്ടം ക്രിമിനൽ ചാർജുകളാണ് ചാർത്തപ്പെട്ടത്. ഇതിൽ, ഗവേണിംഗ് കൗൺസിലിനെ മറികടന്ന് തീരുമാനങ്ങളെടുത്തു, ശരിയായ പ്രക്രിയകൾ അനുവർത്തിച്ചില്ല, ലേലത്തിൽ കൃത്രിമം കാട്ടി അടുപ്പക്കാർക്ക് കരാറുകൾ നൽകി, പ്രക്ഷേപണക്കരാറിൽ കോഴ സ്വീകരിച്ചു, കുടുംബത്തിലുള്ളവർക്കു തന്നെ ഫ്രാഞ്ചൈസി നൽകി, വാതുവെയ്പ്പ്, കള്ളപ്പണം വെളുപ്പിക്കൽ, എന്നിവയെല്ലാം ഉൾപ്പെടുന്നു. ഇതിനു ശേഷമാണ്, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ അന്വേഷണം നേരിട്ടു കൊണ്ടിരുന്ന ലളിത് മോദി ലണ്ടനിലേക്ക് കടന്നത്. അവിടെ അദ്ദേഹം ഒളിവിലോ കുറ്റവാളിയോ ആയല്ല, ഒരു സാധാരണ പൗരനായി ജീവിക്കുന്നു. ലളിത് മോദിക്ക് അനുകൂലമായ യാത്രാരേഖകൾ തികച്ചും നിയമ വിരുദ്ധമായി സംഘടിപ്പിക്കുവാനും യുകെ സർക്കാരിനെ സ്വാധീനിക്കുവാനും, മുൻ വിദേശ കാര്യമന്ത്രി, അന്തരിച്ച സുഷമ സ്വരാജ്, തന്റെ ഔദ്യോഗികപദവി ദുരുപയോഗം ചെയ്തു എന്ന് വെളിപ്പെട്ടിരുന്നു. പിന്നീട് അറിഞ്ഞത്, മോദിയുടെ കുടിയേറ്റ അപേക്ഷയിൽ സാക്ഷിയായി വസുന്ധര രാജെ തന്നെ പിന്തുണക്കാൻ ഉണ്ടായിരുന്നു എന്നാണ്. ലളിത് മോദിയും, രാജെയും അവരുടെ കുടുംബവും തമ്മിൽ പരസ്പര താത്പര്യാർത്ഥമുള്ള ഇരുണ്ട സാമ്പത്തിക ഇടപാടുകളുമുണ്ടായിരുന്നെന്നും അറിയാൻ കഴിഞ്ഞു.

**ഗുജറാത്ത് മുഖ്യമന്ത്രി എന്ന നിലയിലുള്ള നരേന്ദ്രമോദിയുടെ ഭരണത്തിന്റെ അവസാനപാദത്തിലെ സിഎജിയുടെ അഞ്ച് ഓഡിറ്റ് റിപ്പോർട്ടുകളിലായി 25,000 കോടിയോളം രൂപയുടെ വിവാദ ഇടപാടുകളാണ് പുറത്തുവന്നത്. ഇത് ചൂണ്ടിക്കാണിക്കുന്നത് സാമ്പത്തിക ദുർവ്യയവും വർധിക്കുന്ന കടക്കെണിയുമാണ്.**

വ്യാപം (വ്യവസായിക് പരീക്ഷാ മണ്ഡൽ) അഴിമതി, 36000 കോടി രൂപയോളം വലുതായ അഴിമതിയാണ്. ബിജെപി ഭരണത്തിലായിരുന്ന മധ്യപ്രദേശിലെ, പോലീസ്, ബാങ്ക്, അധ്യാപനം എന്നിവയടക്കമുള്ള സർക്കാർ ജോലികൾക്കും, മെഡിക്കൽ-എഞ്ചിനീയറിങ്ങ് പ്രവേശനത്തിനുമടക്കമുള്ള എല്ലാ പ്രൊഫഷണൽ/യോഗ്യത പരീക്ഷകളും ഇതിൽ ഉൾപ്പെട്ടിരിക്കുന്നു. സംസ്ഥാനത്തെ ബിജെപി മുഖ്യമന്ത്രിയടക്കമുള്ള മന്ത്രിമാർ, സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള ഭരണകക്ഷി നേതാക്കൾ, ആർഎസ്എസ്-ബിജെപി വൻതോക്കുകൾ, ഉദ്യോഗസ്ഥർ, എന്തിന് ഗവർണറുടെ ഓഫീസ് പോലും ശുപാർശ ചെയ്യുന്ന മത്സരാർത്ഥികൾക്കായി വൻതോതിൽ പണം കൈമാറിക്കൊണ്ടാണ് ഈ അധാർമികപ്രവൃത്തികളൊക്കെയും നടന്നിരിക്കുന്നത് എന്ന് വെളിച്ചത്തു വന്നു. ഈ അഴിമതിക്ക് അതിന്റെ കുപ്രസിദ്ധി നേടിക്കൊടുത്തതും, കൊടിയ അഴിമതി എന്നതിനപ്പുറം, അധികാരത്തിന്റെ ഇടനാഴികളിലുള്ള വ്യക്തികൾ, മാഫിയ ഗ്രൂപ്പുകളും പ്രൊഫഷണൽ കൊലപാതകികളുമായുള്ള അവിശുദ്ധ സഖ്യത്തിലൂടെ കൃത്യമായി ആസൂത്രണം ചെയ്തു നടപ്പാക്കിയ ഹീനമായ കുറ്റകൃത്യത്തിന്റെ ഭീകരമുഖമാണ്. ഇതിലെ പ്രതികൾ, സാക്ഷികൾ, മാപ്പുസാക്ഷികൾ, അന്വേഷണ ഉദ്യോഗസ്ഥർ, പ്രൊഫസർമാർ, ഡീൻമാർ, അന്വേഷണം നടത്തിയ പത്രപ്രവർത്തകരും മാധ്യമപ്രവർത്തകരും മറ്റ് വിസിൽ ബ്ലോവർമാരുമടക്കം, 48-ഓളം പേർ ദുരൂഹസാഹചര്യങ്ങളിൽ മരിച്ചു എന്ന വസ്തുതയാണ് ഇതിലെ ഭീകരത. ബിജെപിക്കാരനായ അന്നത്തെ മധ്യപ്രദേശ് വിദ്യാഭ്യാസമന്ത്രിക്കും മറ്റ് 86 പേർക്കുമെതിരേ സിബിഐ ചാർജ്ഷീറ്റ് ഫയൽ ചെയ്തു വെങ്കിലും, ബിജെപി മുഖ്യമന്ത്രിക്ക് ക്ലീൻചിറ്റ് നൽകി; നാളിതുവരെ ആർക്കുമേലും കുറ്റം ചുമത്തി ശിക്ഷിച്ചിട്ടില്ല.

2015 മാർച്ചിൽ, അതുവരെ ദരിദ്രകുടുംബങ്ങൾക്ക് കിലോഗ്രാമിന് ഒരു രൂപ നിരക്കിൽ അരി നൽകുന്നു എന്നു മേനി നടിച്ച ഛത്തീസ്ഗഢിലെ ബിജെപി നേതൃത്വത്തിലുള്ള സർക്കാർ, വാസ്തവത്തിൽ കുറഞ്ഞ നിലവാരത്തിലുള്ള അരിയും പരിപ്പും അയഡിൻ ഉപ്പുമാണ് പൊതുവിതരണസംവിധാനം വഴി സംസ്ഥാനത്തെ ദരിദ്രകുടുംബങ്ങൾക്ക് വിതരണം ചെയ്തതെന്ന് കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ കണ്ടെത്തിയിരുന്നു. നാഗരിക് അപൂർത്തി നിഗം(NAN) ആണ് ചില വകുപ്പുകൾക്ക്, പ്രത്യേകിച്ചും ഭക്ഷ്യവകുപ്പിനു വേണ്ടിയുള്ള എല്ലാ സംഭരണവും നടത്തുന്നത്. ഇതിൽ നെല്ല് സംഭരണവും റേഷൻകടകൾ വഴിയുള്ള പുനർവിതരണവും ഉൾപ്പെടുന്നു. 35000 കോടി രൂപയുടെ വമ്പൻ തിരിമറിയും, പഴകിയ സാധനങ്ങൾ സംഭരിച്ചതിനുള്ള കോഴ സ്വീകരിച്ചതും സംബന്ധിച്ച ആരോപണം ഉയർന്നിരുന്നു. ഒരു നാൻ ഉദ്യോഗസ്ഥനിൽ നിന്നും പിടിച്ചെടുത്ത ഡയറിയിൽ, വിവിധ സർക്കാർ ഉദ്യോഗസ്ഥർ, മന്ത്രിമാർ, എംഎൽഎമാർ, പല വമ്പൻ വ്യക്തികൾ എന്നിവർക്കായി ബഹുകോടിയുടെ കോഴകൾ നൽകിയതിന്റെ, കൈപ്പടയിലുള്ള രേഖപ്പെടുത്തലുണ്ടായിരുന്നു. പക്ഷേ, ഇത് റായിപ്പൂരിലെ പ്രത്യേക അഴിമതി വിരുദ്ധ കോടതിയിൽ ഛത്തീസ്ഗഢ് സാമ്പത്തിക കുറ്റകൃത്യ വിഭാഗം ഫയൽ ചെയ്ത കുറ്റപത്രത്തിൽ പരാമർശിച്ചുവെങ്കിലും പലതും മൂടിവെച്ചിരിക്കുന്നു.

കാര്യം ഇവിടെ അവസാനിക്കുന്നില്ല. 2015 മേയ് ഒന്നിന് പാർലമെന്റിൽ സിഎജി സമർപ്പിച്ച ഓഡിറ്റ് റിപ്പോർട്ട് പ്രകാരം, നിലവിലെ കേന്ദ്രമന്ത്രിയായ നിതിൻ ഗഡ്കരി, പൂർത്തി സഖർ കർഖാനയുടെ പ്രൊമോട്ടറും ഡയറക്ടറും എന്ന നിലയിൽ, മാർഗനിർദേശങ്ങൾ ലംഘിച്ചു കൊണ്ട് സർക്കാരിൽ നിന്നും വായ്പകളെടുത്തിരുന്നു. 2014-ൽ, മഹാരാഷ്ട്രയിലെ 16 ബിജെപി മന്ത്രിമാർക്കെതിരേ അഴിമതിയാരോപണമുണ്ടായിരുന്നു. ഇതിൽ, ഐസിഡിഎസ് പദ്ധതിയിലൂടെ പാവപ്പെട്ട കുട്ടികൾക്കുള്ള ഭക്ഷണത്തിൽ നിന്നു പോലും പണമുണ്ടാക്കിയെന്നതായിരുന്നു പങ്കജ മുണ്ഡെക്കെതിരേയുള്ള ആരോപണം. സംശയകരമായ ഭൂമിയിടപാടുകളാണ് ഏക്നാഥ് ഖാഡ്സെക്കെതിരേ ചാർജ് ചെയ്യപ്പെട്ടത്. അന്നത്തെ കേന്ദ്ര ധനകാര്യമന്ത്രി, അന്തരിച്ച അരുൺ ജെയ്റ്റ്ലി ഡൽഹി ക്രിക്കറ്റ് അസോസിയേഷന്റെ തലപ്പത്തിരുന്നപ്പോൾ അവിടെ അഴിമതിയുണ്ടായിരുന്നു എന്നു പ്രസ്താവിച്ചതിനാണ്, ബിജെപി തങ്ങളുടെ ദർഭംഗ എംപിയായിരുന്ന കീർത്തി ആസാദിനെ സസ്പെന്റ് ചെയ്തത്. 2005നും 2007നും ഇടയിൽ, അന്ന് അധികാരത്തിൽ ഇല്ലാതിരുന്നിട്ടു കൂടി, പിന്നീട് ഗോവ മുഖ്യമന്ത്രിയായ ലക്ഷ്മീകാന്ത് പർസേക്കറുടെ ആസ്തി 749% ആണ് വർധിച്ചത്. അതായത്, വെറും എംഎൽഎ ആയിരുന്നിട്ടു കൂടി, വെറും 9 വർഷം കൊണ്ട്, 1.26 കോടിയിൽ നിന്നും 10.74 കോടിയിലേക്ക്, 9 കോടി രൂപയുടെ വർധന.

ബിജെപിയിലേക്ക് തെലുഗു ദേശം പാർട്ടിയിൽ നിന്നും കൂറുമാറിയെത്തിയ നാല് എംപിമാരിൽ രണ്ടു പേരും, വ്യവസായികളുമായ സി എം രമേശും വൈ എസ് ചൗധരിയും സാമ്പത്തികക്രമക്കേടുകളുടെ പേരിൽ മൂന്നു കേന്ദ്ര ഏജൻസികളുടെ അന്വേഷണം നിലവിൽ നേരിട്ടു കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ വർഷം നവംബറിൽ, ബിജെപി എംപിയും വക്താവുമായ ജി വി എൽ നരസിംഹ റാവു, ചൗധരിയേയും രമേശിനേയും വിളിച്ചത് ആന്ധ്രാ മല്ല്യമാർ എന്നായിരുന്നു. അവർക്കെതിരേ മതിയായ നടപടി എടുക്കണമെന്ന് അദ്ദേഹം രാജ്യസഭ എത്തിക്സ് കമ്മിറ്റിക്ക് എഴുതുകയും ചെയ്തിരുന്നു. തൃണമൂൽ കോൺഗ്രസിലെ രണ്ടാമനായിരുന്ന മുകുൾ റോയിയും, കൊൽക്കത്തയുടെ പഴയ മേയറും പശ്ചിമ ബംഗാളിലെ ടിഎംസി സർക്കാരിലെ കരുത്തനായ മന്ത്രിയുമായിരുന്ന ഷോവൻ ചാറ്റർജിയും, നാരദാ കുംഭകോണവുമായി ബന്ധപ്പെട്ട് പണം വാങ്ങുന്നത് ഒളിക്യാമറയിൽ കണ്ടതാണ്. ഇവരേയും, വളരെ കൊട്ടിഘോഷത്തോടെ ബിജെപിയിലേക്ക് സ്വാഗതം ചെയ്തു.

സിഎജി അടുത്തിടെ നിരീക്ഷിച്ചത്, സ്വച്ഛ ഭാരത് നികുതിയിലൂടെ സമാഹരിച്ച തുക ഒന്നുകിൽ എവിടെയോ നിശ്ചലമായി ഇരിക്കുന്നു, അല്ലെങ്കിൽ മറ്റെങ്ങോട്ടോ വഴിമാറ്റിയിരിക്കുന്നു എന്നാണ്.

### ഗുജറാത്ത് മാതൃക

ഗുജറാത്തിലെ മുൻ ബിജെപി മുഖ്യമന്ത്രി ആനന്ദിബെൻ പട്ടേലിന്റെ മകൾ അനാർ പട്ടേലിനെതിരേ, അവരുടെ അമ്മയുടെ രാഷ്ട്രീയ സ്വാധീനമുപയോഗിച്ച് ഇല്ലാത്ത റിസോർട്ട് പദ്ധതിക്കു വേണ്ടി കുറഞ്ഞ വിലയ്ക്ക് ഭൂമി കൈക്കലാക്കിയതിനും, കൃഷിഭൂമി നേടിയെടുത്ത് മറ്റ് ആവശ്യങ്ങൾക്കായി വകമാറ്റിയതിനും ആരോപണം ഉയർന്നിരുന്നു. ഈ തട്ടിപ്പ് ഉണ്ടാക്കിയ ഒച്ചപ്പാട് കാരണം, പ്രശ്നം പരിഹരിച്ച് സ്വന്തം പ്രതിച്ഛായ വീണ്ടെടുക്കണമെന്ന് ആനന്ദിബെൻ പട്ടേലിനോട് പ്രധാനമന്ത്രി നരേന്ദ്രമോദിക്കു തന്നെ ആവശ്യപ്പെടേണ്ടി വന്നു.

ടാറ്റ തങ്ങളുടെ നാനോ കാർ നിർമാണശാല ഗുജറാത്തിലേക്ക് പറിച്ചുനട്ടപ്പോൾ, 9570 കോടി രൂപയുടെ വായ്പയാണ്, 20 വർഷത്തേക്ക് 0.1% പലിശനിരക്കിൽ ഗുജറാത്ത് സർക്കാർ അവർക്കു നൽകിയത്. ഇത് ഗുജറാത്തിന്റെ വാർഷികബജറ്റിന്റെ 25% വരും. ഭൂമിയുടെ വിലയാകട്ടെ, എട്ട് തുല്യവാർഷിക തവണകളായി തിരിച്ചടക്കുവാനും അനുവദിച്ചു. കൂടാതെ പദ്ധതിക്കായി നാലു വരി റോഡും സർക്കാർ നൽകി, ഒപ്പം, വൈദ്യുതചുങ്കം, രജിസ്ട്രേഷൻ, കൈമാറ്റ ചാർജുകൾ എന്നിവ

*(ശേഷം 7-ാം പേജിൽ)*

# നോട്ടുനിരോധനം – റഫേൽ – വ്യാപം – നീരവ് മോദി – യെദിയൂരപ്പ: അഴിമതിയുടെ പട്ടിക അനന്തമായി നീളുന്നു

*(6-ാം പേജിൽ നിന്ന്)*

യിൽ നിന്നും ടാറ്റയെ ഒഴിവാക്കുകയും ചെയ്തു. ഇതിനും പുറമെ, സർക്കാർ തന്നെ മാലിന്യ സംസ്ക്കരണശാല നിർമിച്ചു നൽകി, പൈപ്പ്ലൈനിലൂടെ പ്രകൃതിവാതകവും നൽകി. അഹമ്മദാബാദിനടുത്ത് ഒരു ടൗൺഷിപ്പിനായി 100 ഏക്കർ ഭൂമിയും നൽകി. എന്നാൽ, അനവധി വിവരാവകാശ അപേക്ഷകളുണ്ടായിട്ടും, വാണിജ്യ രഹസ്യങ്ങൾ പുറത്തുവിടാനാകില്ല എന്നതു മറയാക്കി, ഈ ഇടപാട് പരസ്യമാക്കിയില്ല. പക്ഷേ, സംസ്ഥാന വ്യവസായ വകുപ്പു നൽകിയ ഒരു കാബിനെറ്റ് നോട്ടിന്റെ രൂപത്തിൽ ഇതെല്ലാം പുറത്തായി.

ഗുജറാത്ത് മുഖ്യമന്ത്രി എന്ന നിലയിലുള്ള നരേന്ദ്രമോദിയുടെ ഭരണത്തിന്റെ അവസാനപാദത്തിലെ സിഎജിയുടെ അഞ്ച് ഓഡിറ്റ് റിപ്പോർട്ടുകളിലായി 25,000 കോടിയോളം രൂപയുടെ വിവാദ ഇടപാടുകളാണ് പുറത്തുവന്നത്. ഇത് ചൂണ്ടിക്കാണിക്കുന്നത് സാമ്പത്തിക ദുർവ്യയവും വർധിക്കുന്ന കടക്കെണിയുമാണ്. ഇപ്പോൾ ഇന്ത്യയുടെ ഉപരാഷ്ട്രപതിയായ, ബിജെപി നേതാവ് വെങ്കയ്യ നായിഡുവിന്റെ കുടുംബത്തിന്റെ ഉടമസ്ഥതയിലുള്ള ആർച്ചിയൻ കെമിക്കൽസ് എന്ന ഒരു കമ്പനിക്കായി കച്ച് ഭാഗത്ത് 600 ദശലക്ഷം ചതുരശ്ര മീറ്റർ ഭൂമിയാണ് വർഷം വെറും 15 പൈസ നിരക്കിൽ ഗുജറാത്തിലെ ബിജെപി സർക്കാർ വാടകക്കു നൽകിയിരിക്കുന്നത്. 2013-ൽ അന്ന് തുറമുഖ-മത്സ്യബന്ധന വകുപ്പു മന്ത്രിയായിരുന്ന പുരുഷോത്തം സോളങ്കി, തന്റെ അടുപ്പക്കാർക്കായി 58 റിസർവോയറുകളുടെ കരാറുകൾ ചട്ടവിരുദ്ധമായി നൽകിയതിന് ആരോപണവിധേയനായിരുന്നു. വെറും 28 അണക്കെട്ടുകൾക്കായി സംസ്ഥാന ഖജനാവിനുണ്ടായ വരുമാനനഷ്ടം 420 കോടി രൂപയായിരുന്നു. ഈ കരാറുകൾ മതിയായ അധികാരമുള്ളവരല്ല നൽകിയതെന്നും, ബാഹ്യകാരണങ്ങൾക്കായി ചില പ്രത്യേക കക്ഷികളെ പ്രീതിപ്പെടുത്തുവാനായി മന്ത്രി തന്റെ അധികാരം ദുരുപയോഗം ചെയ്തുവെന്നും ഗുജറാത്ത് ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് വിധിച്ചു. കച്ച് ജില്ലയിൽ ഏകദേശം 36.25 ഏക്കർ കൃഷിഭൂമി, എല്ലാ ചട്ടങ്ങളും കാറ്റിൽപറത്തി ഇൻഡിഗോൾഡ് റിഫൈനറി ലിമിറ്റഡ് വാങ്ങുകയും വിൽക്കുകയും ചെയ്തു. ഗുജറാത്ത് സ്റ്റേറ്റ് പെട്രോളിയം കോർപ്പറേഷന്റെ പിപാവാവ് പവർ സ്റ്റേഷന്റെ 49% ഓഹരികൾ ടെൻഡർ പോലും വിളിക്കാതെ സ്വാൻ എനർജിക്കു വിറ്റു. വിപണിയിൽ അഞ്ച് കിലോക്ക് 120 മുതൽ 140 രൂപ വരെ മാത്രം വിലയുണ്ടായിരുന്ന കാലിത്തീറ്റയാണ്, കരിമ്പട്ടികയിൽ പെടുത്തിയ ഒരു കമ്പനിയിൽ നിന്നും ഗുജറാത്ത് സർക്കാർ, 5 കിലോക്ക് 240 രൂപ നിരക്കിൽ വാങ്ങിയത്. 2008-ൽ ടെൻഡറൊന്നും വിളിക്കാതെയാണ് സംസ്ഥാന സർക്കാർ 38 കായലുകളിലെ മീൻപിടിത്ത പ്രവർത്തനത്തിനുള്ള കരാറുകൾ നൽകിയത്. സുപ്രീം കോടതി മാർഗനിർദേശമനുസരിച്ച് കൈമാറ്റമോ നിർമാണമോ അനുവദിക്കാൻ പാടില്ലാത്ത, സംരക്ഷിത തീരപ്രദേശവും വനഭൂമിയുമടക്കം 2.08 ലക്ഷം ചതുരശ്ര മീറ്റർ ഭൂമിയാണ് ബിജെപി നേതൃത്വത്തിലുള്ള സംസ്ഥാന സർക്കാർ എസ്സാർ സ്റ്റീലിന് കൈമാറിയത്. മുന്ദ്ര തുറമുഖത്തിനും മുന്ദ്ര പ്രത്യേക സാമ്പത്തികമേഖലക്കുമായി ചതുരശ്ര മീറ്ററിന് ഒരു രൂപയെന്ന, വിപണിവിലയേക്കാൾ എത്രയോ കുറഞ്ഞ തുകയ്ക്കാണ് അദാനി ഗ്രൂപ്പിന് ഭൂമി നൽകിയത്. പട്ടിക ഇനിയും നീളും. സെന്റർ ഫോർ ബഡ്ജറ്റ് ആൻഡ് ഗവേണൻസ് അക്കൗണ്ടബിലിറ്റി അഴിമതിയെക്കുറിച്ച് തയ്യാറാക്കിയ അന്വേഷണ കമ്മീഷൻ റിപ്പോർട്ട് പരസ്യപ്പെടുത്താനും ഗുജറാത്തിലെ ബിജെപി സർക്കാർ വിസമ്മതിക്കുന്നു.

### നോട്ടു നിരോധനം-റഫേൽ-നീരവ് മോദി-യെദിയൂരപ്പ: അഴിമതിയുടെ ചില പുതിയ ഉദാഹരണങ്ങൾ

2016 നവംബർ 8 രാത്രിയിൽ പ്രധാനമന്ത്രി ടെലിവിഷനിലൂടെ പ്രഖ്യാപിച്ചു, വരുന്ന അർധരാത്രിക്കു ശേഷം, അതായത് കഷ്ടിച്ച് 4 മണിക്കൂറിനുള്ളിൽ, 500, 1000 രൂപ നോട്ടുകൾ രാജ്യത്ത് അസാധുവാകുമെന്ന്. ചംക്രമണത്തിലുള്ള കറൻസിയുടെ 86% അസാധുവാക്കുന്ന ഈ നടപടിക്കു നൽകിയ ന്യായീകരണമാകട്ടെ, അതിലൂടെ മറ്റു പലതുമെന്നപോലെ അഴിമതി തടയാനും കള്ളപ്പണത്തിന്റെ അടിവേരറക്കാനുമാകും എന്നതായിരുന്നു. ഈ നീക്കം അതീവരഹസ്യമായി സൂക്ഷിച്ചിരുന്നുവെന്നും, പ്രധാനമന്ത്രിയും അദ്ദേഹത്തിന്റെ ചുരുക്കം ചില വിശ്വസ്തരും ഒഴികെ, അദ്ദേഹത്തിന്റെ കാബിനെറ്റിലെ മറ്റ് അംഗങ്ങൾ പോലും ഇക്കാര്യത്തെക്കുറിച്ച് അറിഞ്ഞിരുന്നില്ല എന്നാണ് പറയപ്പെട്ടത്. പക്ഷേ, 2016 ഒക്ടോബർ 27നു തന്നെ ദൈനിക് ജാഗ്രൺ എന്ന, നല്ല പ്രചാരമുള്ള ഹിന്ദി ദിനപ്പത്രം വരാൻ പോകുന്ന നോട്ട് അസാധുവാക്കലിനെ കുറിച്ച് സൂചനകൾ തന്നിരുന്നു. രാജസ്ഥാനിലെ കോട്ടയിൽ നിന്നുള്ള ബിജെപി നിയമസഭാംഗം ഭവാനി സിങ്ങ് ആരോപിച്ചത്, മുകേഷ് അംബാനിയേയും ഗൗതം അദാനിയേയും പോലുള്ള വമ്പൻ കുത്തകകൾക്ക് 500, 1000 രൂപ നോട്ടുകൾ അസാധുവാക്കുന്നതിനെക്കുറിച്ച് മുന്നറിവ് ഉണ്ടായിരുന്നു, അവർ അതനുസരിച്ച് തങ്ങളുടെ പണം മുൻകൂറായി തന്നെ മാറ്റിയെന്നുമാണ്. രാജ്യത്തെ നിവാസികൾക്ക് വിദേശത്തേക്ക് പ്രതിവർഷം അയക്കാൻ കഴിയുന്ന പണത്തിന്റെ ഉയർന്ന പരിധി, 2015 മേയ് 26 മുതൽ 75000 ഡോളറിൽ നിന്നും 2.5 ലക്ഷം ഡോളറായി ബിജെപി സർക്കാർ ഉയർത്തിയിരുന്നു. ഇപ്പോൾ വെളിച്ചത്തു വരുന്നത്, അതിനു ശേഷമുള്ള 11 മാസങ്ങളിൽ 30000 കോടി രൂപ, അഥവാ 4.6 ശതകോടി ഡോളറോളം ഉയർന്ന തുകയാണ് ഇന്ത്യയിൽ നിന്നും വിദേശത്തേക്ക് പോയത് എന്നാണ്. പലരും വിശ്വസിക്കുന്നത്, ഇതിൽ പ്രധാനപങ്കും വിദേശത്തേക്കു കടത്തിയ കള്ളപ്പണമാണെന്നാണ്. ഇങ്ങനെ വിദേശത്ത് പണം ഒളിപ്പിച്ചവർക്കും വരാൻ പോകുന്ന നോട്ട് അസാധുവാക്കലിനെ കുറിച്ച് മുന്നറിവ് ഉണ്ടായിരുന്നോ? മുഖ്യധാര മാധ്യമങ്ങളിൽ തന്നെ വന്നത്, 2016 സെപ്റ്റംബർ 2ന് അവസാനിച്ച പക്ഷത്തിൽ ബാങ്ക് നിക്ഷേപങ്ങളിൽ 10 മടങ്ങ് വർധനവുണ്ടായിരുന്നുവെന്നാണ്. (50000 കോടി രൂപയിൽ നിന്നും 5 ലക്ഷം കോടിയിലേക്ക്) വരാനിരിക്കുന്ന നോട്ട് അസാധുവാക്കലിനെ കുറിച്ച് മുൻകൂർ അറിഞ്ഞവർ കള്ളപ്പണത്തെ വെളുപ്പിക്കുകയായിരുന്നു എന്ന സംശയം ദൂരീകരിക്കുവാൻ എളുപ്പമല്ല. ഗുജറാത്തിൽ നിന്നുള്ള മുൻ ബിജെപി എംഎൽഎ യതിൻ ഓജ, പ്രധാനമന്ത്രിക്കുള്ള തുറന്ന കത്തിൽ എഴുതിയത്, രാജ്യത്തെ കള്ളപ്പണത്തിന്റെ 50 ശതമാനവും നിയന്ത്രിക്കുന്ന താങ്കൾക്കു വേണ്ടപ്പെട്ട വ്യവസായികൾക്ക് നോട്ടസാധുവാക്കൽ സംബന്ധിച്ച വിവരം നേരത്തെ കൈമാറിയിരുന്നു... ബിജെപിക്കു വിധേയരായ ആളുകൾ നിയന്ത്രിക്കുന്ന എല്ലാ ജില്ല സഹകരണ ബാങ്കുകളും... 2016 നവംബർ 8 രാത്രി 9 മണി മുതൽ 2016 നവംബർ 9 വെളുപ്പിനെ 5 മണി വരെ 500, 1000 രൂപ നോട്ടുകൾ കുറഞ്ഞ മൂല്യത്തിലേക്ക് കൈമാറിക്കൊടുക്കുകയായിരുന്നു... നവംബർ 8 മുതൽ ഇന്നു വരെ (2016 നവംബർ 9) ശ്രീ അമിത് ഷായുടെ ഏറ്റവും അടുത്ത അനുയായികൾ എല്ലാം കൈമാറ്റക്കച്ചവടത്തിൽ ഏർപെട്ടിരിക്കുകയായിരുന്നു എന്ന് വ്യക്തമായും സംശയരഹിതമായും തെളിയിക്കാൻ സാധിക്കുന്ന വീഡിയോ റിക്കാർഡിങ്ങ് എന്റെ കൈവശമുണ്ട്. അവരുടെ ഓഫീസിനും വീടിനും പുറത്ത് 37% എന്ന കുറഞ്ഞ നിരക്കിൽ കള്ളപ്പണം വെളുപ്പിക്കാനുള്ളവരുടെ നീണ്ട നിരയുണ്ട്. ഏറെ കൊട്ടിഘോഷിച്ച ജൻധൻ യോജനയിലെ സീറോ ബാലൻസ് അക്കൗണ്ടുകളിൽ രായ്ക്കുരാമാനം 21,000 കോടി രൂപയോളമാണ് നിക്ഷേപിക്കപ്പെട്ടത്. അറിവു കുറഞ്ഞ പാവപ്പെട്ടവരെ തുച്ഛമായ കമ്മീഷൻ കാട്ടി പ്രലോഭിപ്പിച്ച് തങ്ങളുടെ കണക്കിൽ പെടാത്ത പണത്തെ വെളുപ്പിച്ചെടുക്കാൻ കള്ളപ്പണക്കാർക്ക് സർക്കാർ പരോക്ഷമായി അവസരമൊരുക്കി കൊടുക്കുകയായിരുന്നില്ലേ ഇവിടെ.

കള്ളപ്പണം സ്വമേധയാ വെളിപ്പെടുത്താനുള്ള ഒരു പദ്ധതിയും ബിജെപി സർക്കാർ ആരംഭിക്കുകയുണ്ടായി. ഇതിൽ പങ്കെടുത്ത് കള്ളപ്പണം നിക്ഷേപിക്കുന്നവർക്ക്, 50% നികുതിയും പിഴയുമൊടുക്കി രക്ഷപെടാം എന്ന വ്യക്തമായ വാഗ്ദാനം ഇതിലുണ്ടായിരുന്നു. അവരെ ശിക്ഷിക്കുകയോ ചോദ്യം ചെയ്യുകയോ ഇല്ല. ഗുരുതരമായ കുറ്റകൃത്യത്തിൽ മാപ്പു നൽകുന്നതു പോലെ കള്ളപ്പണക്കാർക്ക് മാപ്പു നൽകുകയായിരുന്നില്ലേ ഇവിടെ? നോട്ടസാധുവാക്കലിലൂടെയും ഇത്തരം നയങ്ങളിലൂടെയും ബിജെപി അപ്പോൾ അഴിമതിക്കെതിരേ പൊരുതുകയായിരുന്നോ?

അടുത്തത്, വമ്പന്മാരായ സാമ്പത്തികകുറ്റവാളികളെ രാജ്യം വിടാനും വിദേശത്തു പോയി സുഖവാസമനുഷ്ഠിക്കാനും അനുവദിക്കുന്ന കാര്യം. 9000 കോടിയോളം രൂപയുടെ ബാങ്ക് വായ്പകളുടെ തിരിച്ചടവു മുടക്കിയ വിജയ് മല്ല്യ എന്ന, ബിജെപി രാജ്യസഭ എംപി കൂടിയായ കോർപ്പറേറ്റ് ഭീമൻ, എത്ര എളുപ്പത്തിലാണ് ലണ്ടനിലേക്ക് കടന്നു കളഞ്ഞത്! മല്ല്യ അവകാശപ്പെടുന്നത്, അദ്ദേഹം അന്നത്തെ കേന്ദ്ര ധനകാര്യമന്ത്രി അരുൺ ജെയ്റ്റ്ലിയെ പാർലമെന്റിന്റെ ഇടനാഴിയിൽ വെച്ച് കണ്ടിരുന്നു എന്നാണ്. ഈ വസ്തുത ജെയ്റ്റ്ലിയും നിഷേധിച്ചിരുന്നില്ല. അതു മാത്രമല്ല. 1200 കോടി രൂപയുടെ നികുതിയിളവാണ് ബിജെപി സർക്കാർ മല്ല്യക്ക് നൽകിയത്. മല്ല്യയുടെ കിങ്ഫിഷർ എയർലൈന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ നൽകിയ 1200 കോടി രൂപയുടെ കടം അവർ എഴുതിത്തള്ളിയതായാണ് അറിയുന്നത്. ഇത് സർക്കാർ എങ്ങനെയൊക്കെ നിഷേധിച്ചാലും ശരി, ഒരു പരോക്ഷ ഇളവു തന്നെയാണ്. ഇതിനു പിന്നാലെയാണ് ആഡംബര വജ്രാഭരണ വ്യാപാരിയും, 2017-ൽ ഇന്ത്യയിലെ അതിസമ്പന്നരുടെ ഫോർബ്സ് പട്ടികയിൽ 57-ാം സ്ഥാനക്കാരനുമായിരുന്ന നീരവ് മോദിയും, അദ്ദേഹത്തിന്റെ അമ്മാവൻ മെഹുൽ ചോക്സിയും മറ്റ് ബന്ധുക്കളും കൂട്ടാളികളും – രാജ്യത്തെ നാലു വലിയ വജ്രവ്യാപാര കമ്പനികളുടെ ഉടമസ്ഥരാണിവർ – പ്രധാന പൊതുമേഖല ബാങ്കുകളിലൊന്നായ പഞ്ചാബ് നാഷണൽ ബാങ്കിൽ നിന്നും നിസ്സാരമായി 11,300 കോടി രൂപ തട്ടിയെടുത്തത്. ചില കേന്ദ്രങ്ങൾ പറയുന്നത്, ഇത് 20,000 കോടിക്കു മേൽ വരുമെന്നാണ്. പ്രധാനമന്ത്രിയും അന്നത്തെ ധനകാര്യമന്ത്രിയും നീരവ് മോദി തട്ടിപ്പ് പുറത്തു വന്ന ആദ്യദിനങ്ങളിൽ ഒന്നും സംഭവിച്ചിട്ടില്ലാത്തതു പോലെ മൗനം ഭജിച്ചു. എന്തു കൊണ്ട്? കാരണം ഈ അഴിമതി രാജാക്കന്മാരൊക്കെയും ഭരിക്കുന്ന ബിജെപിയുടേയും പ്രധാനമന്ത്രിയുടേയും മറ്റ് മന്ത്രിമാരുടേയും ഏറ്റവും അടുപ്പക്കാരാണ്. 2017-ൽ ദാവോസിൽ നടന്ന ലോക സാമ്പത്തിക ഫോറത്തിലെ ഇന്ത്യൻ വ്യവസായ-വാണിജ്യ സംഘത്തിൽ അംഗമായിരുന്നു നീരവ് മോദി. അവിടെ വെച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദിയുമൊത്തുള്ള ഗ്രൂപ്പ് ഫോട്ടോയിലും നമുക്ക് ഇദ്ദേഹത്തെ കാണാം. അന്നത്തെ ധനകാര്യമന്ത്രി അരുൺ ജെയ്റ്റ്ലിയുടെ നേതൃത്വത്തിൽ ദാവോസിലേ

*(ശേഷം 8-ാം പേജിൽ)*

> **പ്രധാനമന്ത്രി നരേന്ദ്രമോദിയിൽ നിന്നുംവിശ്വസിക്കാനാകാത്ത വിധം ഔദാര്യങ്ങൾ കൈപ്പറ്റുന്നയാളാണ് കുത്തകയായ ഗൗതം അദാനി ഗ്രൂപ്പ്. പൊതുമേഖലാ ബാങ്കുകളിൽ നിന്നും ഏകദേശം 72,000 കോടി രൂപയോളമാണ് ഇവർക്ക് വായ്പയായി തിരിച്ചടയ്ക്കാനുള്ളതെന്ന് വെളിപ്പെട്ടിരിക്കുന്നു. ഇത് രാജ്യത്തെ കർഷകരുടെ മൊത്തം വായ്പയ്ക്കു തുല്യമാണ്.**

# ബിജെപി അഴിമതി ഭരണം...

*(7-ാം പേജിൽ നിന്ന്)*

ക്കു പോയ സംഘത്തിലും ഇദ്ദേഹം ഭാഗമായിരുന്നു. 2015-ൽ ഒട്ടനവധിയാളുകൾ മെഹുൽ ചോക്സിക്കെതിരേ വഞ്ചനാക്കുറ്റത്തിന് പരാതി നൽകിയിരുന്നു. ചോക്സി നടത്തിയിരുന്ന ഒരു തട്ടിപ്പു പദ്ധതിയിൽ അവരെ പ്രലോഭിപ്പിച്ച് വഞ്ചിച്ച് പണം നിക്ഷേപിപ്പിച്ചുവത്രേ. പക്ഷേ, ചോക്സിക്കെതിരേ പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്യാൻ ഗുജറാത്ത് പോലീസ് വിസമ്മതിച്ചു. നരേന്ദ്രമോദിയുടെ വൈബ്രന്റ് ഗുജറാത്ത് പ്രചാരണത്തിലൂടെ മെഹുൽ ചോക്സിക്കും വ്യാപക പരസ്യം കിട്ടിയിരുന്നു. പല പ്രമുഖ ബിജെപി നേതാക്കളും അവരുടെ ബന്ധുക്കളും മെഹുലിന്റെ സ്ഥാപനമായ ഗീതാഞ്ജലിയുടെ പ്രചാരണത്തിൽ പങ്കെടുത്തിരുന്നുവെന്നാണ് റിപ്പോർട്ട്. 2015 നവംബറിൽ പ്രധാനമന്ത്രിയുടെ ഓഫീസിൽ നടന്ന ഒരു പരിപാടിയിലേക്ക് മെഹുൽ ചോക്സി ക്ഷണിക്കപ്പെടുകയും, അവിടെ വച്ച് നരേന്ദ്രമോദി തന്നെ ഗുജറാത്തി രീതിയിൽ അദ്ദേഹത്തെ മെഹുൽ ഭായി എന്നു സംബോധന ചെയ്യുകയും, അദ്ദേഹത്തിന്റെ ആഭരണ കച്ചവടത്തിലെ നേട്ടങ്ങളെ പ്രകീർത്തിച്ച് സംസാരിക്കുകയും ചെയ്തിരുന്നത്രേ. ഗുജറാത്തിലെ വിജയ് രൂപാണിയുടെ നേതൃത്വത്തിലുള്ള ബിജെപി സർക്കാർ 2017 ലെ വൈബ്രന്റ് ഗുജറാത്ത് സമ്മേളനത്തിന്റെ സഹകാരിയായി ഗീതാഞ്ജലി ഗ്രൂപ്പിനെ ഉയർത്തിക്കാട്ടിയിരുന്നു. അന്നത്തെ ധനകാര്യമന്ത്രിയുടെ അടുത്ത അനുയായിയും പഞ്ചാബിൽ നിന്നും ബിജെപി ലോക്സഭാ സ്ഥാനാർത്ഥിയായി മൽസരിച്ച് പരാജയപ്പെടുകയും ചെയ്തയാളിനെ ഈ തട്ടിപ്പ് നടത്തുന്നതിനു മുമ്പ് പഞ്ചാബ് നാഷണൽ ബാങ്കിന്റെ ബോർഡിൽ ഉൾപ്പെടുത്തിയതായും ആരോപണമുണ്ടായിരുന്നു. ദിവസങ്ങൾക്കകമാണ്, പേന നിർമാതാക്കളായ റോട്ടോമാക് ഗ്ലോബൽ പ്രൈവറ്റ് ലിമിറ്റഡിന്റെ ഉടമസ്ഥൻ വിക്രം കോത്താരി, 3695 കോടി രൂപയുടെ ബാങ്ക് വായ്പയെടുത്ത് ഏഴു ബാങ്കുകളുടെ കൺസോർഷ്യത്തെ വഞ്ചിച്ചതായി കണ്ടെത്തിയത്. ഗുജറാത്ത് ആസ്ഥാനമായ സ്റ്റെർലിങ്ങ് ബയോടെക് ഉടമസ്ഥൻ നിതിൻ സന്ദേസര എന്ന, 37 പാസ്പോർട്ടും യുഎസിൽ 37 സ്ഥാപനങ്ങളുമുള്ള, 5300 കോടി രൂപയുടെ ബാങ്ക് തിരിമറിയിൽ അന്വേഷണം നേരിട്ടുകൊണ്ടിരുന്നയാളും രാജ്യം വിട്ടു. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് തന്നെ പറയുന്നത്, ക്രിമിനൽ കേസുകളുള്ള 36 ബിസിനസ്സുകാരാണ് രാജ്യം വിട്ടു കടന്നു കളഞ്ഞത് എന്നാണ്. അധികാരത്തിന്റെ ഉന്നതസ്ഥാനങ്ങളിലുള്ളവരുടെ അറിവോ സമ്മതമോ ഇല്ലാതെ ഇത്രയും കാലം ഇത്ര വമ്പൻ തട്ടിപ്പുകൾ നടത്താനും, ശേഷം നിഷ്പ്രയാസം വിദേശത്തേക്ക് കടക്കാനും സാധിക്കുമോ? സ്ക്കൂൾ കുട്ടികൾക്കു പോലും അറിയാം അത് സാധിക്കുകയില്ല എന്ന്.

സമയാസമയം പ്രധാനമന്ത്രി നരേന്ദ്രമോദിയിൽ നിന്നും വിശ്വസിക്കാനാകാത്ത വിധം ഔദാര്യങ്ങൾ കൈപ്പറ്റുന്നയാളാണ് കുത്തകയായ ഗൗതം അദാനി ഗ്രൂപ്പ്. പൊതുമേഖലാ ബാങ്കുകളിൽ നിന്നും ഏകദേശം 72,000 കോടി രൂപയോളമാണ് ഇവർക്ക് വായ്പയായി തിരിച്ചടയ്ക്കാനുള്ളതെന്ന് വെളിപ്പെട്ടിരിക്കുന്നു. ഇത് രാജ്യത്തെ കർഷകരുടെ മൊത്തം വായ്പയ്ക്കു തുല്യമാണ്. വായ്പ തിരിച്ചടയ്ക്കാൻ നിർബന്ധിക്കില്ലെന്നതോ പോകട്ടെ, ഓസ്ട്രേലിയയിലെ പുതിയ ഖനനപദ്ധതിക്കായി പുതുതായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ 7000 കോടി രൂപയുടെ വായ്പ നൽകിയതായാണ് വിവരം. സ്വന്തമായി ഒരു കപ്പൽ നിർമാണശാല പോലുമില്ലാത്ത അദാനി ഗ്രൂപ്പ്, ഇന്ത്യൻ നാവികസേനക്കായി 45,000 കോടി രൂപയുടെ മുങ്ങിക്കപ്പൽ നിർമ്മാണപദ്ധതിയിൽ പങ്കാളിയാകുന്നതായും റിപ്പോർട്ടുണ്ട്.

അടുത്തത് ഏറെ ചർച്ച ചെയ്യപ്പെട്ട റഫേൽ വിമാന ഇടപാടാണ്. റഫേൽ യുദ്ധവിമാനങ്ങൾ വാങ്ങുന്നതിനായി ബിജെപി സർക്കാർ വളരെ ഉയർന്ന വിലയാണ് നൽകിയതെന്ന് ഇതിനോടകം എല്ലാവർക്കുമറിയാം. (കഴിഞ്ഞ യുപിഎ സർക്കാരിന്റെ കാലത്ത് 126 വിമാനങ്ങൾക്ക് 2012-ൽ നിശ്ചയിച്ച വില കൊണ്ട് ഇപ്പോൾ വാങ്ങുന്നത് വെറും 36 വിമാനങ്ങൾ, അതായത്, വിലയിൽ 300% വർധന) രണ്ടാമതായി, കരാർ പൂർത്തിയായപ്പോൾ അറിയുന്നത്, യുദ്ധവിമാനങ്ങളടക്കമുള്ള വിമാനനിർമ്മാണത്തിൽ 60 വർഷത്തെ അനുഭവപരിചയമുള്ള ഹിന്ദുസ്ഥാൻ എയറോനോട്ടിക്കൽസ് ലിമിറ്റഡ് അഥവാ എച്ച് എ എൽ എന്ന പൊതുമേഖല കമ്പനി അതിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു. പകരം, ആ 30,000 കോടി രൂപയിൽ (ചില കേന്ദ്രങ്ങൾ അവകാശപ്പെടുന്നത്, കൂട്ടിച്ചേർത്ത ആനുകൂല്യങ്ങളടക്കം ഇത് 45,000 കോടി വരെയാകാമെന്നാണ്) മുഖ്യ പങ്കും ഇന്ത്യൻ പ്രതിരോധമേഖലയിൽ നിക്ഷേപിക്കണം. ഇത്, ദസ്സോയും ഇന്ത്യൻ വ്യവസായഭീമൻ അനിൽ അംബാനിയുടെ റിലയൻസ് എയറോസ്ട്രക്ചർ എന്ന, വിമാനമോ പ്രതിരോധ ഉപകരണങ്ങളോ നിർമിച്ച് യാതൊരു മുൻപരിചയവുമില്ലാത്ത സ്ഥാപനവും തമ്മിൽ 49:51 എന്ന അനുപാതത്തിലുള്ള കൂട്ടു സംരംഭത്തിലൂടെയാകും കരാറനുസരിച്ച് നടപ്പാക്കുക. ഈ കരാർ, ഓഫ്സെറ്റുകളുടെ ഭാഗമായിരുന്നു, അതായത്, വൻകിട ഇറക്കുമതിക്കുള്ള ഓർഡർ കൊടുക്കുമ്പോൾ ഇറക്കുമതി ചെയ്യുന്ന സർക്കാരോ പൊതുസ്ഥാപനമോ, കയറ്റുമതി നടത്തുന്ന വിദേശസ്ഥാപനത്തിനുമേൽ ചുമത്തുന്ന ആഭ്യന്തര ആവശ്യാധിഷ്ഠിത ഉപാധികൾ. ഓഫ്സെറ്റ് എന്നത് ഫ്രെഞ്ചിൽ നഷ്ടപരിഹാരം എന്നതിനു തുല്യമായി പ്രയോഗിക്കാറുണ്ട്. ഇന്ത്യൻ ഓഫ്സെറ്റ് പങ്കാളിയെ ദസ്സോ ഏവിയേഷൻ തെരഞ്ഞെടുത്തതിൽ, വിശേഷിച്ചും അത് അനിൽ അംബാനിയുടെ റിലയൻസ് ഗ്രൂപ്പ് ആയതിലും, ഓഫ്സെറ്റ് ചുമതലകളുടെ സുതാര്യമല്ലാത്ത ഏർപാടുകളിലും, വലിയ രാഷ്ട്രീയ വിവാദമാണ് ഉണ്ടായത്. കാരണം, ദസ്സോ അനിൽ അംബാനിയുമായി കരാർ ഒപ്പിടുന്ന സമയത്ത് അദ്ദേഹം നടത്തിയിരുന്ന ഏകദേശം എല്ലാ കമ്പനികളും 10,000 കോടി രൂപയിലേറെ കൊടിയ കടബാദ്ധ്യതകളിൽ മുങ്ങി, ഒരുപക്ഷേ ഏറ്റവും കടഭാരമുള്ള സ്ഥാപനമായി നിലകൊള്ളുകയായിരുന്നു. ഒരു വിമാനനിർമ്മാണശാല സ്ഥാപിക്കാനുള്ള ഭൂമി പോലും അനിൽ അംബാനിക്ക് സ്വന്തമായി ഉണ്ടായിരുന്നില്ല. എന്നിട്ടും അദ്ദേഹത്തിന് കരാർ ലഭിച്ചു. ഇത്രയും കടത്തിൽ മുങ്ങിയ, പ്രതിരോധമേഖലയിൽ യാതൊരു മുൻപരിചയവുമില്ലാത്ത ഒരു ഇന്ത്യൻ സ്ഥാപനത്തെ തങ്ങളുടെ ആദ്യ കൂട്ടുസംരംഭത്തിനായി എങ്ങനെയാണ് ദസ്സോയെപ്പോലെ ഒരു സ്ഥാപനം തെരഞ്ഞെടുക്കുക? ഉത്തരം ലളിതവും വ്യക്തവുമാണ്. അനിൽ അംബാനി ഗ്രൂപ്പിനെ പിന്തുണച്ചത് ഭാരതസർക്കാരും പ്രധാനമന്ത്രി സ്വയവും ആണ്. ഇന്ത്യയുമായുള്ള വാണിജ്യബന്ധം ശക്തിപ്പെടുത്താനും, ആയുധവ്യാപാരരംഗത്ത് തങ്ങളുടെ ആഗോളസ്ഥാനം മെച്ചപ്പെടുത്താനും ശ്രമിക്കുന്ന ഫ്രെഞ്ചു സർക്കാരിനെ സംബന്ധിച്ചിടത്തോളവും ഈ കരാർ ഏതുവിധേനയും സാധ്യമാക്കേണ്ടതുണ്ടായിരുന്നു. ഈ കരാറിന് അന്തിമരൂപം നൽകിയപ്പോൾ ഫ്രെഞ്ചു പ്രസിഡന്റായിരുന്ന ഓളന്ദേ തന്നെ പരസ്യമായി പറഞ്ഞത്, ഭാരത സർക്കാരാണ്, ഫ്രെഞ്ച് സർക്കാരിന് മറ്റൊരു പോംവഴിയും സാധ്യമാകാത്ത തരത്തിൽ ദസ്സോയുടെ ഓഫ്സെറ്റ് പങ്കാളിയായി അനിൽ അംബാനിയുടെ പേര് നിർദ്ദേശിച്ചത് എന്നാണ്. പ്രധാനമന്ത്രി നരേന്ദ്രമോദിയും ഫ്രെഞ്ച് പ്രസിഡന്റ് ഓളന്ദേയും തമ്മിൽ 2015-ൽ ഫ്രാൻസിൽ വെച്ച് അടച്ചിട്ട മുറിയിൽ നടത്തിയ ചർച്ചകൾക്കു ശേഷമാണ് കരാർ രൂപം കൊണ്ടത് എന്ന് മാധ്യമറിപ്പോർട്ടുകളുണ്ടായിരുന്നു. ഫ്രാൻസിലേക്കുള്ള പ്രധാനമന്ത്രിയുടെ ആ യാത്രയിൽ പ്രതിരോധമന്ത്രിയോ വിദേശകാര്യമന്ത്രിയോ അദ്ദേഹത്തെ അനുഗമിച്ചിരുന്നില്ല. അനിൽ അംബാനി മാത്രമാണ് ഒപ്പമുണ്ടായിരുന്നത്. ഈ നിർണായക വസ്തുതകളെല്ലാം ഇന്ത്യൻ കൂടിയാലോചന സംഘത്തിന്റെ ഔദ്യോഗിക ചർച്ചകളിൽ ഉയർത്തിയെങ്കിലും അതൊന്നും വിജയിച്ചില്ല. കാരണം, പ്രധാനമന്ത്രിയുടെ കാര്യാലയത്തിലെ ഉദ്യോഗസ്ഥരും ദേശീയ സുരക്ഷ ഉപദേഷ്ടാവും നടത്തിയ സമാന്തര കൂടിയാലോചനകൾ അവരുടെ പ്രയത്നങ്ങളെ തോൽപിച്ചു. അതു മാത്രമല്ല, 2015 തുടക്കത്തിൽ, അനിൽ അംബാനിയുടെ ഉടമസ്ഥതയിലുള്ള റിലയൻസ് ഫ്ളാഗ് അറ്റ്ലാന്റിക് ഫ്രാൻസ് 60 ദശലക്ഷവും പിന്നീട് 91 ദശലക്ഷവും യൂറോ നികുതി കുടിശ്ശിഖ വരുത്തിയതായി ഫ്രെഞ്ച് സർക്കാർ ഓഡിറ്റർ കണ്ടെത്തി. നികുതി കുടിശ്ശിഖ വർഷങ്ങളായി നിലനിൽക്കുകയായിരുന്നു. പക്ഷേ, റഫേൽ ഇടപാടിനോട് അനുബന്ധിച്ച്, വെറും 7.3 ദശലക്ഷം (ഇന്നത്തെ നിരക്കിൽ 57 കോടി രൂപ) യൂറോയുടെ അന്തിമ നിർണയം ഫ്രെഞ്ച് സർക്കാർ അംഗീകരിക്കുകയായിരുന്നു. പുറത്തുവന്ന രേഖകൾ പ്രകാരം, കരാർ ഒത്തുതീർപ്പ് കമ്മിറ്റിയുടെ ഭാഗമായിരുന്ന അക്വിസിഷൻ മാനേജർ ഇടപാടിന്റെ അടിസ്ഥാനവില സംബന്ധിച്ച് ചോദ്യങ്ങൾ ഉയർത്തിയതായും, തന്റെ എതിർപ്പ് രേഖയിൽ ഉൾപ്പെടുത്തിയതായും പറയപ്പെടുന്നു. പക്ഷേ അദ്ദേഹത്തിന്റെ എതിർപ്പുകൾ അക്വിസിഷൻ ഡയറക്ടർ ജനറൽ ഓവർറൂൾ ചെയ്തു.

പനാമ പേപ്പറുകളിൽ രേഖാമൂലമുള്ള തെളിവുകളോടു കൂടി വളരെ വ്യക്തമായി ഉൾപ്പെടുത്തിയതാണ്, 2000 തൊട്ട് 2004 വരെയുള്ള ബിജെപി ഭരണത്തിൽ, ഇന്ത്യൻ വ്യോമസേനക്കും നാവികസേനക്കും പ്രതിരോധ ഉപകരണങ്ങൾ വാങ്ങുന്നതിന് കൺസൾട്ടൻസി കമ്പനികൾക്കും ഏജന്റുമാർക്കും അനധികൃത കമ്മീഷനും കൈക്കൂലിയും ഇറ്റാലിയൻ പ്രതിരോധ നിർമാതാക്കളായ ഇലട്രോണിക്കാസ്പാ നൽകിയത്. ഇലട്രോണിക്കാസ്പായ്ക്ക് ഫിൻമെക്കാനിയ എന്ന ഇറ്റാലിയൻ പ്രതിരോധ-എയറോസ്പേസ് കമ്പനിയുമായി വാണിജ്യ പങ്കാളിത്തമുണ്ടായിരുന്നു. ഇതിന്റെ തലവനാണ് ഇന്ത്യക്ക് വിവാദമായ അഗസ്റ്റാ വെസ്റ്റ്ലാന്റ് ഹെലികോപ്റ്റർ വിറ്റതിലെ അഴിമതിക്ക് ജയിൽശിക്ഷ ലഭിച്ചത്. പക്ഷേ പനാമ പേപ്പറുകളിലെ രേഖയനുസരിച്ച്, ഇലട്രോണിക്കാസ്പാ നൽകിയ അനധികൃത കമ്മീഷനുകൾക്കെതിരേ ഒരു എഫ്ഐആർ പോലും ഇതുവരെ മോദി സർക്കാർ ഫയൽ ചെയ്തിട്ടില്ല. ബിജെപി നേതൃത്വത്തിലുള്ള പഴയ എൻഡിഎ സർക്കാർ, ശവപ്പെട്ടി വാങ്ങുന്നതിൽ പോലും എങ്ങനെയാണ് കുംഭകോണം നടത്തിയതെന്നത് ജനങ്ങളുടെ മനസ്സിൽ നിന്ന് മാഞ്ഞുപോയിട്ടുണ്ടാവില്ല. 1999ലെ കാർഗിൽ യുദ്ധത്തിനു ശേഷം, അന്നത്തെ എൻഡിഎ സർക്കാർ 2,500 ഡോളർ വീതം വിലയുള്ള 500 ശവപ്പെട്ടികൾ വാങ്ങി. ഇവ വളരെ മോശം ഗുണനിലവാരത്തിലുള്ളവയായിരുന്നെന്നും, യഥാർത്ഥവിലയേക്കാൾ 13 മടങ്ങ് ഊതിപ്പെരുപ്പിച്ച വിലയാണ് നൽകിയതെന്നും ആരോപണം ഉയർന്നിരുന്നു. സിഎജി ഓഡിറ്റിൽ, ബ്യൂട്രോൺ ആൻഡ് ബൈസ എന്ന അമേരിക്കൻ ഫ്യൂണറൽ സർവീസ് കമ്പനിയുമായി നടത്തിയ ഈ വാങ്ങലിൽ നിരവധി തട്ടിപ്പുകൾ കണ്ടെത്തി. ഇതിന്റെ ഫലമായി 1,87,000 ഡോളറിന്റെ നഷ്ടമാണ് സർക്കാരിന് ഉണ്ടായത്. സിബിഐ കേസ് അന്വേഷിക്കുകയും അന്നത്തെ പ്രതിരോധമന്ത്രിയായിരുന്ന, അന്തരിച്ച ജോർജ് ഫെർണാണ്ടസിനും മറ്റ് പലർക്കുമെതിരേയും 120-ബി (ക്രിമിനൽ ഗൂഢാലോചന), 420 (വഞ്ചന) എന്നീ ഐപിസി വകുപ്പുകളും, സ്വകാര്യ നേട്ടങ്ങൾക്കായി ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തതിന് അഴിമതി നിരോധന നിയമത്തിലെ വകുപ്പുകളും ഉപയോഗിച്ച് കേസെടുക്കുകയുണ്ടായി. പക്ഷേ പ്രത്യേക സിബിഐ കോ

**വ്യാപകമായ അഴിമതി എന്നത് ഇന്നത്തെ സാമ്രാജ്യത്വ-മുതലാളിത്തത്തിന്റെ മുഖമുദ്രയാണ്. ഈ സംവിധാനത്തിന് വിധേയമായി, ഇവരുടെ രാഷ്ട്രീയ കാര്യദർശിയായി പ്രവർത്തിക്കാൻ തയ്യാറാകുന്ന ഏതൊരാളും, താൻ അഴിമതിമുക്തനാണെന്ന് സ്വയം എത്രത്തോളം ഉച്ചത്തിൽ വിളിച്ചുകൂവിയാലും, അയാൾ അടിമുടി അഴിമതിക്കാരനാകാതെ തരമില്ല.**

*(ശേഷം 9-ാം പേജിൽ)*

# ഇറാൻ: അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ യുദ്ധവെറിയുടെ ഇര

**മധ്യപൂർവ്വ ദേശത്തിനുമേൽ യുദ്ധത്തിന്റെ കരിമേഘങ്ങൾ ഒരിക്കൽക്കൂടി ഘനീഭൂതമായിരിക്കുന്നു. സിറിയയെ വരുതിയിലാക്കാനുള്ള ശ്രമങ്ങൾ പരാജയപ്പെട്ടതോടുകൂടി യുഎസ് സാമ്രാജ്യത്വം പുതിയൊരു യുദ്ധമുഖം തുറക്കാൻ തങ്ങളുടെ തോക്കിൻ മുനകൾ ഇറാനുനേരെ തിരിച്ചിരിക്കുകയാണ്. പശ്ചിമേഷ്യയിലെ അറബ് രാജ്യങ്ങളും വടക്കേ ആഫ്രിക്കയും ഉൾപ്പെടുന്ന സാമ്പത്തികമായി വിഭവസമൃദ്ധവും ഭൗമ-രാഷ്ട്രീയപരമായി തന്ത്രപ്രധാനവുമായ മധ്യപൂർവ്വദേശം, തങ്ങളുടെ ചോദ്യം ചെയ്യപ്പെടാത്ത തലവനായ യുഎസ് സാമ്രാജ്യത്വത്താൽ നയിക്കപ്പെടുന്ന സാമ്രാജ്യത്വ കൊള്ളസംഘത്തിന്റെ ലക്ഷ്യമായിട്ട് കുറേക്കാലമായി. ഏതെങ്കിലുമൊരു മുതലാളിത്ത-സാമ്രാജ്യത്വകൂട്ടാളിയേയോ, കൂട്ടാളികളെയോ കൂടെക്കൂട്ടിക്കൊണ്ട് ഈ പ്രദേശത്തിന്റെ വെല്ലുവിളികളൊന്നുമില്ലാത്ത മേധാവിത്വം ഉറപ്പാക്കാൻ യുഎസ് സാമ്രാജ്യത്വം ഒന്നിനുപിറകേ മറ്റൊന്ന് എന്നവണ്ണം ലക്ഷ്യം തേടി ഉറപ്പിക്കുകയാണ്.**

തങ്ങളുടെ അധീശത്വം സ്ഥാപിച്ചെടുക്കാനുള്ള യുഎസ് സാമ്രാജ്യത്വത്തിന്റെ സമീപകാലശ്രമങ്ങളിൽ ആദ്യത്തേത് ഇറാഖായിരുന്നു. പിന്നെ ലിബിയ, തുടർന്ന് സിറിയ, ഇപ്പോൾ ഇറാനും. യുദ്ധമോ യുദ്ധ വെറിയോ നിലനിർത്തുന്നതിനായി അവർ അഫ്ഗാനിസ്ഥാനിലും സുഡാനിലും യമനിലും ഒക്കെ ചെയ്യുന്നതുപോലെ നിരവധി ശ്രമങ്ങൾ നടത്തുന്നുണ്ട് എന്നതു ശരിയാണ്. ഈ ശ്രമങ്ങളിലെ ഇറാഖ്-ലിബിയ-സിറിയ-യമൻ ശ്രേണി, സ്വതന്ത്ര പരമാധികാര രാഷ്ട്രങ്ങളുടെമേലുള്ള ബലപ്രയോഗത്തിലൂടെയുള്ള അധിനിവേശത്തിന്റെയും സാമ്രാജ്യത്വത്തിന്റെ ക്രൂരതയുടെയും വഞ്ചനയുടെയും നിർദ്ദയമായ കൊള്ളയുടെയും ഉദാഹരണങ്ങളായി വേറിട്ടു നിൽക്കുന്ന ഒന്നാണ്.

ഇസ്രായേൽ, സൗദി അറേബ്യ തുടങ്ങിയ ചുരുക്കം ചില രാജ്യങ്ങളിലെ ഭരണാധികാരികൾ യുഎസ് സാമ്രാജ്യത്വത്തിന്റെ കാര്യാലയമായോ അവരുടെ യുദ്ധസന്നാഹങ്ങളുടെ ചവിട്ടുപടിയായോ വർത്തിക്കുന്നു. എന്നാൽ പെന്റഗൺ ഭരണാധികാരികളുടെ ആവർത്തിച്ചുള്ള ശ്രമങ്ങൾക്കുശേഷവും ഈ മേഖലയിലെ കരുത്തുറ്റ ശക്തിയും വൻകിട എണ്ണ ഉൽപ്പാദക രാജ്യവുമായ ഇറാനെ വരുതിയിലാക്കാൻ അവർക്കു കഴിഞ്ഞിട്ടില്ല. വളരെക്കാലമായി ഇറാൻ യുഎസ് സാമ്രാജ്യത്വത്തിന്റെ നിരീക്ഷണപരിധിയിലാണെങ്കിലും ശക്തമായിത്തന്നെ തിരിച്ചടിക്കാൻ ശേഷിയുള്ളവരാണ് ഇറാൻ എന്നതിനാൽ അവർക്കെതിരെ ആക്രമണത്തിൽനിന്നു യുഎസ് സാമ്രാജ്യത്വം പിന്തിരിഞ്ഞു നിന്നു. അങ്ങനെ സ്ഥിതിഗതികൾ എളുപ്പത്തിൽ കൈകാര്യം ചെയ്യാൻ കഴിയാതിരുന്ന യുഎസ് സാമ്രാജ്യത്വം തങ്ങളുടെ കുപ്രസിദ്ധമായ ചാരശൃംഖല ഉപയോഗിച്ചും കൂട്ടാളിയായ ബ്രിട്ടന്റെ സഹായത്തോടെ ഇറാന്റെ എണ്ണക്കപ്പലുകൾ പിടിച്ചെടുത്തുകൊണ്ടും ഇറാൻ നടത്തുന്ന ആക്രമണങ്ങളെപ്പറ്റി നുണക്കഥകൾ മെനഞ്ഞും അവർക്കെതിരെ ഒരു സൈനികാക്രമണത്തിനുള്ള നിലമൊരുക്കുകയാണിപ്പോൾ. ഇറാൻ പ്രസിഡന്റ് ശരിയായിത്തന്നെ നിരീക്ഷിച്ചു, ''യുഎസ്-യുകെ സാമ്രാജ്യത്വ കൂട്ടുകെട്ട് അവരുടെ ജനതയ്ക്കും മേഖലയ്ക്കും പ്രശ്നങ്ങളും അരക്ഷിതാവസ്ഥയും സൃഷ്ടിക്കുകയാണ്."

**ക്രൂരനായ അക്രമണകാരിയും യുദ്ധവെറിയനുമായ യുഎസ് സാമ്രാജ്യത്വം നുണവെറിയനുമാണ്**

ഇറാൻ വിഷയത്തിൽ കൂടുതൽ ചർച്ച ചെയ്യുന്നതിനുമുമ്പ്, യുഎസ് സാമ്രാജ്യത്വം മധ്യപൂർവ്വദേശത്ത് നടത്തിക്കൊണ്ടിരിക്കുന്ന ദുഷ്ചെയ്തികളെയും യുദ്ധസന്നാഹത്തെയും കുറിച്ച് ഹ്രസ്വമായി വിശദീകരിക്കേണ്ടിയിരിക്കുന്നു. ദുർബലരാജ്യമായ അഫ്ഗാനിസ്ഥാനുമേലും പ്രാചീന മെസോപ്പോട്ടോമിയൻ മാനവസംസ്കൃതിയുടെ നാടായ ഇറാഖിന്റേമേലും എത്ര വിനാശകരമായാണ് യുഎസ് സാമ്രാജ്യത്വം കടന്നുകയറിയതെന്ന് ലോകജനതയ്ക്ക് ഓർമ്മയുണ്ട്. പത്രമാധ്യമങ്ങളും ദൃശ്യമാധ്യമങ്ങളുമുൾപ്പെടെ വളരെ ശക്തമായ ഒരുവാർത്താവിനിമയ പ്രചാരണ സംവിധാനം ആഗോളതലത്തിലും പ്രാദേശിക തലങ്ങളിലും സാമ്രാജ്യത്വസംഘം സൃഷ്ടിച്ചുവച്ചിട്ടുണ്ട്. സാമ്രാജ്യത്വയുദ്ധ പദ്ധതികൾക്കും നീക്കങ്ങൾക്കുമിണങ്ങുംവിധമുള്ള പൊതുജനാഭിപ്രായം രൂപീകരിച്ചെടുക്കാൻ ഈ സംവിധാനം അവർ ഫലപ്രദമായി ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്. താലിബാൻ, അൽഖൊയ്ദ എന്നിവരുടെ ഭീകരവാദത്തിനെതിരെയുള്ള യുദ്ധം എന്ന നിലയിൽ അഫ്ഗാനിസ്ഥാനെതിരെ ആക്രമണമഴിച്ചുവിടാനാണിതുപയോഗിച്ചത്. അമേരിക്കതന്നെ നട്ടുനനച്ചുവളർത്തിയെടുത്തവയാണ് ഈ സംഘടനകളെന്നതാണ് യാഥാർത്ഥ്യം. വീണ്ടും, സാമ്രാജ്യത്വനിയന്ത്രിതമായ ഇതേ ആഗോളമാധ്യമങ്ങൾതന്നെയാണ് ഇറാഖ് പ്രസിഡന്റായിരുന്ന സദ്ദാംഹുസൈനെ മനുഷ്യാവകാശങ്ങൾ ലംഘിക്കുന്ന ചെകുത്താനായി ചിത്രീകരിച്ചും കൂട്ടനശീകരണായുധങ്ങൾ നിർമ്മിക്കുന്നുവെന്ന് കുറ്റാരോപണം നടത്തിയും ഇറാഖ് അധിനിവേശത്തെ വെള്ളപൂശിയത്. ഇറാഖിന്റെ കൂട്ട നശീകരണായുദ്ധ നിർമ്മാണം എന്നത് ഒരു കെട്ടുകഥയാണെന്ന് പിന്നീട് സംശയാതീതമായി തെളിയിക്കപ്പെട്ടതും യുഎസ് സാമ്രാജ്യത്വവും അനുചരന്മാരും സമ്മതിച്ചിട്ടുള്ളതുമാണ്. യാദൃശ്ചികനാശനഷ്ടങ്ങളുടെ പേരിൽ ദശലക്ഷക്കണക്കിന് കുട്ടികളെയും സ്ത്രീകളെയും വയോജനങ്ങളെയും വധിച്ചുകൊണ്ടും ഇറാഖിന്റെ അടിസ്ഥാനസൗകര്യങ്ങൾ തകർത്തുകൊണ്ടും പ്രാചീന മനുഷ്യസംസ്കൃതിയുടെ അമൂല്യങ്ങളായ തിരുശേഷിപ്പുകൾ കവർന്നുകൊണ്ടും അവിടുത്തെ ജനങ്ങൾക്കിടയിൽ വർഗ്ഗീയ വൈരം വിതച്ചുകൊണ്ടും അവസാനമായി ഒരു വ്യാജവിചാരണാനാടകം വഴി അവരുടെ പ്രസിഡന്റിനെ വധിച്ചുകൊണ്ടും എന്തുതരം മനുഷ്യാവകാശങ്ങളാണ് യുഎസ് സാമ്രാജ്യത്വം ഉയർത്തിപ്പിടിക്കുന്നതെന്ന് അവരുടെ ഇറാഖ് അധിനിവേശം കാണുന്ന ഏതൊരാളും അമ്പരന്നുപോകും.

**ഇറാനെ ലക്ഷ്യം വയ്ക്കുന്നു**

ഇറാഖിനെയും പിന്നീട് ലിബിയയെയും തരിപ്പണമാക്കിയതിനുശേഷം യുഎസ് സാമ്രാജ്യത്വത്തിന് പുതിയ ലക്ഷ്യങ്ങൾ വേണ്ടിവന്നിരിക്കുന്നു. ഇറാൻ ശക്തമായ ഒരു രാജ്യമാണ്. അതുകൊണ്ട് യുഎസ് ഇറാനോട് സമാധാന നാട്യം നടത്തുകയും ഉപരോധങ്ങളവസാനിപ്പിക്കുകയും സിറിയയുടെമേൽ ചാടിവീഴുകയും ചെയ്തു. സാമ്രാജ്യത്വ നിയന്ത്രിത മാധ്യമങ്ങൾ, സിറിയ സർക്കാർ രാസായുധങ്ങൾ വിന്യസിക്കുകയും ആയിരക്കണക്കിനു നാട്ടുകാരെ കൊല്ലുകയും ചെയ്യുന്നുവെന്ന് ആരോപണമുന്നയിച്ചു. പിന്നീട് ഈ ആരോപണവും കെട്ടിച്ചമച്ചതാണെന്നു തെളിഞ്ഞു! യുഎസ്സിന് സിറിയയിൽ വഴിമുട്ടുന്ന സ്ഥിതിയെത്തി. പക്ഷേ ഇക്കാലത്തിനുള്ളിൽത്തന്നെ, എണ്ണസമ്പന്നവും യുഎസ് സാമ്രാജ്യത്വ വിരുദ്ധവുമായ സിറിയയെ തുടക്കത്തിൽ ഭീകരമായ നിഴൽയുദ്ധം വഴിയും പിന്നീട് സർ

(ശേഷം 10-ാം പേജിൽ)

## ബിജെപി അഴിമതി ഭരണം...

(7-ാം പേജിൽ നിന്ന്)

ടതി, തെളിവുകളൊന്നും കണ്ടെത്തിയില്ല എന്നു പറഞ്ഞ് എല്ലാ പ്രതികളേയും വെറുതേ വിടുകയാണ് ഉണ്ടായത്.

ഇനി, കോടിക്കണക്കിന് രൂപ ഉൾപ്പെട്ട, വ്യാപകവും സുദീർഘവുമായ കുതിരക്കച്ചവടത്തിലൂടെ, വീണ്ടും ബിജെപി നേതാവ് ബി എസ് യെദിയൂരപ്പയിലേക്ക് ഇപ്പോൾ തിരികെ എത്തിയ കർണാടക മുഖ്യമന്ത്രിക്കസേര നോക്കാം. 2008-11 കാലത്ത് മുഖ്യമന്ത്രിയായിരുന്നപ്പോൾ, തന്റെ കുടുംബാംഗങ്ങൾക്കും അനുയായികൾക്കുമായി വാസയോഗ്യമോ വ്യവസായ ആവശ്യങ്ങൾക്കുള്ളതോ ആയ ഭൂമി യഥേഷ്ടം അനുവദിച്ചതിൽ അദ്ദേഹം കുറ്റാരോപിതനായിരുന്നു. ഭൂമി അന്യായമായി ഡീനോട്ടിഫൈ ചെയ്ത കുറ്റത്തിന് ആ തവണ അദ്ദേഹം ജയിലിലിലാവുകയും അഴിമതിക്ക് ശിക്ഷിക്കപ്പെടുകയും ചെയ്തു. ബെല്ലാരിയിലെ കുപ്രസിദ്ധരായ റെഡ്ഡി സഹോദരന്മാർ ഉൾപ്പെട്ട വമ്പൻ ഖനന അഴിമതിയിൽ അദ്ദേഹത്തേയും പ്രതിചേർത്തതാണ്. ഈ ആരോപണങ്ങളൊക്കെ വളരെ വ്യക്തമായിരുന്നതിനാൽ 2011 ജൂണിൽ അദ്ദേഹത്തെ മുഖ്യമന്ത്രി സ്ഥാനത്തു നിന്നും നീക്കി, പിന്നീട് ബിജെപിയിൽ നിന്നുതന്നെ പുറത്താക്കുകയുമായിരുന്നു. അതിനുശേഷം അദ്ദേഹം ഒരു പ്രാദേശികകക്ഷി രൂപീകരിച്ച് അധികാരത്തിന്റെ ഇടനാഴികളിൽ പ്രത്യക്ഷനായി നിന്നു. പിന്നീട് അദ്ദേഹത്തിനെതിരേയുള്ള കുറ്റങ്ങളെല്ലാം കൈഞൊടിക്കുന്നതു പോലെ അന്തരീക്ഷത്തിൽ ലയിക്കുകയും, അദ്ദേഹത്തെ ബിജെപിയിൽ തിരിച്ചെടുക്കുകയുമായിരുന്നു. ഇപ്പോൾ മുഖ്യമന്ത്രിക്കസേരയിൽ ഇരുത്താൻ ഈ ആരോപണവിധേയനായ അഴിമതിക്കാരനാണ് ഏറ്റവും യോഗ്യൻ എന്നാണ് ബിജെപി കണ്ടെത്തിയിരിക്കുന്നത്.

**മുഖംമൂടികൾ ഇളകിമാറുന്നു**

കഴിഞ്ഞ തവണ സർക്കാർ രണ്ടു വർഷം പൂർത്തിയാക്കിയ അവസരത്തിൽ. യുപിയിലെ സഹാരൺപൂരിൽ നടന്ന പൊതുയോഗത്തിൽ പ്രധാനമന്ത്രി മോദി ചോദിച്ചു: ഈ രണ്ടു വർഷത്തിനിടയിൽ മോദി സർക്കാർ അഴിമതി നടത്തിയതായി നിങ്ങൾ കേട്ടുവോ? എന്റെ സർക്കാരിൽ ആരെങ്കിലും കണക്കുകളിൽ തിരിമറി നടത്തിയതായി നിങ്ങൾ കേട്ടുവോ? ബിജെപി ഭരണത്തിലെ കാര്യങ്ങളുടെ കിടപ്പിനെക്കുറിച്ച് ഇതു വരെ ഞങ്ങൾ പറഞ്ഞ കാര്യങ്ങളിൽ അൽപമെങ്കിലും കണ്ണോടിച്ച ഒരാൾക്ക്, അഴിമതിക്ക് മറ്റുള്ളവരെ കുറ്റപ്പെടുത്തുന്ന ഈ പാർട്ടി എങ്ങനെയാണ് സ്വയം അഴിമതിയുടെ ചെളിക്കുണ്ടിൽ മുങ്ങിത്താണിരിക്കുന്നത് എന്ന് വ്യക്തമാകും. ഇത് അങ്ങനെയേ സംഭവിക്കൂ. വ്യാപകമായ അഴിമതി എന്നത് ഇന്നത്തെ സാമ്രാജ്യത്വ-മുതലാളിത്തത്തിന്റെ മുഖമുദ്രയാണ്. ഈ സംവിധാനത്തിന് വിധേയമായി, ഇവരുടെ രാഷ്ട്രീയ കാര്യദർശിയായി പ്രവർത്തിക്കാൻ തയ്യാറാകുന്ന ഏതൊരാൾക്കും, താൻ അഴിമതിമുക്തനാണെന്ന് സ്വയം എത്രത്തോളം ഉച്ചത്തിൽ വിളിച്ചുകൂവിയാലും, അയാൾ അടിമുടി അഴിമതിക്കാരനാകാതെ തരമില്ല. മുതലാളിത്തത്തെക്കുറിച്ച് മഹാനായ മാർക്സ് വളരെമുന്നേ പറഞ്ഞു: സ്വകാര്യ താത്പര്യങ്ങളുടെ പ്രാതിനിധ്യം.... ഒരു പ്രത്യേക ഭൗതിക ലക്ഷ്യത്തിന്റെ അധാർമികവും യുക്തിരഹിതവും ആത്മാവില്ലാത്തതുമായ സംഗ്രഹത്തെയും, ഈ ലക്ഷ്യത്തോട് ദാസ്യത്തോടെ കീഴടങ്ങിയ മനോഭാവവും പകരം വെച്ചുകൊണ്ട്, സ്വാഭാവികവും ആത്മീയവുമായ എല്ലാ വൈശിഷ്ട്യങ്ങളേയും ഇല്ലാതാക്കും. (*റെനിഷെ സെതുങ്ങിലെ,* ഓൺ ദ തെഫ്റ്റ് ഓഫ് വുഡ് എന്ന ലേഖനം) ബിജെപി ഭരണത്തിൽ സർക്കാർ തലത്തിലെ അഴിമതി എത്രത്തോളം കൂടിയ അളവിൽ പോയിരിക്കുന്നു എന്ന് കണ്ടറിയുമ്പോൾ, ആ നിർണയം എത്രത്തോളം സുവ്യക്തമായി ഇന്ന് സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ■

# അമേരിക്കയുടെ ഇറാൻവിരുദ്ധ നിലപാടിനെ യൂറോപ്യൻ രാജ്യങ്ങൾ പിന്തുണയ്ക്കുന്നില്ല

(9-ാം പേജിൽ നിന്ന്)

ക്കാർ വിരുദ്ധ പ്രക്ഷോഭത്തിൽ നേരിട്ടുപങ്കെടുത്തുകൊണ്ടും ഛിന്നഭിന്നമാക്കാൻ അവർക്കു കഴിഞ്ഞിരുന്നു. അമൂല്യമായ മനുഷ്യജീവനുകളും വിലമതിക്കാനാകാത്ത വസ്തുവകകളും നശിപ്പിച്ചുകൊണ്ട് അനേകവർഷക്കാലം ഈ യുദ്ധം നീണ്ടുനിൽക്കുന്നു. എണ്ണമറ്റ ജനവിഭാഗങ്ങൾക്ക് സ്വന്തം മാതൃരാജ്യം ഉപേക്ഷിച്ച് പ്രക്ഷുബ്ധമായ സമുദ്രം താണ്ടി വിദേശരാജ്യങ്ങളിലേയ്ക്ക് പലായനം ചെയ്യേണ്ടിവരുകയുംചെയ്തു. ഈ പ്രക്രിയയിൽ പിഞ്ചുകുഞ്ഞുങ്ങളടക്കം എത്രപേരെ കടലെടുത്തുപോയെന്നോ അവശേഷിച്ചവർക്ക് എത്രമാത്രം ദുരിതങ്ങളനുഭവിക്കേണ്ടിവന്നുവെന്നതിനോ രേഖകളൊന്നുമില്ല. മനുഷ്യജീവനെ അത്രമേൽ അർത്ഥശൂന്യമായിക്കരുതുന്ന യുഎസ് സാമ്രാജ്യത്വത്തിന്റെ ഈ സ്വഭാവസവിശേഷതകൾ മനസ്സിലാക്കുന്നതിൽ നാമൊരു തെറ്റും വരുത്തിക്കൂടാ. പിന്നീട് ചെറുതും ഏറ്റവും ദരിദ്ര അറബ് രാഷ്ട്രവുമായ യമന്റെമേൽ ഏതാണ്ടു രണ്ടുവർഷം നീണ്ടുനിന്ന കിരാതമായ യുദ്ധം അരങ്ങേറി. അമ്പതിനായിരത്തിലധികം ആൾക്കാർ ഇതിനകംതന്നെ കൊല്ലപ്പെട്ടതായി റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു.

യമൻ ജനസംഖ്യയുടെ 80 ശതമാനത്തോളം വരുന്ന പതിനാലു ദശലക്ഷം ജനങ്ങൾ ആഹാരത്തിനും കുടിവെള്ളത്തിനും ഔഷധങ്ങൾക്കുമായി കേഴുകയാണ്. രാജ്യം ഒരു ക്ഷാമത്തിന്റെ വക്കിലുമാണ്. പോഷകാഹാരക്കുറവുകൊണ്ടും തടയാൻ പറ്റുന്ന കോളറപോലുള്ള രോഗങ്ങൾക്കൊണ്ടും കുട്ടികളടക്കമുള്ള നിരവധി ജനങ്ങൾക്ക് ജീവൻ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. അവർ ചെയ്ത കുറ്റമെന്താണ്? യമന്റെ പൗരന്മാരാണ് അവർ എന്നതാണവരുടെ കുറ്റം. ഏദൻ, മോച്ച തുടങ്ങിയ സുപ്രധാനതുറമുഖ നഗരങ്ങളും മറ്റുരാജ്യങ്ങളിലേയ്ക്ക് മധ്യപൂർവ്വദേശത്തെ എണ്ണ കയറ്റുമതി ചെയ്യുന്നതിനായി നല്ലവണ്ണം വിന്യസിക്കപ്പെട്ട പൈപ്പ്ലൈനുകളും ഉള്ള യമന്റെ പൗരന്മാർ. ഈ റൂട്ടിന്റെ നിയന്ത്രണത്തിനായി യുഎസ് സാമ്രാജ്യത്വം എളുപ്പം വഴങ്ങുന്ന യമൻ സർക്കാരിനെയും മധ്യപൂർവ്വദേശത്തെ അവരുടെ വിശ്വസ്ത കൂട്ടാളിയായ സൗദി അറേബ്യയെയും കൂടെക്കൂട്ടിക്കൊണ്ട് ഒരു നിഴൽ യുദ്ധം ആരംഭിച്ചിരിക്കുകയാണ്. സമ്പന്ന അയൽരാഷ്ട്രമായ സൗദി അറേബ്യയുടെയും വിദൂരത്തുള്ള യുഎസ് സാമ്രാജ്യത്വത്തിന്റെയും തലയിടലില്ലാതെ സ്വന്തം ഭരണാധികാരികളെ തെരഞ്ഞെടുക്കാനുള്ള അധികാരം യമൻ ജനങ്ങൾക്കുണ്ടാകണമെന്നതല്ലേ യുക്തി? എന്തായാലും തുടർച്ചയായ ബോംബിങ്ങിലൂടെ യുഎസും യുദ്ധക്കൂട്ടാളികളും ആ രാഷ്ട്രത്തെ ദശലക്ഷക്കണക്കിനു ജനങ്ങളെ കൊന്നൊടുക്കുകയും പരിമിതമായ അതിന്റെ അടിസ്ഥാന സൗകര്യങ്ങൾ തകർത്തെറിയുകയും ദയനീയമായ ഒരു മാനുഷിക പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയുംചെയ്തിരിക്കുന്നു. ഇതവിടംകൊണ്ടവസാനിക്കുന്നില്ല. സൗദി എണ്ണശുദ്ധീകരണശാലയ്ക്കുനേരെ ഡ്രോൺ ആക്രമണമുണ്ടായപ്പോൾ യുഎസ് സാമ്രാജ്യത്വവും സൗദി ഭരണാധികാരികളും മാമൂൽ പ്രകാരം സൗദിയിലെ ഹൗതി വിമതർക്കുമേൽ പഴിചാരുകയും ഹൗതി വിമതർക്ക് ഡ്രോൺ നൽകുന്നുവെന്ന് പ്രചരിപ്പിച്ച് കൗശലപൂർവ്വം ഇറാനുമേൽ ഉത്തരവാദിത്തം ഏൽപ്പിച്ചുകൊടുക്കുകയും ചെയ്തു. ഭീകരമായ വിദേശാക്രമണത്തിൽ പൊറുതിമുട്ടിയപ്പോൾ സ്വയരക്ഷയ്ക്കായി ഹൗതി വിമതർ ആക്രമണം നടത്തിയിരുന്നു എന്നുവിശ്വസിച്ചാൽത്തന്നെ ഏറ്റവും ആധുനികമായ ആയുധങ്ങളുപയോഗിച്ച് ഒരു ചെറുരാജ്യത്തെ തകർത്ത് തങ്ങളുടെ ആധിപത്യ പദ്ധതികൾ നടപ്പിലാക്കുന്ന യുഎസ് സൗദി അറേബ്യ കൂട്ടുകെട്ടിനെ പാപവിമുക്തമാക്കുവാൻ കഴിയുന്നതെങ്ങനെ? യുദ്ധകുറ്റകൃത്യത്തിന് ആരെയാണു പഴിക്കേണ്ടത്? അടിച്ചമർത്തപ്പെടുന്ന പാവപ്പെട്ട യമൻ ജനതയെയോ അതോ അധമമായി സമ്പന്നമായതും പല്ലും നഖങ്ങളുംവരെ ആയുധമണിഞ്ഞതുമായ പെന്റഗൺ-റിയാദ് സഖ്യത്തെയോ? ഇറാനെതിരെ കുറ്റം ചാർത്തി സൈനികാക്രമണം നടത്താനും ആഗോള ഉപരോധം ഏർപ്പെടുത്താനും യമനെ കരുവായി ഉപയോഗിക്കുകയാണ് എന്നത് കൂടുതൽ കൂടുതൽ വ്യക്തമായിക്കൊണ്ടിരിക്കുന്നു.

### ഇറാൻ ഉടമ്പടിയും അതിൽനിന്നുള്ള യുഎസിന്റെ പിന്മാറ്റവും

'തിന്മയുടെ അച്ചുതണ്ട്' എന്നു വിളിക്കപ്പെടുന്നവരുടെ കൂട്ടത്തിലേയ്ക്ക് ഇറാനെ ഉൾപ്പെടുത്തുകവഴി ഈ സഹസ്രാബ്ദത്തിന്റെ തുടക്കംമുതൽതന്നെ അവരെ യുഎസിന്റെ ഹിറ്റ്ലിസ്റ്റിൽപ്പെടുത്തുകയും കഠിനമായ ഉപരോധത്തിലേയ്ക്ക് തള്ളിവിടുകയും ചെയ്തിരിക്കുകയാണ്. ഇറാന്റെ അണവപദ്ധതി ആ മേഖലയ്ക്കും ലോകത്തിനും ഭീഷണിയാണെന്നും അതിനാൽ അതുപേക്ഷിക്കണം എന്നുമാണ് സാമ്രാജ്യത്വശക്തികളുടെ ആവശ്യം. അതിലുമെത്രയോ ശക്തമായ അമേരിക്കൻ ന്യൂക്ലിയർ പദ്ധതി ലോകത്തിനെത്ര ഗുണകരവും ഉദാരവുമാണെന്ന് ഒരാൾക്ക് സ്വാഭാവികമായും സംശയിക്കാം.

യുഎസ്, തങ്ങളുടെ ആണവായുധങ്ങളുടെ മൂർച്ച കൂട്ടുന്ന പദ്ധതികൾ ഉപേക്ഷിക്കുകയോ ലോകത്താകമാനം സൈനിക ക്യാമ്പുകൾ ഉണ്ടാക്കുന്നതിൽ നിന്ന് പിന്തിരിയുകയോ അവർ ശത്രുക്കളെന്ന് കരുതുന്ന രാജ്യങ്ങൾക്കെതിരെ ആണവായുധങ്ങൾ ഉൾപ്പെടെയുള്ള കൂട്ടനശീകരണായുധങ്ങൾ ഉപയോഗിക്കുന്നതിൽ മടികാണിക്കുകയോചെയ്തിട്ടില്ല. സ്വന്തം സൈന്യത്തെ മറ്റു രാജ്യങ്ങളിൽ വിന്യസിക്കുന്നതിൽനിന്ന് അവർ പിന്മാറിയിട്ടില്ല. യാതൊരു മനഃസാക്ഷിക്കുത്തുമില്ലാതെ ഒന്നിനു പിറകേ മറ്റൊന്നെന്നവണ്ണം മറ്റുരാജ്യങ്ങളിൽ അതിക്രമിച്ചു കയറിയതും ലോകമെമ്പാടുമായി നൂറുകണക്കിന് സൈനികത്താവളങ്ങൾ സ്ഥാപിച്ചതും ദശലക്ഷക്കണക്കിന് ജനങ്ങളെ കശാപ്പുചെയ്തതും ഈ യുഎസ് സാമ്രാജ്യത്വം തന്നെയാണ്. പക്ഷേ അവർ മറ്റു രാജ്യങ്ങളോട് നിരായുധീകരണം നടത്താനും സ്വയം പ്രതിരോധിക്കാനുള്ള അവകാശം ഉപേക്ഷിക്കാനും ആവശ്യപ്പെട്ടുകൊണ്ടേയിരിക്കുന്നു.

> **യാതൊരു മനഃസാക്ഷിക്കുത്തുമില്ലാതെ ഒന്നിനു പിറകേ മറ്റൊന്നെന്നവണ്ണം മറ്റുരാജ്യങ്ങളിൽ അതിക്രമിച്ചു കയറിയതും ലോകമെമ്പാടുമായി നൂറുകണക്കിന് സൈനികത്താവളങ്ങൾ സ്ഥാപിച്ചതും ദശലക്ഷക്കണക്കിന് ജനങ്ങളെ കശാപ്പുചെയ്തതും ഈ യുഎസ് സാമ്രാജ്യത്വം തന്നെയാണ്. പക്ഷേ അവർ മറ്റു രാജ്യങ്ങളോട് നിരായുധീകരണം നടത്താനും സ്വയം പ്രതിരോധിക്കാനുള്ള അവകാശം ഉപേക്ഷിക്കാനും ആവശ്യപ്പെട്ടുകൊണ്ടേയിരിക്കുന്നു.**

തങ്ങളുടെ സമ്പദ്ഘടനയും ജീവിതവും താറുമാറാക്കിയ നിരവധി ഉപരോധങ്ങൾക്കൊണ്ട് നട്ടം തിരിയുന്ന ഇറാൻ, ഒടുവിൽ 'ഇറാൻ ആണവായുധ ഉടമ്പടി' അഥവാ 'ഇറാൻ ഉടമ്പടി' എന്ന് പൊതുവെ അറിയപ്പെടുന്ന സംയുക്ത സമഗ്ര കർമ്മപദ്ധതി കരാറിൽ(joint comprehensive plan of action agreement-JCPOA) 2015 ജൂലൈ 4ന് പങ്കാളിയായി. ഇതിൽ ഇറാൻ യുഎൻ സെക്യൂരിറ്റി കൗൺസിലിലെ അഞ്ചു സ്ഥിരാംഗങ്ങൾ-ചൈന, ഫ്രാൻസ്, റഷ്യ, യുകെ, യുഎസ്-കൂടാതെ ജർമ്മനി, യൂറോപ്യൻ യൂണിയൻ എന്നിവരാണ് പങ്കാളികൾ. ഈ കരാർ പ്രകാരമുള്ള എല്ലാ വ്യവസ്ഥകളും ഇറാൻ പൂർത്തീകരിച്ചു എന്ന് അന്താരാഷ്ട്ര ആണവോർജ്ജ ഏജൻസി(ഐഎഇഎ) സ്ഥിരീകരിച്ചതിനുശേഷമാണ് ഇതംഗീകരിക്കപ്പെട്ടത്. ഈ കരാർപ്രകാരം ഇറാന് തങ്ങളുടെ ഇടത്തരം സമ്പുഷ്ട യുറേനിയം ഒഴിവാക്കുകയും ചെറുകിട സമ്പുഷ്ട യുറേനിയം കുറയ്ക്കുകയും ഗ്യാസ് സെൻട്രിഫ്യൂജുകൾ വ്യാപകമായി കുറവുവരുത്തുകയും അവരുടെ എല്ലാ ആണവായുധ സംരംഭങ്ങളിലും ഐഎഇഎയ്ക്ക് തടസ്സങ്ങളേതുമില്ലാതെ നിരീക്ഷണത്തിനനുമതി നൽകുകയും അവർക്കവിടെ കേടുവരുത്താനാകാത്ത സീലുകൾ സ്ഥാപിക്കാനും നിരീക്ഷണ ക്യാമറകളിലെ ചിത്രങ്ങൾ ശേഖരിക്കാനും അളവുകളുടെ ഡാറ്റ ശേഖരിക്കാനും അനുമതി നൽകുകയും വേണം. ഈ വ്യവസ്ഥകൾ അംഗീകരിക്കുന്നതിനു പകരമായി ഇറാനെതിരെയുള്ള ആണവായുധ സംബന്ധിയായ എല്ലാ വ്യാപാര-സാമ്പത്തിക ഉപരോധങ്ങളും 2016 ജനുവരി 16 മുതൽ പിൻവലിക്കുകയും യുഎസ്, യൂറോപ്യൻ യൂണിയൻ യുഎൻ സുരക്ഷ കൗൺസിൽ എന്നിവരിൽനിന്നുള്ള സഹായങ്ങൾ ലഭിച്ചു തുടങ്ങുകയും ചെയ്യും. 2018 മാർച്ചിൽ ഐഎഇഎ ഡയറക്ടർ യുകിയ അമാനോയും ഏറ്റവും പ്രധാനമായി 2016 ഏപ്രിലിലും 2017 ജൂലൈയിലും യുഎസ് ഭരണാധികാരികൾത്തന്നെയും ഇറാൻ ഈ കരാർ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്

എന്നാൽ പൊടുന്നനെ 2018 ഏപ്രിൽ 30ന്, യുഎസ് സാമ്രാജ്യത്വവും ഇസ്രായേൽ സിയോണിസ്റ്റ് ഭരണാധികാരികളും ഇറാഖ് അധിനിവേശത്തിനായി പണ്ടു പ്രയോഗിച്ച തിരക്കഥ ആവർത്തിച്ചുകൊണ്ട്, ഇറാൻ പഴയ ഒരു രഹസ്യ ആണവായുധ പരിപാടി ഐഎഇഎയെ അറിയിച്ചിട്ടില്ല എന്നു പ്രഖ്യാപിച്ചു. 2018 മെയ് 8ന് ഈ ഉടമ്പടിയിൽ നിന്ന് യുഎസ് ഔദ്യോഗികമായി ഏകപക്ഷീയമായി പിൻവാങ്ങുകയും ഇറാനെതിരെ കൂടുതൽ കടുത്ത ഉപരോധങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. തന്റെ മെയ് 8ന്റെ പ്രസംഗത്തിൽ, ട്രംപ് ഇറാൻ ഉടമ്പടിയെ ഭീകരം എന്നു വിശേഷിപ്പിക്കുകയും ഇറാൻ ഇനിമേൽ ആണവായുധങ്ങൾ സൃഷ്ടിക്കില്ല എന്നുറപ്പുവരുത്താൻ യുഎസും കൂട്ടാളികളും ചേർന്ന് സമഗ്രവും നീണ്ടുനിൽക്കുന്നതും യാഥാർത്ഥ്യബോധത്തോടെയുമുള്ള ഒരു പരിഹാരമാർഗ്ഗം കണ്ടെത്തണമെന്നും പ്രഖ്യാപിച്ചു.

യുഎസ് ഭരണാധികാരികളുടെ ഈ നീക്കം ഏകപക്ഷീയം എന്നുമാത്രമല്ല, 2009നു ശേഷം ഏതെങ്കിലും ആണവ സ്ഫോടകായുധം നിർമ്മിക്കുന്നതിനായുള്ള എന്തെങ്കിലും ശ്രമങ്ങൾ ഇറാൻ നടത്തിയതായി യാതൊരു സൂചനയുമില്ല എന്നും, ആണവായുധ ഉടമ്പടി വ്യവസ്ഥകൾ അവർ പാലിക്കുന്നുവെന്നുമുള്ള അന്താരാഷ്ട്ര ആണവോർജ്ജ ഏജൻസിയുടെ ആവർത്തിച്ചുള്ള സ്ഥിരീകരണത്തിനുശേഷവുമാണ് എന്നത് ശ്രദ്ധിക്കേണ്ട വസ്തുതയാണ്.

### എപ്പോഴത്തെയുംപോലെ നുണകളുടെ അകമ്പടിയോടെയാണ് ഇറാനെതിരെയുള്ള യുദ്ധ, ഉപരോധ ഭീഷണികളും

ഇപ്പോൾ യുഎസ് സാമ്രാജ്യത്വം ഇറാനെതിരെ തോക്കുചൂണ്ടുകയാണ്. സമാധാന ശ്രമങ്ങളാകട്ടെ, യുദ്ധസന്നാഹങ്ങളായും മാറിയിരിക്കുന്നു. ഇറാൻ ആക്രമണോത്സുകമായി കൂട്ടനശീകരണായുധങ്ങൾ നിർമ്മിക്കുന്നുവെന്നും ഭീകരത കയറ്റിയയ്ക്കുന്നുവെന്നും ഇറാനിയൻ ജനതയുടെ സ്വാതന്ത്ര്യമോഹങ്ങളെ അടിച്ചമർത്തുന്നുവെന്നും, എന്നത്തെയുംപോലെ യുഎസ് സാമ്രാജ്യത്വം മുറവിളി കൂട്ടിക്കൊണ്ടിരിക്കുന്നു. പഴയ അനുഭവം വച്ച് ആരുമതിനെ ഗൗരവമായി കാണുന്നില്ല. അങ്ങനെ ഏകപക്ഷീയമായി 'ഇറാൻ ഉടമ്പടി'യിൽനിന്ന് യുഎസ് പ്രസിഡന്റ് പിൻവാങ്ങിയതുകൂടാതെ പണ്ട് യുഎസ് സാമ്രാജ്യത്വം സമ്പൂർണ്ണമായ ഒരു കെട്ടുകഥയെ അടിസ്ഥാനമാക്കി വിയറ്റ്നാമിൽ ഒരു അധിനിവേശയുദ്ധം നടത്തിയതിനെ ഓർമ്മിപ്പിക്കുംവിധം ഒരു കൗശലം പ്രയോഗിക്കുകകൂടി ചെയ്യുകയാണ്. ഇറാന്റെയും ഒമാന്റെയും ഇടയ്ക്കുള്ള ഹോർമുസ് കടലിടുക്കിനു സമീപമുള്ള ഒരു പ്രധാന സമുദ്രസഞ്ചാരപാതയിൽവച്ച് ജപ്പാന്റേതുൾപ്പെടെയുള്ള രണ്ട് എണ്ണക്കപ്പലുകൾക്കുനേരെ 2019 ജൂൺ 13ന് ഒരാക്രമണമുണ്ടായതായി റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. ഇതൊരു മൈൻ ആക്രമണമാണെന്നും ഇറാനാണിതിനുത്തരവാദിയെന്നും യുഎസ് ഭരണസംവിധാനം ഉറപ്പിച്ചിരിക്കുകയാണ്. എന്നാലിതും നുണയാണെന്ന് തെളിഞ്ഞു.

ജപ്പാൻ പ്രധാനമന്ത്രിയുടെ

(ശേഷം 11-ാം പേജിൽ)

# സമ്പൂർണ്ണ നിരായുധീകരണത്തിനായുള്ള സ്റ്റാലിന്റെ നിർദ്ദേശം അമേരിക്ക സ്വീകരിച്ചില്ല

*(10-ാം പേജിൽ നിന്ന്)*

ഇറാൻ സന്ദർശനിത്തിനിടയിലാണീ സംഭവം. ഒരു ജപ്പാൻ കപ്പൽ ആക്രമിക്കുന്നതിന് ഈ ഒരു സമയംതന്നെ ഇറാൻ തെരഞ്ഞെടുക്കുന്നതെന്തിനാണ്? പ്രത്യേകിച്ച് യുഎസ് പോലുള്ള നിഷ്ഠുരരായ സാമ്രാജ്യത്വ വൻശക്തികളുടെ യുദ്ധഭീഷണികൾ അവർ നേരിട്ടുകൊണ്ടിരിക്കുന്ന വേളയിൽ. കൂടാതെ ഈ മൈൻ ആക്രമണം ഒരു വ്യാജ റിപ്പോർട്ട് ആണെന്ന് ജപ്പാൻ കപ്പൽ കമ്പനിയുടെ പ്രസിഡന്റ് തന്നെയും പറഞ്ഞിട്ടുണ്ട്. കാരണം കപ്പലിനു പറ്റിയ കേടുപാടുകൾ ജലോപരിതലത്തിനുമേലുള്ള ഭാഗത്താണ്, മൈനുകൾ കൊണ്ട് ജലോപരിതലത്തിന് മുകളിലുള്ള ഭാഗത്ത് ആക്രമിക്കാൻ കഴിയില്ല എന്നതാണ് വാസ്തവം. കപ്പൽത്തട്ടിലുണ്ടായിരുന്ന നാവികർ പറന്നുവരുന്ന ചില വസ്തുക്കളെ കണ്ടതായി പറയുന്നുണ്ട്. അത് മുകൾഭാഗത്തുനിന്നുവന്ന വെടിയുണ്ടകളാകാനാണ് സാദ്ധ്യത.

ഇങ്ങനെയൊരാക്രമണം നടന്നിട്ടുണ്ടെങ്കിൽ അതിൽ തങ്ങൾക്കുപങ്കില്ല എന്ന് ഇറാൻ ഊന്നിപ്പറഞ്ഞിട്ടുണ്ട്. പ്രാദേശിക തലത്തിലുള്ള ചർച്ചകൾ നടത്താൻ അവരാവശ്യപ്പെട്ടിട്ടുണ്ട്. വിമാനവാഹിനി കപ്പലുകളും ബി-2 ബോംബറുകളും മിസൈൽപ്രതിരോധ സംവിധാനങ്ങളും അയച്ചുകൊണ്ട് ഇറാനെ ആക്രമിക്കുമെന്നു ഭീഷണിപ്പെടുത്താനാണ് പക്ഷേ യുഎസ് ഭരണാധികാരികൾ ശ്രമിച്ചത്. അവരുടെ നാവികസേന അറബിക്കടലിൽ വിമാനവാഹിനിക്കപ്പലുകളും ആക്രമണവ്യൂഹവുമുൾപ്പെടെ സൈനികാഭ്യാസം നടത്തുകയും ചെയ്തു. സൈനിക ശേഷിയുടെ ഒരു പ്രകടനമായിരുന്നു അത്. ഇതോടൊപ്പം ഇറാന്റെ പിന്തുണയോടെയെന്നാരോപിക്കപ്പെട്ട ഒരാക്രമണമെങ്കിലും ഇറാഖിലെ ഷിയാ വിഭാഗത്തിനെതിരെ ഇസ്രായേൽ നടത്തുകയുണ്ടായി. നിരീക്ഷണത്തിനായി യുഎസ് സൈന്യം ആകാശത്തു പറത്തിയിരുന്ന ഡ്രോൺ ഇറാൻ വെടിവച്ചിടുകയും ചെയ്തു. ഏറ്റവുമൊടുവിൽ ഹൗതികൾക്ക് 8 ഡ്രോൺ നൽകി ഇറാൻ സഹായിക്കുന്നുവെന്ന ആരോപണവും വന്നിരിക്കുന്നു. ഇതെല്ലാം കാണിക്കുന്നത് യുഎസ് സാമ്രാജ്യത്വവും കൂട്ടാളികളും, പ്രത്യേകിച്ച് സിയോണിസ്റ്റ് ഇസ്രായേലുമെല്ലാം ഈ മേഖലയിൽ ഒരു യുദ്ധം യഥാർത്ഥത്തിൽ നടന്നില്ലെങ്കിൽത്തന്നെ ഒരു യുദ്ധഭ്രാന്ത് നിലനിർത്താൻ കച്ചകെട്ടിയിറങ്ങിയിരിക്കുകയാണെന്നാണ്.

ഇതിനു സമാന്തരമായി ഇറാനെതിരെ കൂടുതൽ ഉപരോധങ്ങൾ അടിച്ചേൽപ്പിക്കാൻ യുഎസ് സാമ്രാജ്യത്വം ശ്രമിക്കുകയാണ്. മറ്റുരാജ്യങ്ങളോട് ഇറാന്റെ എണ്ണ വാങ്ങരുതെന്ന വർ നിർബന്ധിക്കുന്നു. ഇറാന്റെ വരുമാനത്തിന്റെ നാൽപ്പതുശതമാനത്തോളം എണ്ണയുടെയും പ്രകൃതിവാതകത്തിന്റെയും വിപണനത്തിൽ നിന്നാണെന്നതുകൊണ്ട്, ഈ നീചമായ കളികൊണ്ട് ഇറാന്റെ സമ്പദ്‌വ്യവസ്ഥയെ ദുർബലപ്പെടുത്താമെന്നാണവർ കരുതുന്നത്. യഥാർത്ഥത്തിൽ യുഎസ് സാമ്രാജ്യത്വം അവരുടെ യുദ്ധോത്സുകമായ നീക്കങ്ങൾ തീവ്രമാക്കിയതിനുശേഷം 2018 മുതൽ ഇറാന്റെ എണ്ണയുടെയും പ്രകൃതിവാതകത്തിന്റെയും കയറ്റുമതി ഗണ്യമായ തോതിൽ കുറഞ്ഞിട്ടുണ്ട്. ഈ നീക്കങ്ങളുടെയെല്ലാം ലക്ഷ്യം, ഇറാൻ ജനതയുടെ ജീവിതത്തെത്തന്നെ ദുർബലപ്പെടുത്താനും സാമൂഹികാസ്വാസ്ഥ്യങ്ങൾ സൃഷ്ടിക്കാനും അതുവഴി സർക്കാരിനെതിരെ ജനങ്ങളെ തെരുവിലിറക്കി യുഎസ് സാമ്രാജ്യത്വത്തിന് കീഴ്‌വഴങ്ങുന്നതും അവരുമായി ഒത്തുതീർപ്പുകളുണ്ടാക്കുന്നതുമായ ഒരു ഭരണക്രമം സ്ഥാപിച്ചെടുക്കാൻ ജനങ്ങളെ വഴിതിരിച്ചുവിടുക എന്നതാണ്.

### യുഎസ് സാമ്രാജ്യത്വത്തിന് ഇപ്പോൾ കാര്യങ്ങൾ എളുപ്പമല്ല

എന്നാൽ ട്രംപിന്റെ യുദ്ധോത്സുക സമീപനത്തിനെതിരെ ഇപ്പോൾ പലതലങ്ങളിൽ നിന്നും എതിർപ്പുകളുയരുകയാണ്. ഇറാനുമായി അതിർത്തി പങ്കിടുന്ന രാജ്യമെന്ന നിലയിൽ യുഎസ് ഉപരോധവുമായി ഒത്തുപോകാൻ കഴിയില്ലെന്നും ഇറാനുമായുള്ള വ്യാപാരം നിർത്താൻ കഴിയില്ലെന്നും, യുഎസ് നേതൃത്വത്തിലുള്ള നാറ്റോ അംഗമായ തുർക്കി ഉറപ്പിച്ചു പറഞ്ഞിട്ടുണ്ട്. യുഎസിനെ അന്ധമായി പിന്തുണയ്ക്കുന്നതിനെ യൂറോപ്യൻ രാജ്യങ്ങൾ അംഗീകരിക്കുന്നില്ല. കാരണം, ഇറാനുമായി പിരിയുന്നത് വില കുറഞ്ഞ ഇറാൻ എണ്ണയും പ്രകൃതിവാതകവും നഷ്ടപ്പെടുത്തും എന്നുമാത്രമല്ല അത് തങ്ങളുടെ വ്യാപാരത്തിനും ബിസിനസിനും വലിയ നഷ്ടമുണ്ടാക്കുമെന്നും അവർ ഭയക്കുന്നു. ഉപരോധത്തെ മറികടന്നുകൊണ്ട് നിയമപരമായി പണമിടപാടു നടത്താനുതകുന്ന 'ഇൻസ്റ്റെക്സ്' എന്ന ഒരു പ്രത്യേകോദ്ദേശ്യ സംവിധാനം ഫ്രാൻസ്, ബ്രിട്ടൻ, ജർമ്മനി എന്നീ രാഷ്ട്രങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. ഇതുവരെയിത് പ്രവർത്തന സജ്ജമായിട്ടില്ല. യുഎസ് ഭീഷണിയെ ദുരുപദിഷ്ടവും ഏകപക്ഷീയവും അനാവശ്യവുമെന്നാണ് ജർമ്മൻ വിദേശ കാര്യമന്ത്രി വിശേഷിപ്പിച്ചത്. ആസ്ട്രിയൻ പ്രസിഡന്റ് മുന്നറിയിപ്പ് നൽകുന്നത് യൂറോപ്പിലെ ഒരാൾക്കും ഒരു രണ്ടാം ഇറാഖ് ആവശ്യമില്ലെന്നാണ്. യുഎസ് നീക്കങ്ങൾ പ്രകോപനപരമാണെന്നാണദ്ദേഹം പറയുന്നത്. ഫ്രാൻസും രണ്ടു മനസ്സിലാണ്. ഇറാനെതിരായ യുദ്ധത്തിൽ ഇറാഖിന്റെ ഭൂപ്രദേശം ഉപയോഗിക്കുന്നതിനെതിരെ ഇറാഖ് ഉദ്യോഗസ്ഥർ പെന്റഗണിനെ എതിർപ്പറിയിച്ചിരിക്കുന്നു. വഴങ്ങിനിൽക്കുന്ന ഗൾഫ് രാജ്യങ്ങളിലെ രാജാധിപത്യ ഭരണസംവിധാനങ്ങളും ആശങ്ക അറിയിച്ചിരിക്കുകയാണ്. യുഎഇ വിദേശകാര്യമന്ത്രി അൻവർ ഗർഗാഷ് പറയുന്നു, "ഇറാനുമായുള്ള ഒരു സംഘർഷമോ ആളിക്കത്തലോ ആരുടെയെങ്കിലും ഗുണത്തിനാകുമെന്നെനിക്കു തോന്നുന്നില്ല". സാധാരണയായി സൈനിക കാര്യങ്ങളിൽ ഒരേ അഭിപ്രായക്കാരായ ഡെമോക്രാറ്റുകളും റിപ്പബ്ലിക്കനുമായ യുഎസ് കോൺഗ്രസ് അംഗങ്ങൾ ഈ നീക്കത്തെ പിന്തുണയ്ക്കാൻ മടിക്കുകയാണ്. കൂടുതൽ സ്ഥിതിവിവരങ്ങൾ വേണമെന്നാണവർ പറയുന്നത്. തെറ്റായ വിവരങ്ങളുടെയടിസ്ഥാനത്തിൽ 2003ൽ നടത്തിയ ഇറാഖ് അധിനിവേശത്തിന്റെ ദുരന്തം അവർ ഉയർത്തിക്കാട്ടുന്നു.

**മുതലാളിത്തം വാദിച്ചിരുന്നത്, സോഷ്യലിസം നിലനിൽക്കുന്നതാണ് യുദ്ധശ്രമങ്ങൾക്ക് അവരെ നിർബന്ധിക്കുന്നത് എന്നായിരുന്നു. എന്നാൽ സോഷ്യലിസത്തിന്റെ വേദനാകരമായ പതനത്തിനുശേഷവും ലോകത്തിന്റെ വിവിധ കോണുകളിൽ യുദ്ധഭീതി പ്രത്യക്ഷപ്പെടുന്നത് സാമ്രാജ്യത്വത്തിന്റെ അവകാശവാദം എത്ര പൊള്ളയായിരുന്നു എന്ന് കാണിക്കുന്നു. മുതലാളിത്തം നിലനിൽക്കുവോളംകാലം യുദ്ധത്തിന്റെ അപകടവുമുണ്ടാകും.**

ഇറാനിലെ പരമോന്നത നേതാവ് അയത്തുള്ള അലി ഖൊമേനി പറഞ്ഞു, "ആദ്യ ദിവസം തൊട്ട് ഞാൻ പറയുന്നു, അമേരിക്കയെ വിശ്വസിക്കരുത്". ഇറാൻ പാർലമെന്റിനകത്തുവച്ച് അമേരിക്കൻ പതാക തീയിടുന്ന സ്ഥിതിയിലേയ്ക്ക് അമേരിക്കൻ വിരുദ്ധ വികാരം ഉയർന്നിരിക്കുന്നു. ഇപ്പോൾ, ഉഭയകക്ഷി ആണവായുധ കരാറിന്റെ ഏകപക്ഷീയമായ റദ്ദാക്കലിനുശേഷം ഭാഗികമായെങ്കിലും തങ്ങളുടെ ആണവപദ്ധതികൾ പുനരാരംഭിക്കുന്നതിനെക്കുറിച്ചാലോചിക്കുകയാണ് ഇറാൻ; ഏതൊരു രാഷ്ട്രത്തിനും സ്വരക്ഷ ഉറപ്പാക്കാനുള്ള അവകാശമുണ്ട് എന്ന വ്യക്തമായ ന്യായത്തിന്റെ അടിസ്ഥാനത്തിൽ. പ്രത്യേകിച്ച്, ഇറാഖിനെ നിരായുധീകരിച്ചശേഷം അവിടെ കൈയേറിയ അമേരിക്കൻ സാമ്രാജ്യത്വ കൊള്ളക്കാരുടെ ചരിത്രത്തിന്റെയും ഇറാനെതിരെയുള്ള അവരുടെ യുദ്ധ ഭീഷണികളുടെയും സാഹചര്യത്തിൽ ഇറാന് ആണവായുധ സുരക്ഷ തേടുകയല്ലാതെ വഴിയില്ല. യുഎസിൽനിന്നുള്ള അന്യായമായ സമ്മർദ്ദത്തിനുവഴിപ്പെട്ട് കരാറിൽനിന്നു പിന്മാറരുതെന്ന് യൂറോപ്യൻ യൂണിയനെ ബോധ്യപ്പെടുത്താൻ ഇറാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇറാനുമേൽ യുഎസ് അടിച്ചേൽപ്പിച്ച നിബന്ധനകൾ പ്രകാരം ഇറാന് യുദ്ധേതര ആണവപദ്ധതികൾ തുടരുന്നതിനോ നിയന്ത്രിത മിസൈൽ പദ്ധതികളും സിറിയ, ഇറാഖ്, യമൻ എന്നിവരുമായുള്ള ഇടപാടുകളും തുടരുന്നതിനോ സാധ്യമല്ലാതെ വന്നിരിക്കുകയാണ്. ഇറാൻ, യുഎസ് ഗവൺമെന്റിനു കീഴടങ്ങിക്കൊണ്ട് അവരുടെ ഡസൻ കണക്കിനുള്ള തിട്ടൂരങ്ങൾ അനുസരിക്കണമെന്ന് യുഎസ് സ്റ്റേറ്റ് സെക്രട്ടറി ആവശ്യപ്പെടുന്ന തരത്തിലേയ്ക്ക് കാര്യങ്ങളെത്തിയിരിക്കുകയാണ്. പുതിയ കരാറിലെ വ്യവസ്ഥകൾ ശ്വാസം മുട്ടിക്കുന്നതും രാജ്യത്തിന്റെ പരമാധികാരം അടിയറവക്കുന്നതിനു തുല്യമാണെന്നും വ്യക്തമാക്കിക്കൊണ്ട്, അവ സ്വീകാര്യമല്ലെന്ന് ഇറാൻ തുറന്നു പറഞ്ഞിരിക്കുകയാണ്. 2019 മെയ് 14ന്, ഉയർന്ന ഉദ്യോഗസ്ഥരുമായുള്ള ഒരു യോഗത്തിൽവച്ച് ഇറാൻ പരമാധികാര നേതാവ് അലി ഖൊമേനി, മറ്റൊരു ആണവകരാറിനെപ്പറ്റി യുഎസുമായുള്ള സന്ധിസംഭാഷണങ്ങൾ വിഫലമാണെന്നു വിശദീകരിക്കുകയും നമ്മൾ ഒരു യുദ്ധം ആഗ്രഹിക്കുന്നില്ല, അവരും. അവർക്കറിയാം അതവരുടെ താൽപര്യങ്ങൾക്കെതിരാണ് എന്നു പറയുകയും ചെയ്തു.

യുദ്ധം സൃഷ്ടിക്കുകയും അതിന്മേൽ നിലനിൽക്കുകയും ചെയ്യുന്നതാണ് സാമ്രാജ്യത്വം. യുഎസ് സാമ്രാജ്യത്വം അല്ലെങ്കിൽ സാമ്രാജ്യത്വം ആകെത്തന്നെ യുദ്ധോത്സുകമാകുന്നതെന്തുകൊണ്ടാണ് എന്നതാണ് ഉത്തരം തേടേണ്ടുന്ന ചോദ്യം. സാമ്രാജ്യത്വം യുദ്ധത്തിന് ജന്മം നൽകുമെന്ന് മഹാനായ ലെനിൻ അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം വിശദീകരിച്ചിട്ടുണ്ട്. കാരണം, അതിന്റെതന്നെ ആന്തരിക പ്രവർത്തന നിയമമനുസരിച്ച് മുതലാളിത്തം പ്രതിസന്ധിയിലേയ്ക്ക് അഥവാ കമ്പോളപ്രതിസന്ധിയിലേയ്ക്ക് കൂപ്പുകുത്തിക്കൊണ്ടിരിക്കും. അതാകട്ടെ പരിഹൃതമാകുന്നില്ല എന്നുമാത്രമല്ല ദൈനംദിനം രൂക്ഷമായിക്കൊണ്ടിരിക്കുകയുംചെയ്യും. അത് വ്യവസായത്തിന്റെ നിശ്ചലാവസ്ഥയിലേയ്ക്കും തൽഫലമായി സാമ്പത്തിക മാന്ദ്യത്തിലേയ്ക്കും നയിക്കും. കമ്പോളത്തിനു കൃത്രിമോത്തേജനം നൽകാൻ അതിനാൽ സാമ്രാജ്യത്വ-മുതലാളിത്തം സമ്പദ്‌രംഗത്തെ കൂടുതൽ കൂടുതൽ സൈനികവത്ക്കരിക്കുകയും സൈനിക വ്യവസായ സംരംഭങ്ങളുടെ വളർച്ചയ്ക്കും നിലനിൽപ്പിനുമായി ശ്രമിക്കുകയും ചെയ്യും. ഈ വ്യവസായങ്ങളാകട്ടെ ജനങ്ങൾക്കാവശ്യമുള്ള വസ്തുക്കളൊന്നുമല്ല ഉൽപ്പാദിപ്പിക്കുക, മറിച്ച് ആയുധങ്ങളും പടക്കോപ്പുകളും അനുബന്ധ വസ്തുക്കളുമാണ്. അവയാകട്ടെ കളിക്കാനുള്ള വസ്തുവകകളുമല്ല. യുദ്ധത്തിൽ മാത്രമുപയോഗിക്കാൻ കഴിയുന്നവയാണവ. അതുകൊണ്ട് അവ യുദ്ധത്തിലോ യുദ്ധസമാന സാഹചര്യങ്ങളിലെങ്കിലുമോ ഉപയോഗിക്കേണ്ടിവരും. ശേഖരിക്കപ്പെട്ട ആയുധങ്ങൾ തീരുമ്പോൾ വീണ്ടുമുള്ള ഉൽപ്പാദനത്തിലൂടെ വീണ്ടും ആയുധപ്പുര നിറയ്ക്കും. അതുകൊണ്ട് യുദ്ധം അനിവാര്യതയായി മാറുന്നു; പൂർണ്ണതോതിലുള്ളതോ ഭാഗികമായി നീണ്ടുനിൽക്കുന്നതോ താൽക്കാലികമായതോ എന്തായാലും. എല്ലാ മുതലാളിത്ത രാജ്യങ്ങളുടെയും വിസ്മയാവഹമായ ബജറ്റ് വിഹിതത്തിന്റെ ബലത്തിൽ പുഷ്ടിപ്പെടുന്നതും ആധുനിക സാങ്കേതിക വിദ്യാനിർഭരവുമായ, ഭീമാകാരമായ ആയുധവ്യവസായത്തിന്റെയും സമ്പദ്ഘടനയുടെയും അപരിഹാര്യമായ പ്രതിസന്ധി എവ്വിധവും അകറ്റിയെടുക്കാൻവേണ്ടിയാണീ യുദ്ധങ്ങൾ. യുദ്ധവും യുദ്ധഭ്രാന്തും ആയുധങ്ങളാവശ്യപ്പെടുന്നു. രണ്ടുരാജ്യങ്ങളെ തമ്മിലടിപ്പിക്കുകവഴി, രണ്ടുപേരെയും ആയുധങ്ങളുടെ ആവശ്യക്കാരാക്കിമാറ്റുകയും സാമ്രാജ്യത്വരാഷ്ട്രങ്ങളിൽനിന്നും യുദ്ധവ്യാപാരികളിൽനിന്നും ആയുധം വാങ്ങാൻ അവരെ നിർബന്ധിതരാക്കുകയുംചെയ്യുന്നു. കൂടുതൽ ആയുധങ്ങൾ, കൂടുതൽ മാരകമായവ വീണ്ടും നിർമ്മിക്കാനുള്ള ചോദന ആയുധ വ്യവ

*(ശേഷം 12-ാം പേജിൽ)*

# വാളയാർ കേസ് അട്ടിമറിക്കാൻ കൂട്ടുനിന്ന പോലീസ് ഉദ്യോഗസ്ഥരടക്കം മുഴുവൻ ആളുകളെയും കേസിൽ പ്രതിചേർക്കുക – എഐഎംഎസ്എസ്

**വാ**ളയാർ കേസ് അട്ടിമറിക്കാൻ കൂട്ടുനിന്ന പോലീസ് ഉദ്യോഗസ്ഥരടക്കം മുഴുവൻ ആളുകളെയും കേസിൽ പ്രതിചേർക്കണമെന്നും കേസ് പുനരന്വേഷിക്കണമെന്നും അഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടന സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു.



സെക്രട്ടേറിയറ്റിന് മുൻപിൽ എഐഎംഎസ്എസ് സംഘടിപ്പിച്ച പ്രതിഷേധ കൂട്ടായ്മയെ എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് ആർ.കുമാർ അഭിസംബോധന ചെയ്യുന്നു

കേസന്വേഷണത്തിന്റെ പ്രാഥമിക ഘട്ടത്തിൽ പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചയും അലംഭാവവും കുറ്റപത്രത്തിൽനടന്ന അട്ടിമറിയുമാണ് പ്രതികൾക്ക് രക്ഷപെടാൻ അവസരമുണ്ടാക്കിയത്.

പോസ്റ്റുമോർട്ടം റിപ്പോർട്ടും സാക്ഷിമൊഴികളും ശക്തമായിരുന്നിട്ടുപോലും വിചാരണവേളയിൽ അത് പ്രയോജനപ്പെടുത്താൻ പ്രോസിക്യൂഷന് സാധിച്ചില്ല എന്നത് മാപ്പർഹിക്കാത്ത വീഴ്ചയാണ്. പ്രധാനപ്പെട്ട പല സാക്ഷികളെയും വിസ്തരിച്ചില്ല. അന്വേഷണത്തിന്റെ പ്രാഥമിക ഘട്ടംമുതൽ വിചാരണവേളയിലുൾപ്പെടെ പ്രതികൾക്ക് രക്ഷപ്പെടാനുള്ള പഴുതൊരുക്കുകയായിരുന്നു ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പോക്സോ കേസുകളിൽ പ്രതികൾക്കുവേണ്ടി ഹാജരാകുന്ന വക്കീലിനാണ് ജില്ലാ ശിശുക്ഷേമസമിതിയുടെ ചുമതല എന്നത് ആശ്ചര്യപ്പെടുത്തുകയും ആശങ്കപ്പെടുത്തുകയും ചെയ്യുന്നു. വിഷയം പരിശോധനയിൽവന്നിരുന്നുവെന്നും ജില്ലാ ശിശുക്ഷേമ സമിതിയുടെ ചെയർമാനാക്കുന്നതിൽ അപാകതയൊന്നും കണ്ടില്ല എന്നുമുള്ള ആരോഗ്യമന്ത്രി കെ.കെ.ശൈലജ ടീച്ചറിന്റെ അഭിപ്രായം, കുഞ്ഞുങ്ങൾക്കുനേരെ സമൂഹത്തിൽ വർദ്ധിച്ചുവരുന്ന അതിക്രമങ്ങളോട് എത്ര നിരുത്തരവാദപരമായ സമീപനമാണ് കേരളം ഭരിക്കുന്ന ഇടതുമുന്നണി സർക്കാരിനുള്ളത് എന്നത് വ്യക്തമാക്കുന്നു. തങ്ങളുടെ പിന്നാക്കാവസ്ഥ മുതലെടുത്ത് രാഷ്ട്രീയ പിൻബലമുള്ള പ്രതികളെ രക്ഷിക്കാൻ പോലീസ് ശ്രമിക്കുകയായിരുന്നുവെന്ന് പെൺകുട്ടികളുടെ അമ്മ പ്രതികരിച്ചിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ പ്രതികളുമായി ഒത്തുകളിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെയും നടപടിയെടുക്കുവാൻ സർക്കാർ തയ്യാറാകണം.



തിരുവല്ലയിലെ പ്രതിഷേധ യോഗത്തിൽ എഐഎംഎസ്എസ് സംസ്ഥാന സെക്രട്ടറി കെ.എം.ബീവി പ്രസംഗിക്കുന്നു

ഡിവൈഎസ്പി റാങ്കിലുള്ള ഉദ്യോഗസ്ഥൻ അന്വേഷിക്കേണ്ട കേസിൽ എസ്ഐയും സിഐയും കേസന്വേഷിക്കേണ്ട സാഹചര്യം എപ്രകാരമുണ്ടായി എന്നത് സർക്കാർ വിശദമാക്കണം. പ്രായപൂർത്തിയെത്താത്ത കുഞ്ഞുങ്ങൾ ഉഭയസമ്മത പ്രകാരം ലൈംഗിക ബന്ധത്തിൽ ഏർപ്പെട്ടു എന്ന പരാമർശം നടത്തിയ ഡിവൈഎസ്പി തൽസ്ഥാനത്ത് തുടരാൻ യോഗ്യനല്ല. ഡിവൈഎസ്പി സോജനെ സർവ്വീസിൽനിന്നും പുറത്താക്കണം, പ്രതിപ്പട്ടികയിൽ ചേർത്ത് കേസ് പുനരന്വേഷിക്കണം. കുറ്റവാളികൾക്ക് കർശന ശിക്ഷ ഉറപ്പാക്കണമെന്നും എഐഎംഎസ്എസ് സംസ്ഥാന പ്രസിഡന്റ് സൗഭാഗ്യലക്ഷ്മി, സെക്രട്ടറി കെ.എം.ബീവി എന്നിവർ ആവശ്യപ്പെട്ടു.



ജനകീയ പ്രതിരോധ സമിതി സുൽത്താൻ ബത്തേരിയിൽ സംഘടിപ്പിച്ച പ്രതിഷേധ യോഗം

വാളയാർ കേസ് പുനരന്വേഷിക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാനമെമ്പാടും ശക്തമായ പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കപ്പെട്ടു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കായംകുളം എന്നിവിടങ്ങളിലും പത്തനംതിട്ടജില്ലയിൽ കോന്നി, അടൂർ, തിരുവല്ല, കൊടുമൺ, ഇടത്തിട്ട, പന്തളം എന്നിവിടങ്ങളിലും കോട്ടയം ജില്ലയിൽ കോട്ടയം, ചിങ്ങവനം, തലയോലപ്പറമ്പ്, എംജിയൂണിവേഴ്സിറ്റി ക്യാമ്പസ് എന്നിവിടങ്ങളിലും പരിപാടികൾ സംഘടിപ്പിക്കപ്പെട്ടു. എറണാകുളം, തൃശൂർ, പാലക്കാട്, കോഴിക്കോട്, വയനാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിലും നിരവധി പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കപ്പെട്ടു. ■

## ഇറാൻ യുദ്ധവെറിയുടെ ഇര...

*(11-ാം പേജിൽ നിന്ന്)*

സായത്തിന് അങ്ങനെ ലഭിക്കുകയും ചെയ്യുന്നു. തങ്ങളുടെ കുത്തിത്തിരിപ്പുകൊണ്ടുണ്ടാക്കിയ യുദ്ധത്തിലേയ്ക്ക് ആയുധങ്ങൾ എത്തിച്ചുകൊടുക്കുന്നതിനൊപ്പം, യുഎസ് സാമ്രാജ്യത്വവും മറ്റെല്ലാ സാമ്രാജ്യത്വ രാജ്യങ്ങളും മറ്റു രാഷ്ട്രങ്ങളിലേയ്ക്ക് ആയുധക്കച്ചവടം നടത്തുന്നതിലും ഏർപ്പെട്ടിരിക്കുകയാണ്. കുപ്രസിദ്ധമായ ഇറാൻ-ഇറാഖ് യുദ്ധത്തിലും യുഎസ് സാമ്രാജ്യത്വം ചെയ്തതിതാണ്. അവർ ഇറാന് ആയുധങ്ങൾ വിൽക്കുകയും ഇറാനിൽ എവിടെ ബോംബിടണമെന്നു സൂചിപ്പിക്കുന്ന മാപ്പുകൾ ഇറാഖിനു നൽകുകയുംചെയ്തു. വസ്തുതകൾ ഈ യാഥാർത്ഥ്യത്തെ സ്ഥിരീകരിച്ചിട്ടുണ്ട്. 2018 ഡിസംബറിൽ പുറത്തിറക്കിയ സ്റ്റോക്ഹോം ഇന്റർനാഷണൽ പീസ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് റിപ്പോർട്ട്സ് റ്റോക്ഹോം ഇന്റർനാഷണൽ പീസ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പ്രകാരം, 2017ലെ യുഎസ് കമ്പനികളുടെ ആയുധ വ്യാപാരം 222.6 ബില്യൺ യുഎസ് ഡോളറിന്റേതാണ്. 2014–18 കാലത്തെ ആയുധ കയറ്റുമതിയുടെ 52 ശതമാനവും മധ്യപൂർവ്വദേശത്തേതാണ്. തീർച്ചയായും ഭീമമായ പ്രതിരോധ ബജറ്റ് വിഹിതം ആരോഗ്യ-വിദ്യാഭ്യാസ-ശുചീകരണ-പാർപ്പിട-നിർമ്മാണ-സാമൂഹിക-ക്ഷേമ മേഖലകൾക്കുള്ള വിഹിതം കവർന്നെടുക്കുകയും, സാധാരണക്കാർ ത്യാഗം സഹിച്ചുകൊണ്ട് കൂടുതൽ കൂടുതൽ നികുതി അടയ്ക്കുവാൻ നിർബന്ധിതരാകുകയുംചെയ്യുന്നു. ഇതുതുടർന്നുകൊണ്ടേയിരിക്കുന്നു. യുദ്ധ വ്യവസായം പുഷ്ടിപ്പെടുകയും മാന്ദ്യത്തിലായ സാമ്പത്തിക വ്യവസ്ഥ തൽക്കാലത്തേയ്ക്ക് അതിജീവിക്കുകയുംചെയ്യുന്നു. അതിനാൽ, സാമ്പത്തികവും രാഷ്ട്രീയവുമായ താൽപര്യങ്ങളുടെ സംരക്ഷണത്തിനായി മുതലാളിത്ത-സാമ്രാജ്യത്വത്തിന് യുദ്ധവും യുദ്ധസമാനമായ സാഹചര്യങ്ങളും യുദ്ധഭ്രാന്തും അനുപേക്ഷണീയമാണ്. യുദ്ധക്കൊതിയനായ യുഎസ് സാമ്രാജ്യത്വത്തെ സംബന്ധിച്ചും ഇത് ശരിയാണ്. അതുകൊണ്ടവർ കഴിഞ്ഞ കുറച്ചു ദശാബ്ദങ്ങളായി മധ്യപൂർവ്വദേശത്ത് യുദ്ധം ഒരുക്കിയെടുക്കുകയും യുദ്ധഭീതി വളർത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു.

**നിരായുധീകരണം നടപ്പിലാക്കാൻ യുഎസ് സാമ്രാജ്യത്വം വിസമ്മതിക്കുന്നു**

രണ്ടാം ലോകമഹായുദ്ധത്തിനുശേഷം, ലോക തൊഴിലാളിവർഗ്ഗത്തിന്റെ മഹാനായ ആചാര്യൻ സ്റ്റാലിനാണ് യുദ്ധത്തിന്റെ കൂട്ടക്കുരുതിയിൽ നിന്നും ലോകത്തെ രക്ഷിക്കാൻ ആണവായുധ നിർവ്യാപനം മാത്രമല്ല സമ്പൂർണ്ണമായ ആയുധ നിരോധനത്തിനായി നിർദ്ദേശം വച്ചത്. എന്നാൽ യുഎസ്എ അതു വകവച്ചില്ല. യുഎസ്എസ്ആറിന് ഇതറിയാമായിരുന്നു. അതുകൊണ്ടാണവർ പരമ്പരാഗതമായ ആയുധങ്ങളിൽ മാത്രമല്ല ആണവായുധങ്ങളുടെ കാര്യത്തിലും ലക്ഷ്യബോധത്തോടെ ആധിപത്യം നേടിയെടുത്തത്. അതുകൊണ്ടുതന്നെയാണ് യുഎസ്എസ്ആറിന് സാമ്രാജ്യത്വത്തെ വലിയ ഒരളവോളം നിലയ്ക്കുനിർത്താൻ അക്കാലത്ത് കഴിഞ്ഞത്. പിൽക്കാലത്ത് യുഎസ്എസ്ആറിൽ തിരുത്തൽവാദം ആധിപത്യം സ്ഥാപിക്കുകയും അതിന്റെ ഫലമായി ഒരു പ്രതിവിപ്ലവത്തിലൂടെ മുതലാളിത്ത പുനഃസ്ഥാപനം നടക്കുകയും ചെയ്തതോടെ, യുദ്ധക്കൊതിയൻമാരായ സാമ്രാജ്യത്വശക്തികളുടെ മേലുള്ള നിയന്ത്രണം അയഞ്ഞുവരികയും അതിപ്പോഴത്തെപ്പോലെ പൂർണ്ണമായവസാനിക്കുകയുംചെയ്തിരിക്കുന്നു. ദുർബലരാഷ്ട്രങ്ങൾക്ക് സ്വരക്ഷയ്ക്കായി, അവരുടെ ജനതയ്ക്ക് അടിസ്ഥാനാവശ്യകതകൾ നിഷേധിച്ചുകൊണ്ടുപോലും ആണവായുധങ്ങൾ ശേഖരിക്കേണ്ട സ്ഥിതി വിരികയുംചെയ്യുന്നു.

**സമരോത്സുകമായ സാമ്രാജ്യത്വ വിരുദ്ധ പ്രക്ഷോഭണങ്ങൾക്ക് മാത്രമാണ് പ്രതിരോധം തീർക്കാൻ കഴിയുക**

ഇറാൻ അവരുടെ ഉറച്ച നിലപാടുകളിൽ ശരിയായിരിക്കാം. എന്നാൽ അതേ സമയം ഇറാനിലെയും ലോകത്തെയും ചൂഷിതരായ ജനകോടികൾ മനസ്സിലാക്കേണ്ടത്, സാമ്രാജ്യത്വ-മുതലാളിത്തമാണ് യുദ്ധം സൃഷ്ടിക്കുന്നത് എന്ന യാഥാർത്ഥ്യമാണ്. ഒരിക്കൽ മുതലാളിത്തം വാദിച്ചിരുന്നത്, സോഷ്യലിസം നിലനിൽക്കുന്നതാണ് യുദ്ധശ്രമങ്ങൾക്ക് അവരെ നിർബന്ധിക്കുന്നത് എന്നായിരുന്നു. എന്നാൽ സോഷ്യലിസത്തിന്റെ വേദനാകരമായ തകർന്നടിയലിനുശേഷവും ലോകത്തിന്റെ വിവിധ കോണുകളിൽ യുദ്ധ ഭീതി പ്രത്യക്ഷപ്പെടുന്നുവെന്നത് സാമ്രാജ്യത്വത്തിന്റെ അവകാശവാദം എത്ര പൊള്ളയായിരുന്നു എന്നാണ് കാണിക്കുന്നത്. മുതലാളിത്തം ഏതുകാലംവരെ നിലനിൽക്കുമോ അതുവരെ യുദ്ധത്തിന്റെ അപകടവുമുണ്ടാകും. സമാധാന സ്നേഹികൾക്കു മുമ്പിൽ ഒരേയൊരു സാധ്യതയേയുള്ളൂ; എല്ലാ ശക്തിയും സമാഹരിച്ചുകൊണ്ട് സമരോത്സുകമായ ഒരു സാമ്രാജ്യത്വ വിരുദ്ധ പ്രക്ഷോഭം കെട്ടിപ്പടുക്കുക എന്നതാണത്. അതാകട്ടെ, സാമ്രാജ്യത്വ കൊള്ളത്തലവനായ യുഎസിനെ പ്രത്യക്ഷമായി ലക്ഷ്യം വയ്ക്കുന്നതും, ആശയപരമായും സംഘടനാപരമായും തങ്ങളെ ഉറപ്പിച്ചു നിർത്തുന്നതും, മനുഷ്യവംശത്തിന്റെ കൊടിയ ശത്രുവായ മുതലാളിത്ത-സാമ്രാജ്യത്വത്തെ തകർത്തുകൊണ്ട് ചരിത്ര നിർണീതമായ ശരിയായ പാതയിലേയ്ക്ക് നയിക്കുന്നതുമായിരിക്കും. ഇറാനിലെ അടിച്ചമർത്തപ്പെട്ട ജനങ്ങളോടും മധ്യപൂർവ്വദേശത്തും ലോകമെമ്പാടുമുള്ള യുദ്ധവിരുദ്ധരും സമാധാന സ്നേഹികളുമായ ജനങ്ങളോടുള്ള ഞങ്ങളുടെ അഭ്യർഥന ഈ യാഥാർത്ഥ്യം മനസ്സിലാക്കണമെന്നും അതിനനുസരിച്ച് പ്രവർത്തിക്കണമെന്നുമാണ്. ■

# വിജ്ഞാന ശാസ്ത്രം, വൈരുദ്ധ്യാത്മക ഭൗതികവാദം, വിപ്ലവ ജീവിതം എന്നിവയെപ്പറ്റി

**(കഴിഞ്ഞ ലക്കം തുടർച്ച)**

ഉത്പാദനത്തെ കേന്ദ്രമാക്കിക്കൊണ്ട് ഉയർന്നുവരികയും വികസിക്കുകയും ചെയ്ത വിവിധ ശാസ്ത്രശാഖകൾക്കൊപ്പം വികസിച്ച ശാസ്ത്രമാണതും. ഇതോടൊപ്പം നിങ്ങൾ ഓർക്കണം, ഗണിതശാസ്ത്രത്തിലെ ധാരണകളും നിർണയങ്ങളും – ഭൗതികലോകവും മനുഷ്യമസ്തിഷ്കവും തമ്മിലുള്ള പരസ്പരവ്യവഹാരത്തിന്റെ പ്രതികരണമായുള്ള, ഒരു പ്രത്യേക മാനസികധർമത്തെ ഉൾക്കൊണ്ട സാമാന്യവൽക്കരണത്തിലൂടെയും, ഔപചാരികയുക്തിയുടെ പ്രക്രിയകൾ പിന്തുടരുന്നതിലൂടെയും ആണ് അവ വികസിച്ചത്. ഭൗതികലോകത്തെ മൂർത്തപ്രതിഭാസങ്ങൾക്കു മേൽ തിരിച്ച് പ്രയോഗിക്കുമ്പോൾ, ഒരു ഗണിതനിർണയവും വസ്തുനിഷ്ഠയാഥാർത്ഥ്യവുമായി യോജിച്ചുപോകണമെന്നില്ല. ഭൗതികമായ അടിത്തറക്കുമേലാണ് ഗണിതശാസ്ത്രം വികസിച്ചത് എന്നത് സത്യമായിരിക്കുമ്പോൾ തന്നെ, അതിന്റെ സ്വാഭാവികഫലമെന്ന നിലയിൽ ഭൗതികലോകം ഗണിതത്തിന്റെ ചുവടുകൾ പിന്തുടരുമെന്നും അത് അർത്ഥമാക്കുന്നുണ്ടെന്ന് കരുതരുത്. പകരം ഗണിതശാസ്ത്രത്തിന്റെ ദൗത്യമെന്നത്, വസ്തുനിഷ്ഠയാഥാർത്ഥ്യത്തെ കൃത്യമായും സമഗ്രമായും പ്രകാശിപ്പിക്കുകയെന്നതാണ്. അതായത്, ഭൗതികലോകത്തിന്റെ വസ്തുനിഷ്ഠക്രമത്തെ വെളിപ്പെടുത്തുക.

ഇതേ രീതിയിൽ തന്നെ ജീവശാസ്ത്രവും ഒരു ശാസ്ത്രശാഖയാണ്. ഇതിനു പുറമേ, ഇക്കാലത്ത് സാമൂഹികശാസ്ത്രത്തേയും സാമ്പത്തികശാസ്ത്രത്തേയും ശാസ്ത്രമായി അംഗീകരിക്കാറുണ്ട്. രാഷ്ട്രതന്ത്രത്തേയും സാമൂഹികശാസ്ത്രത്തേയും സാമ്പത്തികശാസ്ത്രത്തേയും കലാ വിഷയങ്ങളായി കണക്കാക്കുന്ന സമ്പ്രദായം നമ്മുടെ രാജ്യത്ത് ഇപ്പോഴും നിലനിൽക്കുന്നു. ആധുനികലോകത്ത്, മറ്റു പല രാജ്യങ്ങളിലും, ഇവയെ ശാസ്ത്രവിഷയങ്ങളായാണ് ഇപ്പോൾ കണക്കാക്കുന്നത്. നമ്മുടെ രാജ്യത്ത് സാമ്പത്തികശാസ്ത്രത്തിന് ശാസ്ത്രത്തിന്റെ സ്ഥാനം നൽകുവാനുള്ള ഒരു ശ്രമം ഇപ്പോഴുണ്ട്. പക്ഷേ, വീക്ഷണത്തിൽ എന്തെങ്കിലും മാറ്റം സംഭവിച്ചതായി ദൃശ്യമാകുന്നില്ല. ഈ വിഷയങ്ങൾ എന്താണ് പഠിക്കുന്നത്? ഒരു പ്രത്യേക മണ്ഡലത്തിലെ സവിശേഷപ്രതിഭാസത്തെ നിയന്ത്രിക്കുന്ന പ്രത്യേക നിയമാവലിയും, ആ മണ്ഡലത്തിലെ കാര്യകാരണബന്ധങ്ങളും പഠിക്കുക എന്നതാണ് ഉദ്ദേശ്യം. അതായത്, ഒരു പ്രത്യേക മണ്ഡലത്തിലെ സവിശേഷ പ്രതിഭാസം സവിശേഷമായ നിയമസംഹിതയാൽ നിയന്ത്രിക്കപ്പെടുന്നതാണ്. ഇത്തരം എല്ലാ നിയമങ്ങളും പരസ്പരം നെയ്തുചേർത്താണ് മുഴുവൻ പ്രപഞ്ചത്തേയും സംബന്ധിച്ച ധാരണ, ഭൗതികലോകത്തെ ഒരു പഠനശാഖയാക്കിയിട്ടുള്ള ധാരണ, ഉണ്ടാക്കിയെടുത്തിരിക്കുന്നത്.

ശാസ്ത്രത്തിന്റെ എല്ലാ ശാഖകളും പരസ്പരബന്ധിതമാണെന്നാണ് ശാസ്ത്രജ്ഞർ ഊന്നിപ്പറയുന്നത്. എങ്ങനെയാണവ പരസ്പരബന്ധിതമാകുന്നത്? ഏത് അടിസ്ഥാന തത്വം അഥവാ പൊതുനിയമത്താലാണ് അവ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നത്? കൂടാതെ സ്വാഭാവികമായും രൂപപ്പെടുന്ന ഒരു ചോദ്യം: ഈ പൊതുനിയമത്തെ അഥവാ അടിസ്ഥാനതത്വത്തെ സംബോധന ചെയ്യുന്ന ശാസ്ത്രമുണ്ടോ? മുതലാളിത്തലോകത്തെ വിവിധ രാജ്യങ്ങളിലുള്ള അക്കാദമിക സ്ഥാപനങ്ങൾ, ഇതിന് ഇല്ല എന്നാകും മറുപടി തരിക. ശാസ്ത്രത്തെ തങ്ങളുടെ അധീനത്തിൽ നിർത്തുന്നതിനായി, അവർക്ക് അവരുടെ അതിഭൗതികത അഥവാ, തത്വചിന്താധിഷ്ഠിതമായ വിജ്ഞാനസിദ്ധാന്തമാണ് ഉപകരണമായിട്ടുള്ളത്. അവർക്ക് അതിഭൗതികശാസ്ത്രമുണ്ട്. പക്ഷേ, വിവിധശാസ്ത്രശാഖകൾക്കിടയിലെ പരസ്പരബന്ധത്തെ വെളിവാക്കാൻ സഹായിക്കുന്ന ശാസ്ത്രം അവരുടെ കൈവശമില്ല. ഒരു നിയതമായ ചരിത്രഘട്ടത്തിൽ, അധ്വാനവും മൂലധനവും തമ്മിലുള്ള വൈരുദ്ധ്യത്തെ കേന്ദ്രമാക്കി, തങ്ങളുടെ മോചനത്തിനായി മുതലാളിവർഗത്തിനെതിരേ തൊഴിലാളിവർഗം പോരാട്ടം ആരംഭിച്ചു. ഒപ്പം, വിവിധ ശാസ്ത്രശാഖകൾ വികാസത്തിന്റെ ഒരു പ്രത്യേകഘട്ടത്തിലെത്തിയപ്പോൾ, വിവിധ ശാസ്ത്രശാഖകളിലെ പ്രത്യേകസത്യങ്ങളെ ഏകോപിപ്പിച്ചും സംയോജിപ്പിച്ചും സാമാന്യവൽക്കരിച്ചും കൊണ്ടാണ് ഈ ശാസ്ത്രം ഉദയം ചെയ്തത്. ദ്വന്ദാത്മക ഭൗതികവാദമാണ് ഈ ശാസ്ത്രം. ഈ ശാസ്ത്രമാണ്, വിവിധ ശാസ്ത്രശാഖകളുടെ പ്രവർത്തനത്തിലൂടെ വെളിവാക്കപ്പെടുന്ന പ്രത്യേകനിയമങ്ങളെ നിയന്ത്രിക്കുകയും പരസ്പരം ബന്ധിപ്പിക്കുകയും ചെയ്യുന്ന പൊതുനിയമങ്ങളെ പഠിക്കുന്നത്. അതുകൊണ്ട്, ദ്വന്ദാത്മക ഭൗതികവാദം അഥവാ മാർക്സിസം, പൂർണവും സമഗ്രവുമായ ഒരു ശാസ്ത്രമാണ്. അതുകൊണ്ടു തന്നെ, മാർക്സിസത്തിന് പുതിയ പരീക്ഷണങ്ങളുടെ കണ്ടെത്തലുകളോടും, വിവിധങ്ങളായ ശാസ്ത്രശാഖകളിലെ ഏതൊന്നിന്റെയും വികാസത്തോടും കണ്ണടച്ചു പിടിക്കാൻ സാധിക്കില്ല. അതൊക്കെ അംഗീകരിക്കാതിരിക്കാനോ, ഒഴിഞ്ഞുമാറിപ്പോകുവാനോ, സാങ്കൽപിക സിദ്ധാന്തങ്ങൾ ഉണ്ടാക്കിയെടുത്ത് അവയെ വിശദീകരിച്ച് മാറിപ്പോകുവാനോ, മാർക്സിസത്തിനു ഒരിക്കലും സാധ്യമല്ല. അതുകൊണ്ട്, ശാസ്ത്രത്തിന്റെ അടിത്തറയിൽ വികസിച്ച ഒരേയൊരു തത്വശാസ്ത്രം മാർക്സിസമാണ്. അത് ശാസ്ത്രത്തിന്റെ പുരോഗതിക്കൊപ്പം നിരന്തരം വികസിച്ചുകൊണ്ടേയിരിക്കുന്നു. തിരികെ ശാസ്ത്രത്തെ സ്വാധീനിക്കുകയും സഹായിക്കുകയും ചെയ്ത്, അത് മുന്നോട്ടു കൊണ്ടുപോകുന്നു. മാർക്സിസത്തിലാണ് അങ്ങനെ ആദ്യമായി, വിവിധങ്ങളായ എല്ലാ ശാസ്ത്രശാഖകളേയും അവയുടെ പരസ്പര സംഘർഷത്തിലും വൈരുദ്ധ്യത്തിലും, പരിഗണിക്കുകയും സംയോജിപ്പിക്കുകയും ചെയ്യുന്ന ഒരു ശാസ്ത്രത്തെ മനുഷ്യരാശി കണ്ടെത്തിയത്.




### മാർക്സിസം, മനുഷ്യരാശിയുടെ മോചനത്തിന്റെ തത്വശാസ്ത്രം

മാർക്സിസത്തിന്റെ ആവിർഭാവത്തിനു പിന്നിൽ പ്രവർത്തിച്ചത്, തൊഴിലാളിവർഗത്തിന്റെ മോചനത്തിനായുള്ള ശക്തമായ ത്വരയായിരുന്നു എന്നതും നമ്മൾ വ്യക്തമായി മനസ്സിലാക്കേണ്ടതുണ്ട്. ഈ അർത്ഥത്തിലാണ്, മാർക്സിസം തൊഴിലാളിവർഗത്തിന്റെ തത്വചിന്തയായി പൊതുവെ കണക്കാക്കപ്പെടുന്നത്. പക്ഷേ, ഈ സാധാരണ രീതിയിൽ മാർക്സിസത്തെ ഒരു തൊഴിലാളിവർഗ തത്വചിന്തയായി മാത്രം കണക്കാക്കുന്നത് വളരെ വലിയ അബദ്ധവും, അപകടകരമായ അവസ്ഥ സൃഷ്ടിക്കുന്നതുമാണ്. എന്തുകൊണ്ട്? കാരണം, മാർക്സിസത്തെ സാധാരണ രീതിയിൽ ഒരു തൊഴിലാളിവർഗ തത്വശാസ്ത്രമായി കണക്കാക്കിയാൽ, അത് ഒഴിവാക്കാനാകാത്ത ഒരു ചോദ്യം കൊണ്ടുവരും. ഭാവിയിൽ വർഗരഹിത സമൂഹവ്യവസ്ഥ സ്ഥാപിക്കുമ്പോൾ, വർഗവിഭജനം ഇല്ലായ്മ ചെയ്ത് സ്റ്റേറ്റ് തന്നെ കൊഴിഞ്ഞുപോകുമ്പോൾ, മാർക്സിസം അഥവാ ദ്വന്ദാത്മക ഭൗതികവാദത്തിന് അതിന്റെ ആധികാരികത നഷ്ടമാകില്ലേ എന്നതാണ് ആ ചോദ്യം. എന്റെ എതിർപ്പ് ഇതിൽ നിന്നാണ് ഉണ്ടാകുന്നത്. കാരണം, ശാസ്ത്രീയ തത്വചിന്ത എന്ന നിലയിൽ മാർക്സിസം അപ്പോഴും ആധികാരികമായിരിക്കും. അതുകൊണ്ട്, മാർക്സിസത്തെ സാധാരണരീതിയിൽ ഒരു തൊഴിലാളിവർഗ തത്വശാസ്ത്രമായി വിശേഷിപ്പിക്കുന്നതിനെ ഞാൻ എതിർക്കുന്നു. ചിന്തയുടേയും വിശകലനത്തിന്റെയും പ്രക്രിയയെ നയിക്കുന്ന ഒരു രീതിശാസ്ത്രമായി വേണം മാർക്സിസത്തെ കണക്കാക്കാൻ. വർഗവിഭജിത സമൂഹത്തിൽ തൊഴിലാളിവർഗത്തിന്റെ വർഗതാത്പര്യത്തെ പ്രതിഫലിപ്പിക്കുന്നു എന്നതുകൊണ്ടാണ്, അതിനെ തൊഴിലാളിവർഗ തത്വശാസ്ത്രമായി വിശേഷിപ്പിക്കുന്നത്. പക്ഷേ, ഇന്ന് തൊഴിലാളിവർഗത്തിന്റെയും അതുപോലെ തന്നെ മനുഷ്യരാശിയുടെ ഒന്നാകെയുമുള്ള മോചനത്തിന്റെ പ്രശ്നം ചരിത്രപരമായി ഒന്നായി ചേർന്നിരിക്കുന്നു എന്നതും സത്യമാണ്. ഈ കാരണത്താൽ, മാർക്സിസം മനുഷ്യരാശിയുടെ മോചനത്തിന്റെ തത്വചിന്തയുമാണ്.

### പദാർത്ഥത്തെ സംബന്ധിക്കുന്ന തത്വചിന്താപരമായ ചില ആശയക്കുഴപ്പങ്ങൾ

നിങ്ങൾക്കു കാണാം, കാലങ്ങളായി ശാസ്ത്രത്തിലും തത്വചിന്തയിലുമുള്ള ചർച്ചകളിൽ ആവർത്തിക്കുന്ന ഒരു ചോദ്യമുണ്ട്. നാം നമുക്കു ചുറ്റും കാണുന്ന ഭൗതികലോകം, ഈ ലോകത്തെ നിർമിച്ചിരിക്കുന്ന പദാർത്ഥം, ഈ പദാർത്ഥത്തിന്റെ ഉത്ഭവം എന്താണ് എന്നതാണ് ചോദ്യം. ഞാൻ മനസ്സിലാക്കിയതു പ്രകാരം, പല കാരണം കൊണ്ടും, ഭാവിയിലും ഈ ചോദ്യം വീണ്ടും ഉയർന്നു വരാൻ സാധ്യതയുണ്ട്. നിങ്ങൾക്കറിയാം, ഒരു കാലത്ത് പദാർത്ഥത്തെ കൂടുതൽ കൂടുതൽ വിഭജിക്കുവാനുള്ള നീണ്ട പ്രയത്നത്തിൽ, അതായത് പദാർത്ഥത്തിന്റെ ഏറ്റവും ചെറിയ കണം എന്തെന്ന് ചിന്തിക്കുമ്പോൾ ഉണ്ടായ ഒരു നിർണയമുണ്ട് – രാസപ്രവർത്തനങ്ങളുടെ ശ്രദ്ധാപൂർവമുള്ള പഠനം നമ്മളെ നയിക്കുന്ന പരികൽപന, പദാർത്ഥത്തിന്റെ ഏറ്റവും ചെറിയ ഘടകം അണു(atom) ആണ് എന്നത്. കാരണം അതാണ് രാസപ്രവർത്തനത്തിൽ പങ്കെടുക്കുന്ന ഏറ്റവും അഭേദ്യമായ ഘടകം. അപ്പോൾ, എല്ലാ പദാർത്ഥവും അണുക്കളാൽ നിർമിക്കപ്പെട്ടിരിക്കുന്നു എന്നു വരുന്നു. അണുവിനെ മുന്നോട്ട് വിഭജിക്കാൻ സാധ്യമല്ല എന്നു കണ്ടപ്പോൾ, ആ ഘട്ടത്തിൽ, എങ്ങനെയാണ് പദാർത്ഥം നിർമിക്കപ്പെട്ടിരിക്കുന്നത് എന്ന ചോദ്യത്തിന്റെ ഉത്തരത്തിനായുള്ള ശ്രമം അങ്ങനെ അതിൽ തട്ടിനിന്നു. അണുവാണ് ഏറ്റവും ചെറുതും തനതുമായ പദാർത്ഥകണം എന്ന സങ്കൽപ്പത്തിന് ഇത് രൂപം നൽകി. അണു അഭേദ്യവും അവിഭജിതവുമാണെന്നും, അതിനെ കൂടുതൽ വിഭജിക്കാൻ സാധ്യമല്ലെന്നുമുള്ള ചിന്ത പലരിലും അടിച്ചുറപ്പിക്കുന്നതിലേക്കും അത് നയിച്ചു. അതുകൊണ്ട്, അണുവാണ് മൂലഘടകം, മുഴുവൻ പ്രപഞ്ചവും നിർമിച്ചിരിക്കുന്ന അടിസ്ഥാനശകലം എന്ന് അവർ അവകാശപ്പെട്ടു. അണുവാണ് മൂലവസ്തു എന്ന് അവർ ഉറപ്പിച്ചു. അങ്ങനെ, ആ സമയത്ത് അണുവിനെ മാറ്റമില്ലാത്തതും ശാശ്വതവുമായി അംഗീകരിക്കപ്പെട്ടു. ആശയവാദ തത്വചിന്തകരാകട്ടെ, അണുവിന്റെ അവിഭാജ്യതയിൽ, ശാശ്വതവും പരമവും ആയതിനെക്കുറിച്ചുള്ള തങ്ങളുടെ ആശയത്തിന് പ്രാമാണീകരണം കണ്ടെത്തി. പക്ഷേ, ശാസ്ത്രത്തിന്റെ പ്രയാണം അവിടെ അവസാനിച്ചിരുന്നില്ല. ഇന്ന്, സ്ക്കൂൾ കുട്ടികൾക്കു പോലും അറിയാം, അണുവിനെ ഇലക്ട്രോൺ, പ്രോട്ടോൺ, ന്യൂട്രോൺ എന്നിങ്ങനെ നിരവധിയായ സൂക്ഷ്മകണങ്ങളായി വിഭജിക്കാൻ സാധിക്കുമെന്ന്. എടുത്തുപറയേണ്ട കാര്യമില്ല, ഈ കണ്ടുപിടിത്തം ആശയവാദതത്വചിന്തക്ക് കടുത്ത ആഘാതമായി, ഒപ്പം ആധുനികശാസ്ത്രത്തിന് അടിസ്ഥാനകണം എന്ന ആശയം ഉപേക്ഷിക്കേണ്ടി വന്നു. പകരം, ഏതൊരു സൂക്ഷ്മകണവും, മറ്റനേകം ചലനാത്മകവും അതിസൂക്ഷ്മവുമായ കണങ്ങളുടെ സങ്കലനമാണെന്ന് കണ്ടു. ഈ അതിസൂക്ഷ്മ അണുഘടകകണങ്ങൾ ആന്തരികമായി നിര

*(ശേഷം 14-ാം പേജിൽ)*

(13-ാം പേജിൽ നിന്ന്)

ന്തരസംഘർഷത്തിലും തത്ഫലമായുള്ള ചലനത്തിലുമാണ്. ഇതെല്ലാം ചേർന്നാണ് പദാർത്ഥത്തിന്റെ നിലനിൽപ്പിന്റെ രീതിയായ, അതിന്റെ ചലനത്തിന് രൂപം നൽകുന്നത്. അണുവിനുള്ളിലെ തീർത്തും സൂക്ഷ്മമായ ഈ കണങ്ങളുടെ കണ്ടുപിടിത്തത്തോടെ-അതുതന്നെ പലപ്പോഴും പരസ്പരം രൂപമാറ്റം ഉണ്ടാകുന്നവയാണ്, അടിസ്ഥാനകണം എന്നൊന്നില്ല എന്നത് നിഷേധിക്കാനാകാത്തതായിരിക്കുന്നു. എത്രത്തോളം സൂക്ഷ്മവും നിഗൂഢവുമാണെങ്കിലും, ഓരോ കണവും മറ്റ് ചില സൂക്ഷ്മകണങ്ങളുടെ സംയോജനമായിരിക്കും. നിങ്ങളൊരു കണത്തിന്റെ ഘടനയെക്കുറിച്ച് ചിന്തിക്കുകയാണെങ്കിൽ, അതിനുള്ളിൽ അസംഖ്യം ചലനാത്മകമായ സൂക്ഷ്മകണങ്ങൾ നിലനിൽക്കുന്നതായി നിങ്ങൾക്കു കാണാൻ സാധിക്കും. അന്തമില്ലാത്ത ഒരു ചങ്ങലയായി നിന്നുകൊണ്ട്, കണങ്ങളെ കൂടുതൽ കൂടുതൽ വിഭജിക്കുന്നതിന് അവസാനമുണ്ടാകില്ല. അതായത്, കണങ്ങൾ ഒന്നിൽ നിന്നും മറ്റൊന്നായി മാറുന്ന പ്രക്രിയക്ക് അവസാനമുണ്ടാകുന്നില്ല. നമ്മൾ മനസ്സിലാക്കണം, ഒരു മൂർത്തമായ പ്രത്യേക പദാർത്ഥത്തിന് തുടക്കമുണ്ട്, ഒരു മൂർത്തമായ പ്രത്യേക പദാർത്ഥത്തിന് അവസാനവുമുണ്ട്. എന്നാൽ ശാസ്ത്രമിന്ന് അംഗീകരിക്കുന്നത്, പരമമായ ഒരു തുടക്കമോ, എല്ലാത്തിനും കൂടി പ്രത്യേകമായ ഒരു അവസാനമോ ഇല്ല എന്നാണ്. ഈ സന്ദർഭത്തിൽ, ആധുനികശാസ്ത്രത്തിന്റെ പ്രധാനമുന്നേറ്റങ്ങളുടെ പശ്ചാത്തലത്തിൽ, ഇലക്ട്രോണിന്റെയും മറ്റ് അണുഘടകകണങ്ങളുടേയും സ്വഭാവഗുണവിശേഷങ്ങളുടെ പ്രധാനവശങ്ങൾ സംബന്ധിച്ച ചർച്ചയിലേക്ക് ഞാൻ കടക്കുന്നില്ല. അത് പിന്നീട് ഞാൻ ചർച്ച ചെയ്യാം.

ഇപ്പോൾ ഇതുമായി ബന്ധപ്പെട്ട മറ്റു ചില പ്രധാനപ്രശ്നങ്ങൾ ചർച്ച ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു. നമുക്കറിയാം, പദാർത്ഥം ചലനത്തിൽ നിലനിൽക്കുന്നു. പദാർത്ഥത്തിന്റെ ചലനത്തിന്റെ കാരണം, അഥവാ ചലനത്തിന്റെ ഉത്ഭവമായി, ന്യൂട്ടന്റെ കാലത്തുണ്ടായിരുന്ന ആശയമെന്തെന്നാൽ, പദാർത്ഥത്തിന്റെ ചലനത്തിനുള്ള കാരണം ബാഹ്യമാണ് എന്നതായിരുന്നു. അക്കാലത്തെ ശാസ്ത്രവികാസത്തിന്റെ പശ്ചാത്തലത്തിൽ, ന്യൂട്ടൺ ഈ വിഷയത്തെ ഇങ്ങനെയാണ് നോക്കിക്കണ്ടത്. ഒരു കല്ല് എടുത്തെറിയുന്നു എന്നു കരുതുക. കല്ല്, അത് എറിയാൻ ഉപയോഗിക്കുന്ന ബലത്തിനനുസരിച്ചുള്ള ദൂരത്ത് പോയി വീഴുന്നു. കല്ല് കുറച്ചു ദൂരം സഞ്ചരിച്ചത് ഉള്ളിൽ നിന്നുള്ള എന്തെങ്കിലും ബലം കൊണ്ട് അല്ല എന്നത് വസ്തുത. അത് സംഭവിച്ചത്, അതിനെ എടുത്തെറിയാൻ ഒരു ബാഹ്യബലം പ്രയോഗിച്ചതുകൊണ്ടാണ്. അപ്പോൾ ഉണ്ടാകുന്ന അനുമാനം, പദാർത്ഥത്തിന്റെ ചലനത്തിനു കാരണം ബാഹ്യമാണ് എന്നതാണ്. ഇനി, ഒരാൾ തോക്കിന്റെ കാഞ്ചി വലിക്കുന്നത് ചിന്തിക്കൂ. തത്ഫലമായി, ഒരു വെടിയുണ്ട അതിൽ നിന്നും ബഹിർഗമിക്കുന്നു. അപ്പോൾ, നിശ്ചലവസ്തുക്കൾ ചലനത്തിലാകാനുള്ള കാരണം, പുറമേ നിന്നും ഒരു ബലം അതിന്മേൽ പ്രയോഗിക്കുന്ന പ്രവൃത്തിയാണെന്ന് അനുമാനിച്ചു. ഒരു ബലം പ്രയോഗിച്ചിട്ടില്ലായിരുന്നുവെങ്കിൽ, ഇവിടെ പരാമർശിച്ച പദാർത്ഥം എന്നും സമ്പൂർണവിശ്രമത്തിലായിരിക്കും. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ, ന്യൂട്ടോണിയൻ മെക്കാനിക്സിൽ വളർന്നു വന്ന ആശയം, അനന്തമായ അളവിലുള്ള ഒരു ബലം സമസ്തപ്രപഞ്ചത്തിനും മേൽ ബാഹ്യമായി പ്രയോഗിക്കുകയും, തന്മൂലം പ്രപഞ്ചം എപ്പോഴും ചലനത്തിന്റെ അവസ്ഥയിൽ തന്നെ നിലകൊള്ളുന്നു, അങ്ങനെ തന്നെ തുടരുകയും ചെയ്യും. ഈ ബലം ആര് എങ്ങനെ പ്രയോഗിച്ചു എന്ന ചോദ്യത്തിന് തൃപ്തികരമായ ഉത്തരം അക്കാലത്തെ ശാസ്ത്രത്തിനുണ്ടായിരുന്നില്ല. ആദ്യ ആവേഗം, അഥവാ പ്രഥമ ചലനഹേതു എന്ന് ന്യൂട്ടൺ ഇതിനെ വിശദീകരിക്കാൻ ശ്രമിച്ചു. പക്ഷേ പിന്നീട്, അണുവിനെ കൂടുതൽ അണുഘടകകണങ്ങളായി വിഭജിക്കാമെന്നു കണ്ടുപിടിച്ചപ്പോൾ, – ഞാൻ തൊട്ടുമുന്നേ ചർച്ച ചെയ്ത വസ്തുത – പിന്നീട് ഇതിന്റെ അടിസ്ഥാനത്തിൽ കണിക സിദ്ധാന്തം (particle theory) കണ്ടുപിടിച്ചു, കൂടാതെ ഐൻസ്റ്റീന്റെ ആപേക്ഷികത സിദ്ധാന്തത്തിന്റെ കണ്ടുപിടിത്തത്തോടെ സ്ഥലം, കാലം, ഗുരുത്വാകർഷണം എന്നിവയിലുള്ള പുതിയ ആശയങ്ങൾ കൂടി പ്രത്യക്ഷപ്പെട്ടതോടെ, ചലനത്തിന്റെ അടിസ്ഥാനകാരണം ആന്തരികമാണ്, ബാഹ്യമല്ല എന്നത് ശരിക്കും വ്യക്തമായി.




ഒരു വസ്തുവിലെ അണുക്കൾക്കും തന്മാത്രകൾക്കും ഇടയിലുള്ള സംഘർഷത്തിന്റെ, ഒരു പ്രത്യേക സമയത്തെ കൂടിയോ കുറഞ്ഞോ ഉള്ള സ്വഭാവവും അളവും, ആ വസ്തുവിന്റെ അവസ്ഥയുടെ പ്രത്യേക തരത്തിലും, അതിന്റെ സൂക്ഷ്മഘടകകണങ്ങളുടെ സമാഹരണത്തിന്റെ അവസ്ഥയിലും ആശ്രയിച്ചിരിക്കുന്നു എന്നത് ഇതിനു മുമ്പേ ശാസ്ത്രത്തിന് അറിയാമായിരുന്നു. പദാർത്ഥം വാതകാവസ്ഥയിൽ ആയിരിക്കുമ്പോൾ, സംഘർഷം വളരെ കടുത്തതായിരിക്കും. ദ്രവാവസ്ഥയിൽ അത് കുറവായിരിക്കും. ഖരാവസ്ഥയിൽ, അണുക്കളും തന്മാത്രകളും ചലനത്തിലായിരിക്കുമ്പോഴും, അത് വാതക-ദ്രവ അവസ്ഥകളേക്കാൾ വളരെ കുറവായിരിക്കും. തിരിച്ചു ചിന്തിച്ചാൽ, ഒരു ഖരം ദ്രാവകമായി മാറ്റുമ്പോഴും, പിന്നീട് അതിനെ വാതകമാക്കി മാറ്റുമ്പോഴും, സംഘർഷം പല മടങ്ങ് വർധിച്ചുകൊണ്ടേയിരിക്കും. ഇതാണ് ഒരു കാര്യം.

ഇവിടെ ആഴത്തിൽ പ്രസക്തമായ മറ്റൊരു കാര്യം കൂടിയുണ്ട്. ഒരു വസ്തുവിനെയും, അതിന്റെ രൂപത്തേയും ഊർജ്ജത്തേയും കുറിക്കുന്നതിനും രണ്ട് അടിസ്ഥാന ഭാഗങ്ങൾ – പദാർത്ഥവും ഊർജ്ജവും, എന്ന് അംഗീകരിക്കുന്നതായിരുന്നു നേരത്തെ ശാസ്ത്രത്തിനുണ്ടായിരുന്ന പ്രയോഗരീതി. ഇപ്പോൾ ഇതിനെ മറ്റൊരു രീതിയിൽ – പിണ്ഡവും(mass) ഊർജ്ജവും എന്നു ശരിയായി വിഭജിച്ചു കാണുന്നു. കൃത്യമായും, പിണ്ഡവും ഊർജ്ജവുമാണ് പദാർത്ഥത്തിന്റെ നിലനിൽപ്പിന്റെ വ്യത്യസ്ത രൂപങ്ങൾ. പദാർത്ഥത്തിന്റെ ഒരു രൂപമാണ് ഊർജ്ജം, മറ്റൊരു രൂപമാണ് പിണ്ഡം. നമ്മൾ ഇപ്പോൾ കണ്ടു കഴിഞ്ഞു, പദാർത്ഥത്തിന്റെ ചലനത്തിന്റെ അടിസ്ഥാനകാരണം ആന്തരികമാണ്, ബാഹ്യമല്ല എന്ന്. പക്ഷേ പൂർണമായ ധാരണക്ക് അത് മതിയാവില്ല. ശാസ്ത്രവും മാർക്സിസവും വിശദീകരിക്കുന്നത്, ചലനം പദാർത്ഥത്തിന്റെ നിലനിൽപ്പിന്റെ രീതിയാണെന്നാണ്. പദാർത്ഥം നിലനിൽക്കുന്നു എന്നതിനർത്ഥം, പദാർത്ഥം ചലനത്തിൽ നിലനിൽക്കുന്നു എന്നാണ്. അതുകൊണ്ടാണ് പറയുന്നത്, ചലനം പദാർത്ഥത്തിന്റെ നിലനിൽപ്പിന്റെ രീതിയാണെന്ന്. മറ്റുവാക്കുകളിൽ, ചലനമില്ലാത്ത പദാർത്ഥം ഉണ്ടാവുകയില്ല, അത് നിലനിൽക്കുകയില്ല.

ആധുനികശാസ്ത്രം വളരെ വ്യക്തമായും, സംശയാതീതമായും ഈ വിഷയങ്ങളുടെ ശരിയായ ധാരണ മുന്നോട്ടു വെക്കുന്നുണ്ട്. പക്ഷേ നമുക്കറിയാം, വളരെ മുമ്പു തന്നെ ഹെഗലിന്റെ ദ്വന്ദാത്മകസിദ്ധാന്തത്തിന്റെ ആശയവാദ മുഖംമൂടി വലിച്ചുകീറിക്കൊണ്ട് മാർക്സ് കാണിച്ചു തന്നതാണ്, ഓരോ ഭൗതികവസ്തുവിലും പരസ്പരവിരുദ്ധങ്ങളായ ശക്തികൾ, വിപരീതപ്രവണതകളോടെ നിരന്തര വൈരുദ്ധ്യത്തിലും ഐക്യത്തിലും നിലനിൽക്കുന്നുവെന്ന്. ഇതിനെയാണ് പദാർത്ഥത്തിന്റെ ആന്തരികവൈരുദ്ധ്യമെന്ന് വിളിക്കുന്നത്. കൂടാതെ, ഓരോ സവിശേഷ ഭൗതികവസ്തുവും, അതിന് ബാഹ്യമായ ലോകത്തെ മറ്റ് ഓരോ ഭൗതികവസ്തുവുമായും വൈരുദ്ധ്യത്തിന്റെയും ഐക്യത്തിന്റെയും പ്രക്രിയയിലൂടെ ബന്ധപ്പെട്ടിരിക്കുന്നു. ഇതാണ് അതിന്റെ ബാഹ്യവൈരുദ്ധ്യം. ഈ രണ്ട് വൈരുദ്ധ്യങ്ങളും ചേർന്നാണ് ചലനം സൃഷ്ടിക്കുന്നത്. ആന്തരികവും ബാഹ്യവുമായ വൈരുദ്ധ്യങ്ങൾക്കിടയിൽ, പക്ഷേ ആന്തരികവൈരുദ്ധ്യമാണ് ചലനത്തിന്റെ അടിസ്ഥാനകാരണം. ഞാൻ നേരത്തേ ചൂണ്ടിക്കാട്ടിയതു പോലെ, പിന്നീട് ശാസ്ത്രത്തിലുണ്ടായ കണ്ടുപിടിത്തങ്ങൾ, മാർക്സിസത്തിന്റെ ഈ അടിസ്ഥാനനിർണയങ്ങളെ സ്ഥിരീകരിച്ചിട്ടുണ്ട്. ■

(ശേഷം അടുത്ത ലക്കത്തിൽ)




**കാശ്മീരിലെ മനുഷ്യാവകാശ ലംഘനങ്ങൾക്കെതിരെ ജനകീയ പ്രതിരോധ സമിതി ഒക്ടോബർ 13ന് എറണാകുളം പ്രസ് ക്ലബിൽ സംഘടിപ്പിച്ച ചർച്ചാ സമ്മേളനത്തിൽ കണ്ണൻ ഗോപിനാഥൻ ഐഎഎസ് മുഖ്യപ്രഭാഷണം നടത്തുന്നു**

## പിണറായി സർക്കാർ വ്യാജ ഏറ്റുമുട്ടൽ കൊലപാതകങ്ങൾ നിർത്തുക; ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിക്കുക

ഉത്തരേന്ത്യൻ മാതൃകയിൽ കേരളത്തിൽ പിണറായി സർക്കാരിന്റെ പോലീസ് നടത്തുന്ന വ്യാജ ഏറ്റുമുട്ടൽ കൊലപാതകങ്ങൾ കേരളത്തിന്റെ ജനാധിപത്യ മനഃസാക്ഷിയെ ഞെട്ടിക്കുന്നതാണെന്ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റി അഭിപ്രായപ്പെട്ടു. എൽഡിഎഫ് സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലമ്പൂർ, വൈത്തിരി എന്നിവിടങ്ങളിലുൾപ്പെടെ നടന്ന വ്യാജ ഏറ്റുമുട്ടലുകളിൽ ഇതുവരെ ഏഴ് പേരാണ് നിർദ്ദാക്ഷിണ്യം കൊല്ലപ്പെട്ടത്. കഴിഞ്ഞ സംഭവങ്ങളുടെ സന്ദർഭത്തിൽ ഉയർന്ന പ്രതിഷേധത്തെ തരിമ്പും വകവയ്ക്കുന്നില്ല എന്നതാണ് ഇപ്പോൾ അട്ടപ്പാടി വെടിവയ്പ്പ് തെളിയിക്കുന്നത്. നീതിന്യായ വ്യവസ്ഥയെ വെല്ലുവിളിക്കുന്ന ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ കേരളസമൂഹം ശക്തമായി പ്രതിഷേധിക്കണമെന്ന് സംസ്ഥാന സെക്രട്ടറി സഖാവ് വി.വേണുഗോപാലിന്റെ അദ്ധ്യക്ഷതയിൽ എറണാകുളത്ത് ചേർന്ന സംസ്ഥാന കമ്മിറ്റിയോഗം അഭ്യർത്ഥിച്ചു. ഈ നിഷ്ഠൂരമായ സംഭവത്തിൽ മജിസ്റ്റീരിയൽ അന്വേഷണം നടത്തുമെന്നാണ് സർക്കാർ പറയുന്നത്. പക്ഷെ, ഈ സർക്കാരിന്റെ കീഴിൽ ഇതിനുമുൻപും സമാനമായ രീതിയിൽ നടന്ന ഏറ്റുമുട്ടൽ കൊലകളിൽ പ്രഖ്യാപിച്ച മജിസ്റ്റീരിയൽ അന്വേഷണം വെറും പ്രഹസനമായിരുന്നു. നിയമസഭയിൽ പോലീസ്ഭാഷ്യം ആഭാസകരമായി ഏറ്റുപറയുന്ന മുഖ്യമന്ത്രി കേരള ജനതയെ അപമാനിച്ചിരിക്കുകയാണ്. വധിക്കുന്നതും വിധികൽപ്പിക്കുന്നതുമെല്ലാം പോലീസും എക്സിക്യൂട്ടീവും തന്നെയാകുന്ന അപകടകരമായ സ്ഥിതിയാണ് ഇന്നുള്ളത്. അതിനാൽ നിലമ്പൂർ, വൈത്തിരി, അട്ടപ്പാടി വെടിവയ്പ്പുകൾ സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റി കേരള സർക്കാരിനോട് ആവശ്യപ്പെടുന്നു. ■

# മാർക്ക് ദാനവും അവിഹിത ഇടപെടലുകളും കളങ്കിതമാക്കിയ സർവ്വകലാശാലകൾ

കേരളത്തിലെ സർവ്വകലാശാലകളുടെ വിശ്വാസ്യതയ്ക്ക് കളങ്കമേൽപ്പിച്ച സംഭവപരമ്പരകളാണ് പുറത്തുവന്നിട്ടുള്ളത്. ഉന്നതവിദ്യാഭ്യാസവകുപ്പ് മന്ത്രി കെ.ടി.ജലീൽ ഇടപെട്ട്, പരീക്ഷയിൽ തോറ്റ വിദ്യാർത്ഥികളെ വിജയിപ്പിക്കാൻ ശ്രമിച്ചുവെന്ന ആരോപണം ഗുരുതരസ്വഭാവത്തിലുള്ളതാണ്.

സർവ്വകലാശാലയുടെ സ്വയംഭരണാവകാശത്തെ മറികടന്നുകൊണ്ട് മന്ത്രിയും അദ്ദേഹത്തിന്റെ ഓഫീസും സ്വകാര്യ സ്റ്റാഫും വിവിധ സർവ്വകലാശാലകളുടെ അക്കാദമികവും ഭരണപരവുമായ കാര്യങ്ങളിൽ ഇടപെടാൻ അനധികൃതമായി അദാലത്തുകൾ സംഘടിപ്പിക്കുകയും അവയിൽ പങ്കെടുക്കുകയും ചെയ്തുവെന്ന വിമർശനമാണ് അഖിലേന്ത്യാ സേവ് എജ്യൂക്കേഷൻ കമ്മിറ്റിയും അക്കാദമിക രംഗത്തെ വിദഗ്ദ്ധരും ഉയർത്തികൊണ്ടുവന്നത്. അവയിൽ പ്രധാനം മാർക്ക് ദാനം തന്നെ.

കേരള സാങ്കേതിക സർവ്വകലാശാലയിലും മഹാത്മാഗാന്ധി സർവ്വകലാശാലയിലുമാണ് മന്ത്രിയും അദ്ദേഹത്തിന്റെ പ്രൈവറ്റ് സെക്രട്ടറിയും പങ്കെടുത്ത അദാലത്തുകളിൽ മാർക്ക്ദാനത്തിന് തീരുമാനമുണ്ടായത്. മോഡറേഷൻ ഉൾപ്പെടെയുള്ള അക്കാദമിക കാര്യങ്ങൾ തീരുമാനിക്കാനുള്ള അധികാരം സർവ്വകലാശാലകളുടെ ആധികാരിക അക്കാദമിക സമിതികൾക്കുമാത്രമാണെന്നിരിക്കെ, മന്ത്രിതല ഇടപെടൽ ഗുരുതരമായ ചട്ടലംഘനമാണ്. എന്നാൽ, മാനുഷിക പരിഗണനകളുടെ അടിസ്ഥാനത്തിലാണ് അത് ചെയ്തതെന്നും അർഹരെ സഹായിക്കാൻ ഇനിയുമത് ആവർത്തിക്കുമെന്ന് മാത്രമല്ല സർവ്വകലാശാല ഭരണരംഗങ്ങളിൽ ക്രമവിരുദ്ധമായി വീണ്ടും ഇടപെടുമെന്നും മന്ത്രി പറയുമ്പോൾ, സർവ്വകലാശാലകളുടെ സ്വയംഭരണാവകാശത്തെയാണ് അദ്ദേഹം വെല്ലുവിളിക്കുന്നത്.

നടന്നത് മോഡറേഷനല്ല, മാർക്ക്ദാനം തന്നെ എന്ന് മനസ്സിലാക്കാൻ സർവ്വകലാശാല പരീക്ഷാ മാന്വലിൽ പറയുന്ന വ്യവസ്ഥകൾ തന്നെ ധാരാളം. മോഡറേഷൻ നൽകാനുള്ള അധികാരം ബോർഡ് ഓഫ് എക്സാമിനേഷന് മാത്രമാണുള്ളത്. ഒരു വിദ്യാർത്ഥിയ്ക്ക് മാത്രമായി മാർക്ക് കൂട്ടി നൽകാൻ മോഡറേഷൻ തത്വങ്ങൾ അനുവദിക്കുന്നില്ല. പരീക്ഷാഫലപ്രഖ്യാപനത്തിന് ശേഷം മോഡറേഷൻ തീരുമാനിക്കാനും സർവ്വകലാശാലകളുടെ റെഗുലേഷൻ പ്രകാരം സാധ്യമല്ല. എന്നാൽ, ആ വ്യവസ്ഥകളൊക്കെ കാറ്റിൽപ്പറത്തപ്പെട്ടു. പാസ്ബോർഡിനെ മറികടന്ന് സിൻഡിക്കേറ്റാണ് 17.8. 2019ൽ എംജി യൂണിവേഴ്സിറ്റിയിൽ 5 മാർക്കുവരെ മോഡറേഷൻ കൊടുക്കാൻ തീരുമാനിച്ചത്. അതിന് തൊട്ടുമുമ്പ്, മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി പങ്കെടുത്ത അദാലത്തിൽ വച്ച് ഒരു മാർക്ക് കൂട്ടികൊടുക്കാനുള്ള തീരുമാനവും കൈകൊണ്ടു. രണ്ടും അനധികൃത–ചട്ടവിരുദ്ധ തീരുമാനങ്ങൾ.

സമാനമായി മറ്റൊരു സംഭവം കേരള യൂണിവേഴ്സിറ്റിയിലുണ്ടായി. 31.8.2019ൽ ചേർന്ന കേരള സർവ്വകലാശാലയുടെ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിട്സിൽ പറയുന്നു കേരളയുടെ പരീക്ഷാകലണ്ടറിൽ മാറ്റം വരുത്താൻ ഉന്നത വിദ്യാഭ്യാസവകുപ്പ് മന്ത്രിയുടെ ഓഫീസ് ആവശ്യപ്പെട്ടുവെന്ന്. ഇങ്ങനെ, നിരവധി അശുഭകരമായ ഇടപെടൽ വാർത്തകൾ എല്ലാ സർവ്വകലാശാലകളിൽ നിന്നും പുറത്തുവന്നതോടെയാണ് മന്ത്രിയും സംഘവും നിൽക്കക്കള്ളിയില്ലാതെ മാനുഷികപരിഗണനാവാദം ഉയർത്തി രക്ഷപ്പെടാൻ ശ്രമിച്ചത്. അക്കാദമിക മാനദണ്ഡങ്ങളെയും വ്യവസ്ഥകളെയും മറികടക്കാൻ വേണ്ടി പ്രയോഗിച്ച വിലകുറഞ്ഞ സഹതാപ നമ്പർ എന്നതിനപ്പുറം അതിന് യാതൊരു അടിസ്ഥാനവുമില്ല.

സർവ്വകലാശാലകൾ സ്വതന്ത്ര സ്വയംഭരണ സ്ഥാപനങ്ങളാണ്. അവയുടെ അക്കാദമികവും ഭരണപരവുമായ കാര്യങ്ങളിൽ ഒരു സാഹചര്യത്തിലും ഇടപെടാൻ മന്ത്രിയ്ക്ക് അവകാശമില്ല. ഭരണപരമായ കാര്യങ്ങൾ തെരഞ്ഞെടുക്കപ്പെടുന്ന അക്കാദമിക സമിതികളാണ് തീരുമാനിക്കേണ്ടത്. അക്കാദമിക കാര്യങ്ങളിൽ അക്കാദമിക് കൗൺസിലാണ് പരമാധികാര സഭ. സിൻഡിക്കേറ്റിന് പോലും അക്കാദമിക് കൗൺസിലിന്റെ അന്തിമ തീരുമാനങ്ങൾ റദ്ദാക്കാൻ അവകാശമില്ല.

എന്നാൽ, സമീപകാലത്ത് മന്ത്രിയും സർക്കാർ ഉന്നതരും എക്സിക്യൂട്ടീവ് ഉത്തരവുകളിലൂടെ സർവ്വകലാശാലകളുടെ ഭരണത്തെ തങ്ങളുടെ നിക്ഷിപ്ത താൽപര്യങ്ങൾക്കായി ഉപയോഗിക്കാനും നിയന്ത്രിക്കാനും ശ്രമിച്ചുകൊണ്ടിരിക്കുന്നു. സാമ്പത്തിക സഹായം ചെയ്യുന്നതിന്റെ പേരിലാണ് സർക്കാർ ഈ കടന്നുകയറ്റം നടത്തുന്നത്. അതംഗീകരിയ്ക്കാനാവില്ല.

സർവ്വകലാശാലകളുടെ സ്വയംഭരണാവകാശമെന്നാൽ അധികാരത്തിന്റെ എല്ലാ ദൂഷിത വലയങ്ങളിൽ നിന്നുമുള്ള അക്കാദമികവും ഭരണപരവും സാമ്പത്തികവുമായ സ്വാതന്ത്ര്യമെന്നാണർത്ഥം. സർക്കാർ സെക്രട്ടേറിയറ്റിന്റെ ഭാഗമല്ല സർവ്വകലാശാലകൾ. ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെടുന്ന സമിതികളായിരിക്കണം സർവ്വകലാശാലകളുടെ എല്ലാ തലങ്ങളിലും ഭരണം നടത്തേണ്ടത്. അക്കാദമിക താൽപ്പര്യങ്ങളായിരിക്കണം സർവ്വപ്രധാനം. ബ്യൂറോക്രസിയ്ക്കോ, കക്ഷിരാഷ്ട്രീയ പ്രതിനിധികൾക്കോ സർവ്വകലാശാല ഭരണ നിർവ്വഹണ രംഗങ്ങളിൽ ഒരു പങ്കുമുണ്ടാകാൻ പാടില്ല. സെനറ്റും സിൻഡിക്കേറ്റും അക്കാദമിക് കൗൺസിലും ബോർഡ് ഓഫ് സ്റ്റഡീസുമാണ് സർവ്വകലാശാലകളുടെ സ്വയംഭരണസമിതികൾ. സെനറ്റാണ് പരമാധികാരസഭ, സിൻഡിക്കേറ്റല്ല എന്ന കാര്യം ഓർമ്മിപ്പിക്കട്ടെ.

സ്വയംഭരണാവകാശത്തെ സംബന്ധിച്ച ഇത്തരം അടിസ്ഥാന സങ്കൽപ്പങ്ങൾ വിദ്യാഭ്യാസ വകുപ്പ് മന്ത്രിയ്ക്കും ഇതര മന്ത്രിമാർക്കും മാത്രമല്ല, സർവ്വകലാശാലകളുടെ ഉന്നത സ്ഥാനങ്ങളിൽ വിരാജിക്കുന്നവർക്കുകൂടി ഉണ്ടാകേണ്ടതുണ്ട്. സർവ്വകലാശാലതല വിദ്യാഭ്യാസവും സർവ്വകലാശാലകൾ തന്നെയും കേന്ദ്രസർക്കാരിന്റെ ഫാസിസ്റ്റ് അക്രമണങ്ങൾക്കു വിധേയമായി അനുദിനം തകർന്നുകൊണ്ടിരിക്കുന്ന ഈ കാലത്ത് വിശേഷിച്ചും, സ്വയംഭരണാവകാശത്തിന്റെ കാതൽ എന്തെന്ന് തിരിച്ചറിഞ്ഞേ മതിയാകൂ. സമീപകാല വിവാദങ്ങൾ ബന്ധപ്പെട്ടവരുടെ കണ്ണ് തുറപ്പിക്കാൻ ഇടയാക്കിയിട്ടുണ്ടെങ്കിൽ അത്രയും നല്ലത്. ■

# പുതിയ വിദ്യാഭ്യാസനയം സൗജന്യവും സാർവ്വത്രികവുമായ വിദ്യാഭ്യാസം ഇല്ലാതാക്കും

കുട്ടികളിൽ അന്ധവിശ്വാസവും അശാസ്ത്രീയ കാഴ്ചപ്പാടുകളും സൃഷ്ടിക്കുന്നതും, സൗജന്യവും സാർവ്വത്രികവുമായ വിദ്യാഭ്യാസം പരിപൂർണ്ണമായി ഇല്ലാതാക്കുന്നതുമാണ് പുതിയ വിദ്യാഭ്യാസ നയമെന്ന് പ്രൊഫ. ജോർജ്ജ് ജോസഫ് അഭിപ്രായപ്പെട്ടു. ആൾ ഇന്ത്യാ സേവ് എജ്യൂക്കേഷൻ കമ്മിറ്റി എറണാകുളം ശിക്ഷക് സദനിൽ സംഘടിപ്പിച്ച 'കരട് ദേശീയ വിദ്യാഭ്യാസ നയം ഉയർത്തുന്ന വെല്ലുവിളികൾ' എന്ന വിഷയത്തിലുള്ള സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ലോക ബാങ്കിന്റെ വിദ്യാഭ്യാസ പദ്ധതിയായ ഡിപിഇപിയും എസ്എസ്എയും നടപ്പാക്കിയ ശേഷം നടത്തിയ പഠനങ്ങൾ കണ്ടെത്തിയത്, രാജ്യത്തെ ഏകദേശം 47% കുട്ടികൾക്കും എഴുതുവാനും വായിക്കുവാനുമറിയില്ല എന്നും അടിസ്ഥാന ഗണിതബോധം ഇല്ല എന്നും ആണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.




സെമിനാറിൽ എം.ഷാജർഖാൻ വിഷയാവതരണം നടത്തുന്നു

ആൾ ഇന്ത്യാ സേവ് എജ്യുക്കേഷൻ കമ്മിറ്റി സംസ്ഥാന സെക്രട്ടറി എം.ഷാജർഖാൻ വിഷയാവതരണം നടത്തി. വിജ്ഞാനത്തിനുപകരം സാങ്കേതിക വിദ്യയും കാലഹരണപ്പെട്ട വിശ്വാസങ്ങളും കുട്ടികൾക്ക് പകർന്നു കൊടുക്കുന്നതും അതോടൊപ്പം വിദ്യാഭ്യാസത്തിന്റെ വാണിജ്യവത്ക്കരണവും ആണ് പുതിയ വിദ്യാഭ്യാസ നയം മുന്നോട്ടു വയ്ക്കുന്നതെന്ന് ഷാജർഖാൻ അഭിപ്രായപ്പെട്ടു.

സേവ് എജ്യുക്കേഷൻ കമ്മിറ്റി സംസ്ഥാനസമിതി അംഗം കെ.എസ്.ഹരികുമാർ അദ്ധ്യക്ഷത വഹിച്ചു. ഗവ.കോളേജ് ടീച്ചേഴ്സ് ഓർഗനൈസേഷൻ ജനറൽ സെക്രട്ടറി ഡോ. ബിജു ലോന, സി.ജയരാമൻ(ചൈൽഡ്), ഡോ.എൻ.സി. ഷെജ(സിഒസിഇഡി), നിഖിൽ സജി തോമസ് (എഐഡിഎസ്ഒ) എന്നിവർ വിദ്യാഭ്യാസ നയത്തിന്റെ വിവിധ വശങ്ങളെ വിശകലനം ചെയ്തു. ജില്ലാ കമ്മിറ്റി അംഗം കെ.ഒ.സുധീർ സ്വാഗതം ആശംസിച്ചു. നിലീനാ മോഹൻകുമാർ നന്ദി പ്രകാശിപ്പിച്ചു. ■

## വിദ്യാർത്ഥികൾക്കുമേൽ യുഎപിഎ ചുമത്തിയ കിരാത നടപടി പിൻവലിക്കുക – എഐഡിഎസ്ഒ

മാവോയിസ്റ്റ് അനുകൂല നോട്ടീസ് കൈവശം വെച്ചുവെന്ന പേരിൽ കോഴിക്കോട് രണ്ട് വിദ്യാർത്ഥികൾക്കെതിരെ യുഎപിഎ ചുമത്തിയ നടപടി പരിഷ്കൃത സമൂഹത്തിന് നിരക്കുന്നതല്ലെന്നും ഉടൻ പിൻവലിക്കണമെന്നും എഐഡിഎസ്ഒ സംസ്ഥാന പ്രസിഡന്റ് ബിനുബേബി പത്രക്കുറിപ്പിൽ ആവശ്യപ്പെട്ടു.

'ഇടതുപക്ഷ'സർക്കാരിന്റെ കാലത്ത് കേരളത്തിൽ ഇത്തരമൊരു നടപടിയുണ്ടായത് നിർഭാഗ്യകരമാണ്. യുഎപിഎ പോലെയുള്ള കരിനിയമങ്ങൾ പ്രോത്സാഹിപ്പിക്കുന്ന പോലീസ് നയം അവസാനിപ്പിച്ചുകൊണ്ട് രണ്ട് വിദ്യാർത്ഥികളെയും മോചിപ്പിക്കുവാൻ ഫലപ്രദമായ നടപടിയെടുക്കുവാൻ സർക്കാർ തയ്യാറാകണം. സമീപകാലത്തായുണ്ടാകുന്ന പോലീസ് നടപടികൾ ആശങ്കാജനകമാണ്.

ഒരു വശത്ത് വാളയാർ കേസും യൂണിവേഴ്സിറ്റി കോളേജ് കേസുമെല്ലാം അട്ടിമറിച്ച് ക്രിമിനലുകളെ സംരക്ഷിക്കുമ്പോൾ, മറുവശത്ത് അന്വേഷണം നടത്തി തെളിവുകൾ കണ്ടെത്താതെ വിദ്യാർത്ഥികളെ അറസ്റ്റ് ചെയ്യുന്നു.

വിദ്യാർത്ഥികളെ മർദ്ദിച്ചുവെന്നും ഇവർക്ക് മാവോയിസ്റ്റ് ബന്ധമില്ലെന്നും മറിച്ച് സിപിഐ(എം) പ്രവർത്തകരാണെന്നും ഇവരുടെ രക്ഷിതാക്കൾ പറയുന്നു. എന്നാൽ ഉത്തരവാദിത്വത്തോടെയുള്ള ഒരു പ്രതികരണം പോലും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ബിജെപി സർക്കാർ കേന്ദ്രതലത്തിൽ നടപ്പിലാക്കുന്ന ഫാസിസ്റ്റ് നടപടികൾ തന്നെയാണ് കേരളത്തിൽ പിണറായി സർക്കാരും പിന്തുടരുന്നതെന്നും ബിനുബേബി അഭിപ്രായപ്പെട്ടു. പോലീസ് അതിക്രമങ്ങൾ ചെറുക്കാൻ ജനാധിപത്യ വിശ്വാസികളും വിദ്യാർത്ഥി സമൂഹവും സമരരംഗത്ത് വരണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. ■

*Date of publishing 01/11/2019*
REGISTERED. R.N. 24773/1992
P.R.No. KL/TV(N)/452/2018-20

**UNITY** MALAYALAM MONTHLY

**November 2019**
Vol.46 No.8
Price : Rs 5.00

# അതിക്രമങ്ങൾക്കെതിരെ സ്ത്രീശക്തി
# സംസ്ഥാന വനിതാസമ്മേളനം



സംസ്ഥാന വനിതാസമ്മേളനത്തോടനുബന്ധിച്ച് തിരുവല്ല നഗരത്തിൽ നടന്ന പ്രകടനം

**അ**ഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടന(എഐഎംഎസ്എസ്) സംഘടിപ്പിച്ച അഞ്ചാമത് സംസ്ഥാന വനിതാ സമ്മേളനം ഒക്ടോബർ 25, 26,27 തീയതികളിൽ തിരുവല്ലയിൽ നടന്നു. 'അതിക്രമങ്ങൾക്കെതിരെ സ്ത്രീശക്തി' എന്ന സന്ദേശമുയർത്തി നടന്ന സമ്മേളനം, ആനുകാലിക കേരളീയ സമൂഹം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെയും സ്ത്രീകൾ പണിയെടുക്കുന്ന വിവിധ അസംഘടിത തൊഴിൽമേഖലകളെയും മുൻനിർത്തി പതിനേഴ് ആവശ്യങ്ങളെ മുൻനിർത്തിയുള്ള ഒരു പ്രക്ഷോഭ പരിപാടി എന്ന നിലയിലാണ് സംഘടിപ്പിക്കപ്പെട്ടത്. സമ്മേളനത്തിലെ ജനപങ്കാളിത്തവും സമ്മേളനത്തിന്റെ മുന്നോടിയായി രൂപീകരിക്കപ്പെട്ട സ്വാഗതസംഘത്തിന് ലഭിച്ച പിന്തുണയും എഐഎംഎസ്എസ് ഉയർത്തിയ മുദ്രാവാക്യങ്ങളുടെ സ്വീകാര്യത വിളിച്ചോതുന്നതായിരുന്നു.

ഒക്ടോബർ 25ന്, സർക്കാർ ആശുപത്രിയുടെ മുന്നിൽനിന്നും പ്രൗഢഗംഭീരമായ വനിതാ റാലിയോടെ ആരംഭം കുറിക്കപ്പെട്ട സമ്മേളനം കവി കുരീപ്പുഴ ശ്രീകുമാർ ഉദ്ഘാടനം ചെയ്തു. മതവും ജാതിയും സാമുദായിക പരിഗണനകളും എന്തുതന്നെയായിരുന്നാലും രണ്ടാംതരം പൗരന്റെ പദവിയും അവകാശങ്ങളുമാണ് കേരളത്തിൽ സ്ത്രീകൾക്ക് ഉണ്ടായിരുന്നത് എന്ന് കുരീപ്പുഴ ശ്രീകുമാർ അഭിപ്രായപ്പെട്ടു. ഇന്ന് പ്രചാരത്തിലിരിക്കുന്ന പല നാടൻ പാട്ടുകളും കൊയ്ത്തുപാട്ടുകളും സ്ത്രീകൾ നിർമ്മിച്ചതാണ്. എന്നിരിക്കിലും എഴുത്തച്ഛനുള്ള കേരളത്തിന് എഴുത്തമ്മയില്ലാതെ പോയത് സ്ത്രീകളുടെ രണ്ടാംതരം സാമൂഹ്യ പദവിമൂലമാണ് എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഇന്നും കേരളത്തിൽ തുടർന്നുപോരുന്ന ഈ പാർശ്വവത്ക്കരണമാണ് സ്ത്രീ സമ്മേളനത്തിൽ ചർച്ചയാകേണ്ടതും പ്രതിവിധികളുണ്ടാകേണ്ടതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.



പൊതുസമ്മേളനം കവി കുരീപ്പുഴ ശ്രീകുമാർ ഉദ്ഘാടനം ചെയ്യുന്നു

എഐഎംഎസ്എസ് സംസ്ഥാന പ്രസിഡന്റ് മിനി കെ. ഫിലിപ്പ് അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ, അഖിലേന്ത്യ വൈസ് പ്രസിഡന്റ് ഷൈല കെ.ജോൺ, ജോയിന്റ് സെക്രട്ടറി ബി.ആർ.അപർണ, സ്വാഗത സംഘത്തെ പ്രതിനിധീകരിച്ച് പ്രൊഫ.ഫിലിപ്പ് എം.തോമസ്, പത്തനംതിട്ട പ്രസ്ക്ലബ് മുൻ പ്രസിഡന്റ് സാം ചെമ്പകത്തിൽ, വിളപ്പിൽശാല ജനകീയ സമിതി ജോയിന്റ് സെക്രട്ടറി മാധുരി സജീവ്, തിരുവനന്തപുരം ചെറുരശ്മി സെന്റർ ഡയറക്ടർ സിസ്റ്റർ മേഴ്സി മാത്യു, പൊന്തൻപുഴ വലിയകാവ് വനസംരക്ഷണ സമരസമിതി നേതാവ് ജയിംസ് കണ്ണിമല, പ്രൊഫ. ബിജി എബ്രഹാം, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം ജയ്സൺ ജോസഫ് തുടങ്ങിയവർ പ്രസംഗിച്ചു. സ്വാഗതസംഘം കൺവീനർ എസ്.രാധാമണി സ്വാഗതം ആശംസിച്ചു. അഡ്വ.എം.എ.ബിന്ദു കൃതജ്ഞത രേഖപ്പെടുത്തി. സമ്മേളനത്തെത്തുടർന്ന് എം.എസ്. മധുവും സംഘവും അവതരിപ്പിച്ച 'കൗമാരം' എന്ന കാക്കാരശ്ശി നാടകം മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വിപത്തുകളിലേയ്ക്ക് വിരൽചൂണ്ടുന്നതായിരുന്നു.

ഒക്ടോബർ 26ന്, തിരുവല്ലയിൽ ഡോ.ജോസഫ് മാർത്തോമ ക്യാമ്പ് സെന്ററിൽ ആരംഭിച്ച പ്രതിനിധി സമ്മേളനം എഐഎംഎസ്എസ് അഖിലേന്ത്യ ജനറൽ സെക്രട്ടറി കേയ ഡേ ഉദ്ഘാടനം ചെയ്തു. കാലികസമൂഹത്തിലെ പ്രശ്നങ്ങളെ വിശകലനം ചെയ്ത് വരുംദിനങ്ങളിലെ പ്രവർത്തനങ്ങൾക്ക് വഴിതെളിച്ചെടുത്തുകൊണ്ടുള്ള രാഷ്ട്രീയ പ്രമേയവും സംഘടനാ റിപ്പോർട്ടും സമ്മേളനത്തിൽ ചർച്ചയ്ക്കെടുക്കപ്പെട്ടു. രാഷ്ട്രീയ പ്രമേയം അഡ്വ.എം.എ.ബിന്ദുവും സംഘടനാ റിപ്പോർട്ട് സംസ്ഥാന സെക്രട്ടറി കെ.എം.ബീവിയും അവതരിപ്പിച്ചു. മദ്യത്തിനും മയക്കുമരുന്നിനും എതിരായ പ്രമേയവും തൊഴിൽ നിയമഭേദഗതികൾക്കെതിരെയുള്ള പ്രമേയവും അസംഘടിതതൊഴിൽ മേഖലകളിൽ സ്ത്രീകളുടെ സുരക്ഷിതത്വം ഉറപ്പാക്കണം എന്നാവശ്യപ്പെടുന്ന പ്രമേയവും സമ്മേളനം ചർച്ചയ്ക്കെടുത്തു. പ്രമേയങ്ങൾ യഥാക്രമം സി.ജി.ആശാദേവി, അഡ്വ.ഇ.എൻ.ശാന്തിരാജ്, എസ്.മിനി എന്നിവർ അവതരിപ്പിച്ചു. പ്രതിനിധികൾ ആവേശപൂർവ്വം ചർച്ചയിൽ പങ്കെടുത്തു. ആദ്യന്തം ആവേശോജ്ജ്വലമായിരുന്ന സമ്മേളനം വരുംദിനങ്ങളിലെ പ്രവർത്തനങ്ങൾക്കുള്ള ഈടുറ്റ അടിത്തറയായി മാറി. സൗഭാഗ്യലക്ഷ്മി പ്രസിഡന്റും കെ.എം.ബീവി സെക്രട്ടറിയുമായി സംസ്ഥാന കമ്മിറ്റിയെയും സമ്മേളനം തെരഞ്ഞെടുത്തു. ■



പ്രതിനിധി സമ്മേളനം എഐഎംഎസ്എസ് അഖിലേന്ത്യ ജനറൽ സെക്രട്ടറി കേയ ഡേ ഉദ്ഘാടനം ചെയ്യുന്നു

## ജനകീയ സമരനേതാക്കളുടെ സംഗമം

**പ്ര**തിനിധി സമ്മേളനത്തിന്റെ ആദ്യദിനം നടന്ന ജനകീയ സമരനേതാക്കളുടെ സംഗമം ഒരു നൂതന അനുഭവമായിരുന്നു.

സംഗമം ജോസഫ് സി.മാത്യു ഉദ്ഘാടനം ചെയ്തു. ജനകീയ സമരരംഗങ്ങളിൽ രാഷ്ട്രീയ പാർട്ടികളുടെ അഭാവം ഇന്ന് കേരളത്തിൽ ഏറെ ശ്രദ്ധേയമാണ് എന്ന് ജോസഫ് സി.മാത്യു അഭിപ്രായപ്പെട്ടു. ജനങ്ങളുടെ പ്രശ്നങ്ങൾക്ക് നിയമപരമായ പരിഹാരങ്ങളെക്കാളുപരി രാഷ്ട്രീയ പരിഹാരമാണ് വേണ്ടത്. സമരങ്ങൾ ജനങ്ങളുടെ ബദൽ രാഷ്ട്രീയമാണെന്നും അദ്ദേഹം സൂചിപ്പിച്ചു. ജനസമരങ്ങൾക്ക് തുടർച്ചയുണ്ടാകണമെന്നും അവയ്ക്ക് രാഷ്ട്രീയ തീരുമാനങ്ങളെ സ്വാധീനിക്കാൻ കഴിയണമെന്നും ജോസഫ് സി.മാത്യു കൂട്ടിച്ചേർത്തു.



ജോസഫ് സി.മാത്യു ജനകീയ സമരനേതാക്കളുടെ സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു

കേരള സംസ്ഥാന മദ്യവിരുദ്ധ ജനകീയ സമരസമിതി സംസ്ഥാന പ്രസിഡന്റ് പ്രൊഫ.സൂസൻ ജോൺ, ജയിംസ് കണ്ണിമല, എൻടിയുഐ സംസ്ഥാന ജോ.സെക്രട്ടറി പി.കൃഷ്ണമ്മാൾ, അഡ്വ.ജസ്സി സജൻ, കെഎംഎസ്റ്റിയുവിനുവേണ്ടി കെ.പി.സുബൈദ, കെയുഎസ്ടിഒ സംസ്ഥാന സെക്രട്ടറി വിദ്യ ആർ.ശേഖർ, പൊന്തൻപുഴ വലിയകാവ് വനസംരക്ഷണ പട്ടയസമരസമിതി കൺവീനർ സന്തോഷ് പെരുമ്പട്ടി, ആശാ ഹെൽത്ത് വർക്കേഴ്സ് അസ്സോസിയേഷൻ ജനറൽ സെക്രട്ടറി അഡ്വ.എം.എ.ബിന്ദു, പ്രീപ്രൈമറി ടീച്ചേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ഓർഗനൈസേഷനുവേണ്ടി ഷൈന ടീച്ചർ, സ്വാഗതസംഘം ചെയർമാൻ ഡോ.സൈമൺ ജോൺ, ഡോ.ഡി.സുരേന്ദ്രനാഥ്, ഐഎൻപിഎ സംസ്ഥാന വൈസ് പ്രസിഡന്റ് എം.വി.ചെറിയാൻ, അശ്വതി ഹരിദാസ്, ചെങ്ങറ സമരഭൂമിയുടെ പ്രതിനിധി സുരേഷ് കുമാർ, ഐഎൻപിഎ ജില്ലാ കമ്മിറ്റിയംഗം തിലകമ്മ ഗോപാലകൃഷ്ണൻ, ആറന്മുള മിച്ചഭൂമി സമരസമിതി പ്രതിനിധി ശരണ്യ രാജ്, മുള്ളനിക്കാട് കുടിവെള്ള സമരസമതി പ്രതിനിധി അജിത് ആർ, മുറികല്ലുംപുറം സമരസമിതി കൺവീനർ സന്ധ്യ സുനീഷ്, കരിമണൽഖനന വിരുദ്ധ ജനകീയ സമരസമിതി നേതാവ് ആർ.പാർത്ഥസാരഥി വർമ്മ, എഐഡിഎസ്ഒ സംസ്ഥാന പ്രസിഡന്റ് ബിനു ബേബി തുടങ്ങിയവർ പ്രസംഗിച്ചു.

ആദ്യന്തം സമരാവേശം തുടിച്ചുനിന്ന വേദിയിൽ പോരാട്ട പാതയിൽ യോജിച്ച് മുന്നോട്ടുപോകുമെന്ന് സമരനേതാക്കൾ പരസ്പരം ഉറപ്പു നൽകി. ■

Edited, Printed & Published by V.Venugopal, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C). Printed at Cochin Printech Pvt Ltd, Kochi.